# സത്യദൂതൻ

2020 ഡിസംബർ | ലക്കം 12

വില ₹ 30



**യേശുവിന്റെ തിരുപിറവി: തെറ്റായ സ്ഥലകാലങ്ങൾ**

**ട്രംപ് അരങ്ങൊഴിഞ്ഞു**

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly

لا إله إلا الله محمد رسول الله

# സത്യദൂതൻ

2020 ഡിസംബർ
ഹി.ശ.1400 - ഫത്ഹ്
1442 റ.ഉ. ആഖിർ - ജമാദുൽ അവ്വൽ
പുസ്തകം 92 ലക്കം 12
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
പ്രഭാഷണം
**വിശ്വശാന്തിയുടെ സുവർണ്ണ തത്വങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
സൗത്ത് ലണ്ടനിലെ ബൈത്തുൽ ഫുതൂഹ് മോസ്കിൽ 5 വർഷങ്ങൾക്ക് മുമ്പ് 2015 മാർച്ച് 15ന്ന് നടന്ന 12-ാമത് വാർഷിക പീസ് സിംബോസിയത്തിൽ നിർവ്വഹിച്ച മുഖ്യപ്രഭാഷണം.

**11**
**പ്ളേഗ് :**
**ഒരു സത്യദൃഷ്ടാന്തം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**17**
**യേശുവിന്റെ തിരുപിറവി:**
**തെറ്റായ സ്ഥലകാലങ്ങൾ**
എ.എം. മുഹമ്മദ് സലീം

**21**
ഭാഗം - 4
**ഹദ്റത്ത് ഇമാം ഹുസൈൻ(റ):**
**ശഹാദത്തും ചരിത്ര പശ്ചാത്തലവും**
റഫീക്ക് അഹ്മദ് മാത്തോട്ടം

**28**
ഭാഗം - 12
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ**
**സാഹിബ് ഭേരവി**
**(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))**
ഇബ്നു വഫാ ബേപ്പൂർ

**35**
**പകർച്ചവ്യാധികളും**
**ദൈവചിന്തയും**
എ. പി. മൊയ്തീൻ കോയ, കോഴിക്കോട്

**39**
കുറിപ്പുകൾ
**ട്രംപ് അരങ്ങൊഴിഞ്ഞു**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അവരിൽ നിന്നും പല വിഭാഗക്കാർക്കും നാം ഐഹിക ജീവിതത്തിന്റെ അലങ്കാരങ്ങൾ നൽകി സുഖസൗകര്യങ്ങൾ അനുഭവപ്പെടുത്തിക്കൊടുത്തതിന്ന് നേരെ നീ കണ്ണുകളുയർത്തരുത്.(20:131) ഏതൊന്ന് കൊണ്ട് അല്ലാഹു നിങ്ങളിൽ ചിലരെ മറ്റു ചിലരെക്കാൾ ശ്രേഷ്ഠരാക്കിയിരിക്കുന്നുവോ അത് നിങ്ങൾ കൊതിക്കരുത്. (4:33)



## നബിവചനം

അബുദർദാഅ് (റ) നിവേദനം: റസൂൽ തിരുമേനി ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു: നിങ്ങൾ എന്നെ ദുർബലരുടെയും ദരിദ്രരുടെയും ഇടയിൽ അന്വേഷിക്കുക. തീർച്ചയായും നിങ്ങൾക്ക് ഭക്ഷണം നൽകപ്പെടുന്നതും നിങ്ങൾക്ക് സഹായം നൽക്കപ്പെടുന്നതും നിങ്ങളുടെ ഇടയിലുള്ള ബലഹീനർ നിമിത്തമാണ്. (തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം

### ദൈവത്തിന്റെ സ്നേഹം



സുകൃതവാന്മാരായ ദാസരെയല്ലാതെ അല്ലാഹു ആരെയും ഗണ്യമാക്കാറില്ല. നിങ്ങൾ പരസ്പരം സൗഭ്രാത്രവും സ്നേഹവും പുലർത്തുവീൻ എല്ലാതരത്തിലുള്ള കളിയാക്കലുകളിൽ നിന്നും പരിഹാസോക്തികളിൽ നിന്നും നിങ്ങൾ പൂർണ്ണമായും അകന്നു കൊള്ളുവീൻ. പരിഹാസം മനുഷ്യന്റെ ഹൃദയത്തെ സത്യത്തിൽ നിന്നും അകറ്റിക്കളയുകയും എങ്ങോ കൊണ്ടെത്തിക്കുകയും ചെയ്യും. നിങ്ങൾ പരസ്പരം ആദരവോടെ പെരുമാറുവീൻ ഒരുത്തരും തന്റെ സുഖാശ്വാസത്തേക്കാൾ തന്റെ സഹോദരന്റെ സുഖാശ്വാസത്തെ മുന്തിക്കട്ടെ അല്ലാഹുവുമായി സത്യസന്ധമായ സന്ധിയുണ്ടാക്കുക. അവന്റെ അനുസരണത്തിലേക്ക് മടങ്ങുവിൻ. അല്ലാഹുവിന്റെ ക്രോധം ഭൂമിയിൽ ഇറങ്ങിക്കൊണ്ടിരിക്കുന്നു. പൂർണ്ണ നിലയിൽ തന്റെ കുറ്റങ്ങളിൽ നിന്നും പശ്ചാത്തപിച്ചു അവന്റെ സവിധത്തിൽ ഹാജരാവുന്നവൻ മാത്രമേ അതിൽ നിന്ന് രക്ഷപ്പെടുകയുള്ളൂ. (മൽഫൂസാത്ത്)

എഡിറ്റോറിയൽ

# സർവ്വ വലയിതമായ ദൈവ കാരുണ്യം


മനുഷ്യൻ അവന്റെ ഇഛകൊണ്ടോ കഴിവുകൊണ്ടോ അല്ല ഭൂമിയിൽ സൃഷ്ടിക്കപ്പെട്ടത്. അവന് ജീവിക്കാനുള്ള വെളിച്ചവും വായുവും വെള്ളവും വിഭവങ്ങളും പരിസ്ഥിതിയുമെല്ലാം മനുഷ്യൻ ഭൂജാതനാകുന്നതിന് മുമ്പ് ഇവിടെ ഒരുക്കപ്പെട്ടിരിക്കുന്നു. ഇതെല്ലാം ദൈവത്തിന്റെ മഹത്തായ കാരുണ്യമല്ലാതെ മറ്റെന്താണ്? ദിനേന മുറതെറ്റാതെ ഉദിക്കുന്ന സൂര്യനും കൃത്യമായി കറങ്ങുന്ന ഭൂമിയും ഈ കണ്ടുകാണപ്പെട്ട പ്രപഞ്ച വ്യവസ്ഥയുടെ സൃഷ്ടിപ്പിലും അതിന്റെ ചലനങ്ങളിലും മനുഷ്യന്റെ കരങ്ങൾക്ക് യാതൊരു പങ്കുമില്ല. മനുഷ്യൻ ദൈവത്തിന്റെ വഴിഞ്ഞൊഴുകുന്ന ഈ കാരുണ്യത്തിന്റെ നിസ്സഹായനായ ഗുണഭോക്താവും ആ കാരുണ്യ സരണയിലെ കേവലം ഒരു പരാദവും മാത്രമാണ്. ആത്മീയ പൂർണ്ണതക്ക് വേണ്ടി സോദ്ദേശ്യം സൃഷ്ടിക്കപ്പെടുന്ന മനുഷ്യനെ ശിക്ഷിക്കുന്നത് പോലും ദൈവത്തിന്റെ കാരുണ്യ പ്രകടനമാണ്. മനുഷ്യൻ ഉണ്ടാക്കിത്തീർത്ത കളങ്കങ്ങൾ സ്പുടം ചെയ്ത് ശുദ്ധീകരിക്കാനുള്ള ഒരു ഇടമാണ് നരകം. അല്ലാഹു പറയുന്നു: **'എന്റെ കാരുണ്യം എല്ലാറ്റിനേയും വലയം ചെയ്യുന്നു'(അഅ്റാഫ് 7:157)** പാപഭാരം കൊണ്ട് നിരാശരായിപ്പോകുന്ന ആത്മാക്കളെ സാന്ത്വനിപ്പിച്ചു കൊണ്ട് അല്ലാഹു പറയുന്നു: **'തങ്ങളുടെ സ്വന്തം ആത്മാക്കളോട് അമിതത്വം പ്രവർത്തിച്ച തന്റെ ദാസന്മാരെ, അല്ലാഹുവിന്റെ കാരുണ്യത്തെ കുറിച്ച് നിങ്ങൾ നിരാശപ്പെടരുത്. നിശ്ചയമായും അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുക്കുന്നവനും കരുണാമയനുമാകുന്നു.' (അസുമർ 39: 54)**

എല്ലാ ജീവജാലങ്ങളുടെയും അത് അസ്തിത്വത്തിലേക്ക് വരുന്നതിന് മുമ്പ് തന്നെ അതിന്റെ വളർച്ചക്കും ജീവനത്തിനും ആവശ്യമായ കാര്യങ്ങൾ അവയുടെ യാതൊരു പങ്കുമില്ലാതെ യാതൊരു പ്രതിഫലവുമില്ലാതെ നിരുപാധികം കരുണയാൽ ദാനം ചെയ്യുന്നത് കൊണ്ടാണ് ദൈവത്തെ വിശുദ്ധ ഖുർആൻ **'റഹ്മാൻ'** എന്ന് വിശേഷിപ്പിക്കുന്നത്. ദൈവം സൽക്കർമ്മങ്ങൾക്ക് പ്രതിഫലം നൽകുന്നവനും ആരുടെ പ്രയത്നത്തെയും നിഷ്ഫലമാക്കിക്കളയാത്ത **'റഹീം'**മുമാണ്.

ദൈവം നിയമാനുസാരം പ്രവർത്തിക്കുന്ന ഒരു നീതിമാനല്ല. തന്റെ അടിയാറുകൾക്കായി അനന്തമായ കാരുണ്യവുമായി കാത്തുനിൽക്കുന്ന റഹ്മാനും റഹീമുമായ ഏകദൈവത്തെയാണ് ഇസ്ലാം പരിചയപ്പെടുത്തുന്നത്. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ദൈവത്തെ സംബന്ധിച്ച ഈ തത്വരഹസ്യം വെളിപ്പെടുത്തി പറയുന്നു:

'സർവ്വശക്തനായ ദൈവത്തെ സംബന്ധിച്ച് അവന്റെ മാലിക്കീ (യജമാനത്വം) ഗുണം മുൻനിർത്തി നമുക്ക് റഹീം എന്ന് വിളിക്കാം. എന്നാൽ നമുക്കവനെ നീതിമാൻ എന്ന് വിളിക്കാൻ സാദ്ധ്യമല്ല. ഒരാളുടെ യജമാനത്വത്തിന്നു കീഴിലുള്ള ആൾക്ക് തന്റെ യജമാനനിൽ നിന്നും നീതി അവകാശപ്പെടാൻ സാദ്ധ്യമല്ല. അവന് എളിമയോടെ കാരുണ്യത്തിന് വേണ്ടി അർത്ഥിക്കാൻ മാത്രമേ സാദ്ധ്യമാകൂ. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ സർവ്വശക്തനായ ദൈവത്തിന് നീതിമാൻ എന്ന അഭിധാനം ചാർത്തി നൽകാത്തത്. കാരണം നീതി പരസ്പരമുള്ള സമത്വമാണ് അവകാശപ്പെടുന്നത്..........നാം ആവർത്തിച്ചു ദൃഢീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് പോലെ മാലിക്കിയത്തിന്റെ ഗുണവും നീതിയുടെ ഗുണവും പരസ്പരം പൊരുത്തപ്പെടുകയില്ല. അവനാൽ സൃഷ്ടിക്കപ്പെട്ടവൻ എന്ന നിലക്ക് നമുക്ക് അവനിൽ നിന്നും നീതി ആവശ്യപ്പെടാൻ യാതൊരു അവകാശവുമില്ല. നാം കാരുണ്യത്തിന്ന് വേണ്ടി അവനോട് വിനയാന്വിതമായി അർത്ഥന നടത്തുകയാണ് ചെയ്യുന്നത്.' (ചശ്മെ മഅരിഫ. പേ. 32,34)

കരുണാമയനായ ദൈവത്തെ തിരിച്ചറിയാനും അവനെ ആരാധിക്കാനും നമുക്ക് സാധിക്കുമാറാകട്ടെ.



ഹദ്റത്ത് അഹ്മദ് (അ)

# യഥാർത്ഥ ദൈവത്തെ പ്രാപിക്കാൻ

മതം ആശ്ലേഷിക്കുന്നതുകൊണ്ടുള്ള യഥാർത്ഥ ഉദ്ദേശ്യം മോക്ഷത്തിന്റെ ഉറവിടമായ ദൈവത്തെ തന്റെ നേത്രങ്ങൾക്കൊണ്ട് ദർശിക്കുന്ന വിധത്തിൽ ദൃഢമായി വിശ്വസിക്കുക എന്നതാണ്. കാരണം പാപത്തിന്റെ അശുദ്ധമായ ആത്മാവ് മനുഷ്യനെ നശിപ്പിക്കാൻ ആഗ്രഹിക്കുന്നു. അപരാധികൾക്ക് ശിക്ഷ നൽകുന്നവനും ഭക്തന്മാർക്ക് സന്തോഷം നൽകുന്നവനുമായ ഒരു ദൈവമുണ്ടെന്ന് അറിയുകയും ജീവനുള്ളവനും പരിപൂർണ്ണനുമായ ആ ദൈവത്തിൽ ദൃഢവിശ്വാസം ഉണ്ടാവുകയും ചെയ്യുന്നത് വരെ പാപത്തിന്റെ വിനാശകരമായ വിഷയത്തിൽ നിന്ന് മനുഷ്യന്ന് ഒരു പ്രകാരത്തിലും രക്ഷപ്പെടാൻ സാദ്ധ്യമല്ല. ഹാനികരമായ ഒരു വസ്തുവിനെക്കുറിച്ച് ഒരാൾക്ക് വ്യക്തമായി മനസ്സിലാക്കിക്കഴിഞ്ഞാൽ അയാൾ ആ വസ്തുവിന്റെ സമീപത്തേക്ക് പോകുകയില്ല എന്നത് നാം സാധാരണയായി കണ്ടുവരാറുള്ള സംഗതിയാണല്ലോ. ഉദാഹരണമായി ആരും തന്നെ അറിഞ്ഞുകൊണ്ട് വിഷം കഴിക്കുകയോ ക്രുദ്ധനായ വ്യാഘ്രത്തിന് മുമ്പിൽ ചെന്ന് നിൽക്കുകയോ പാമ്പിൻ മാളത്തിൽ കൈയ്യിടുകയോ ചെയ്യാറില്ല. പിന്നെ എന്തു കൊണ്ട് മനപ്പൂർവ്വം പാപം ചെയ്യുന്നു? ഇതിന്റെ പ്രധാന കാരണം മറ്റു വസ്തുക്കളെകുറിച്ച് വ്യക്തമായ അറിവുള്ളത് പോലെ ദൃഢമായ വിശ്വാസം അല്ലാഹുവിൽ ഇല്ലായെന്നതാണ്. അതിനാൽ അല്ലാഹുവിൽ ദൃഢ വിശ്വാസം കരസ്ഥമാക്കാനും അവനെ ഭയപ്പെടുന്നതിനും, പാപത്തിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടിയും ദൃഢവിശ്വാസം കരസ്ഥമാക്കാൻ സാധിക്കുന്ന മതത്തെ സ്വീകരിക്കുക എന്നതാണ് മനുഷ്യന്റെ പ്രധാനമായ കടമ. എന്നാൽ അപ്രകാരമുള്ള ദൃഢവിശ്വാസം എങ്ങനെയാണ് കരസ്ഥമാക്കുക? വെറും കഥകളിലൂടെയോ ബുദ്ധിയുടെ യുക്തി ന്യായം കൊണ്ടോ മാത്രം ഇത് ഒരിക്കലും ആർജ്ജിച്ചെടുക്കാൻ സാധ്യമല്ല. ഈ ദൃഢവിശ്വാസം കരസ്ഥമാക്കുന്നതിന്ന് ഒരേയൊരു മാർഗ്ഗമേയുള്ളൂ എന്ന കാര്യം മനസ്സിലാക്കുക. അത് മനുഷ്യൻ ദൈവഭാഷണം മുഖേന അവന്റെ അനന്യസാധാരണമായ അടയാളങ്ങൾ ദർശിക്കുകയോ നിരന്തരമായ അനുഭവ ജ്ഞാനത്തിലൂടെ അവന്റെ മഹത്വത്തിലും ശക്തി പ്രഭാവത്തിലും ദൃഢമായി വിശ്വസിക്കുകയോ ചെയ്യുക. അല്ലെങ്കിൽ ഈ പദവി ആർജ്ജിച്ചവരുടെ കൂടെ സഹവസിക്കുകയോ ചെയ്യുക എന്നതാണ്. (നസീമെ ദഅ്വത്ത് )

മതത്തിന്റെ ഉദ്ദേശ്യമെന്താണ്? അല്ലാഹുവിന്റെ സത്തയിലും അവന്റെ സർവ്വഗുണത്തിലും ദൃഢമായി വിശ്വസിച്ചു കൊണ്ട് ശാരീരിക വികാരങ്ങളിൽ നിന്ന് മനുഷ്യൻ മോചനം നേടുകയും അല്ലാഹുവുമായി വ്യക്തിപരമായ നിലയിൽ ഒരു സ്നേഹം ഉണ്ടാകുകയും ചെയ്യുക എന്നതാണ്. യഥാർത്ഥത്തിൽ ഈ സ്വർഗ്ഗമാണ് മരണാനന്തരം വിവിധ രൂപങ്ങളിൽ വെളിപ്പെടുന്നത്. അതുപോലെ യഥാർത്ഥ ദൈവത്തെക്കുറിച്ച് ബോധവാനാകാതെ അവനിൽ നിന്ന് ദൂരപ്പെടുകയും അവനുമായുള്ള സത്യമായിട്ടുള്ള സ്നേഹം സ്ഥാപിക്കാതിരിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥത്തിലുള്ള നരകം. ഈ നരകം മരണാനന്തരം വിവിധ രൂപങ്ങളിൽ പ്രകടമാകുന്നു. ദൈവത്തിന്റെ സത്തയിൽ ദൃഢമായ വിശ്വാസവും സമ്പൂർണ്ണ സ്നേഹവും കരസ്ഥമാക്കുക എന്നതാണ്. ഈ മാർഗ്ഗത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം എന്നാൽ ഇനി മനസ്സിലാക്കേണ്ടത്, ഏത് മതവും ഏത് ഗ്രന്ഥവും മുഖേനയാണ് ഉദ്ദേശം സഫലീകൃതമാവുന്നുവെന്നാണ്. ഇതിനായി ബൈബിൾ നൽകുന്ന മറുപടി ദൈവിക ഭാഷണത്തിന്റെ കവാടങ്ങൾ അടഞ്ഞിരിക്കുകയും ദൃഢവിശ്വാസത്തിന്റെ മാർഗ്ഗങ്ങൾ തടയപ്പെട്ടിരിക്കുകയാണെന്നും സംഭവിച്ചതെല്ലാം മുമ്പേ സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. ഇനി ഭാവിയിൽ ഒന്നും തന്നെ സംഭവിക്കാനില്ല എന്നുമാണ് ഇങ്ങനെയുള്ള ഗ്രന്ഥത്തിൽ നിന്ന് എന്ത് പ്രയോജനമാണ് നമുക്ക് എടുക്കാൻ സാധിക്കുക? ഇങ്ങനെയുള്ള മരിച്ച ദൈവത്തിൽ നിന്ന് എന്ത് അനുഗ്രഹമാണ് നമുക്ക് ലഭിക്കുക? (ചശ്മെ മസീഹ്.)

സൗത്ത് ലണ്ടനിലെ ബൈത്തുൽ ഫുതൂഹ് മോസ്കിൽ 5 വർഷങ്ങൾക്ക് മുമ്പ് 2015 മാർച്ച് 15ന്ന് നടന്ന 12-ാമത് വാർഷിക പീസ് സിംബോസിയത്തിൽ നിർവ്വഹിച്ച മുഖ്യപ്രഭാഷണം.

# വിശ്വശാന്തിയുടെ സുവർണ്ണ തത്വങ്ങൾ




**ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്** (അയ്യദഹു...)

ബഹുമാന്യ അതിഥികളെ അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വബറക്കാത്തുഹു. അല്ലാഹുവിന്റെ ശാന്തിയും സമാധാനവും നിങ്ങളിലെല്ലാവരിലും ഉണ്ടാവട്ടെ.

ഈ സായാഹ്നത്തിൽ ഞങ്ങളോടൊപ്പം ഇവിടെ ചേർന്ന എല്ലാ വിശിഷ്ട അതിഥികൾക്കും എന്റെ അഗാതമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഈ വർഷം കേവലം അഞ്ച് മാസത്തെ ഇടവേളക്ക് ശേഷമാണ് പീസ് സിംബോസിയം സംഘടിപ്പിക്കുന്നത്. താരതമ്യേന ഈ കുറഞ്ഞ സമയ പരിധികഴിഞ്ഞ് വീണ്ടും ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ഇവിടെ എത്തിയ നമ്മുടെ ചിരകാല സുഹൃത്തുക്കളോട് ഞാൻ പ്രത്യേകം നന്ദിയുള്ളവനാണ്. ലോകസമാധാനത്തെ സംബന്ധിച്ച അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ വീക്ഷണം മനസ്സിലാക്കാനും അത് സംബന്ധിച്ച് നടത്തുന്ന ശ്രമങ്ങൾ എന്തെന്നറിയാനുമായിരിക്കും നിങ്ങൾ ഇവിടെ എത്തിചേരാനുള്ള കാരണങ്ങളിലൊന്ന് എന്ന് ഞാൻ വിശ്വസിക്കുന്നു.

കഴിഞ്ഞ പീസ് സിംബോസിയത്തിൽ പറയപ്പെട്ട കാര്യങ്ങൾക്ക് എന്തെങ്കിലും ഗുണപരമായ ഫലങ്ങളും നേട്ടങ്ങളും ഉണ്ടായിട്ടുണ്ടോ എന്നറിയാൻ നിങ്ങളിൽ ചിലർ ഉത്സുകരായിരിക്കും എന്ന് കൂടി ഞാൻ വിശ്വസിക്കുന്നു. അത്തരം കാര്യങ്ങളിൽ താൽപര്യം കാണിക്കുന്നത് നല്ലകാര്യമാണ്. തീർച്ചയായും സമാധാനം സ്ഥാപിക്കുന്നതിനായി നടത്തുന്ന ഏതൊരു ശ്രമവും വിജയകരവും അനുഗ്രഹീതവുമാണെന്ന് എല്ലാ ജനവിഭാഗങ്ങളും അഭിലഷിക്കേണ്ടതാണ്. എന്റെ വ്യക്തിപരമായ അഭിപ്രായം തീർച്ചയായും നമ്മുടെ ശ്രമങ്ങൾക്ക് ലോകത്ത് ഗുണപരമായ ഫലങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ്. എങ്കിലും സമാധാനത്തിന്ന്

വേണ്ടി നാം കൂട്ടായി അഭിലഷിക്കുന്നുണ്ടെങ്കിലും ലോകം കൂടുതൽ സംഘർഷങ്ങളിലേക്കും ക്രമരാഹിത്യങ്ങളിലേക്കും അന്ധകാരത്തിലേക്കും ഗതിവേഗം കൊള്ളുകയാണ്. ആശ്വാസകരമായ ഒരു കാര്യം കഴിഞ്ഞ പീസ് സിംമ്പോസിയം മുതൽ ശുഭാപ്തി വിശ്വാസം നൽകുന്ന ഒരു പ്രകാശകിരണം അകലെ നിന്നും ദൃശ്യമായിരിക്കുന്നു എന്നതാണ്.

കഴിഞ്ഞ പീസ് സിംബോസിയത്തിൽ ഞാൻ ഉന്നയിച്ച ഒരുകാര്യം ISIS അഥവാ IS എന്നീ പേരുകളിൽ അറിയപ്പെടുന്ന ഭീകരഗ്രൂപ്പുകൾക്കുള്ള ധന സഹായങ്ങളും സ്രോതസ്സുകളും അടിയന്തിരമായി വിഛേദിക്കപ്പെടുകയും അതിൽ ശ്രദ്ധകേന്ദ്രീകരിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട് എന്നായിരുന്നു. കഴിഞ്ഞ കുറച്ചു മാസങ്ങളായി ഏറ്റവും ഗുരുതരമായ ഈ പ്രശ്നം പരിഹരിക്കാനുള്ള ഉദ്യമങ്ങൾ നടന്നുവരുന്നുണ്ട്. ഞാൻ കാരണമാണ് ഇത് സംഭവിച്ചതെന്നോ ഞാൻ ഇത് ചൂണ്ടിക്കാട്ടിയത് കൊണ്ടാണ് ഈ നടപടിയെന്നോ എനിക്ക് അവകാശവാദമില്ല. ഉദാഹരണത്തിന് കഴിഞ്ഞ ഫെബ്രുവരിയിൽ ഐക്യരാഷ്ട്ര സഭയുടെ സെക്യൂരിറ്റി കൗൺസിലിൽ ISIS ധനസഹായം നൽകുന്നവരെ നേരിട്ട് ലക്ഷ്യം വെച്ച്കൊണ്ട് ഒരു പ്രമേയം ഐക്യകണ്ഠേന പാസ്സാക്കുകയുണ്ടായി. അതായത് അവർക്ക് ധനസഹായം നൽകുന്ന ഗ്രൂപ്പുകൾക്കും അവരിൽ നിന്നും നിയമവിരുദ്ധമായി എണ്ണ വാങ്ങുന്നവർക്കും ഏതെങ്കിലും വിധത്തിൽ വ്യാപാരം നടത്തുന്നവർക്കും ഉപരോധം ഏർപ്പെടുത്തും എന്നതായിരുന്നു ആ പ്രമേയം. പ്രമേയത്തിന്റെ അന്തസ്സത്ത ശരിയായ രീതിയിൽ നടപ്പാക്കിയെങ്കിൽ ഞാൻ ഇതിന്ന് മുമ്പ് പറഞ്ഞതുപോലെ ISIS നെ പരാജയപ്പെടുത്താൻ വർഷങ്ങൾ എടുക്കേണ്ടിവരാതെ തന്നെ അവരുടെ ക്രൂരതകൾക്ക് അറുതിവരുത്താൻ മാസങ്ങൾക്കകം സാധിക്കുന്നതാണ്.

ലോകത്ത് സമാധാനം സ്ഥാപിക്കാൻ മുസ്‌ലിം രാജ്യങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ എല്ലാ മുസ്‌ലിം രാജ്യങ്ങളും അവരുടെ സകല സഖ്യരാജ്യങ്ങളും പരമാവധി ഈ പ്രമേയത്തിൽ പറഞ്ഞകാര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്. തീർച്ചയായും ഈയൊരു പ്രശ്നത്തിൽ ഐക്യരാഷ്ട്ര സഭാ പ്രമേയത്തെ പൂർണ്ണമായി പിന്തുണച്ച് പ്രതിബദ്ധത കാട്ടേത് മുസ്‌ലിം ലോകത്തിന്റെ ഭാരിച്ച ഉത്തരവാദിത്വമാണ്. കാരണം ISIS സ്ഥാപിച്ചു എന്ന് പറയപ്പെടുന്ന രാഷ്ട്രമോ ഭരണകൂടമോ അതിനിന്ദ്യവും വന്യവുമായ അവരുടെ അത്യാചാരങ്ങൾ ഇസ്‌ലാമിന്റെ പേരിലാണ് നിർവ്വഹിക്കപ്പെടുന്നത്. ഇത് ഒരു യഥാർത്ഥ മുസ്‌ലിമിനെ അതീവ ദുഃഖിതനാക്കും. അതായത് ഇത്തരം ഹീനകൃത്യങ്ങളുമായി തങ്ങളുടെ മതത്തിന് യാതൊരു ബന്ധവുമില്ല എന്ന് അവർക്കറിയാം.

ഇയ്യിടെ ISIS ജയിലിലടച്ച ഫ്രഞ്ച് പത്രപ്രവർത്തകൻ 10 മാസം അവരുടെ തടങ്കലിലായിരുന്നു. മോചിതനാവുന്നതിന് മുമ്പുള്ള അദ്ദേഹത്തിന്റെ തടവുകാലത്തെ അനുഭവങ്ങൾ വിവരിച്ച്കൊണ്ട് ഒരു റിപ്പോർട്ട് വരികയുണ്ടായി. അതിൽ അദ്ദേഹത്തിന്റെ തടവുകാലത്ത് ഖുർആന്റെ ഒരു കോപ്പിപോലും അദ്ദേഹത്തിന്ന് കാണാനായില്ല എന്ന് പറഞ്ഞിരുന്നു. നിങ്ങൾ ആളുകളുടെ ശിരഛേദം ചെയ്യുന്നതും മറ്റു നിരവധി ക്രൂര കൃത്യങ്ങളും എങ്ങനെയാണ് ന്യായീകരിക്കുന്നത് എന്ന് ഫ്രഞ്ച് പത്രപ്രവർത്തകൻ ഭീകരവാദികളോട് ചോദിച്ചപ്പോൾ അവർക്ക് യാതൊരു ഉത്തരവും ഉണ്ടായിരുന്നില്ല. അവർ ആഗ്രഹിക്കുന്നത് പോലെ അവരുടെ ഇഛാശക്തി നടപ്പിൽ വരുത്തുകയാണ്. അത് തങ്ങൾ തുടരുമെന്നുമാണ് ഭീകരവാദികൾ നിന്നുണ്ടായ ലളിതമായ ഉത്തരം എന്നായിരുന്നു ഫ്രഞ്ച് പത്ര പ്രവർത്തകൻ പറഞ്ഞത് യുണൈറ്റഡ് കിംങ്ഡത്തിന് ഇക്കാര്യത്തിൽ പ്രത്യേക ജാഗ്രതവേണം. കാരണം പ്രസ്തുത ജേണലിസ്റ്റ് പറഞ്ഞ പ്രകാരം ബ്രിട്ടനിൽ നിന്നും സിറിയയിലേക്ക് യാത്രതിരിക്കുന്ന തീവ്രവാദികളാണ് മറ്റു തീവ്രവാദികളേക്കാൾ ഭീഭത്സവും അതിക്രൂരവുമായ ഭീകര പ്രവർത്തനങ്ങൾ അവിടെ നടത്തിക്കൊണ്ടിരിക്കുന്നത് എന്നാണ്.

വ്യക്തമായും ബ്രിട്ടീഷ് അധികാരികളെ സംബന്ധിച്ചേടത്തോളം ഇത് അതീവ ഗുരുതരമായ കാര്യമാണ്. തീവ്രവാദികളായി മാറുന്ന യുവതീ യുവാക്കൾ സിറിയയിലേക്കും ഇറാഖിലേക്കും യാത്ര ചെയ്യുന്നതായും തീവ്രവാദ സംബന്ധിയായ കുറ്റകൃത്യങ്ങൾക്ക് പിടിക്കപ്പെടുന്നതായും ദിനേനയെന്നോണം വാർത്തകൾ പ്രത്യക്ഷപ്പെടുന്നു. തീവ്രവാദവത്ക്കരണം ബ്രിട്ടനും യൂറോപ്പിനും മാത്രമല്ല. ലോകത്താകെ തീർച്ചയായും ഗുരുതരമായ ഒരു പ്രശ്നമാണ്. അത്കൊണ്ട് ഭരണകൂടങ്ങൾ അവരുടെ ഉത്ക്കണ്ഠയെകുറിച്ച് കൃത്യമായി മുറവിളി കൂട്ടുകയാണ്. ഈ പ്രശ്നം കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് അവർ സംവാദങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. എന്തുതന്നെയായാലും ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിന്ന് ഉചിതവും കൃത്യവുമായ നടപടികൾ ഇത്വരെ ആരും കൈകൊണ്ടിട്ടില്ല.

ഉദാഹരണത്തിന് പോലീസും ഇന്റലിജന്റ് ഏജൻസികളും സിറിയയിലേക്കും ഇറാഖിലേക്കും പോകുന്നവർ ശരിയായ നിരീക്ഷണത്തിന് വിധേയരാക്കപ്പെട്ടിട്ടില്ല എന്ന് സമ്മതിച്ചിരിക്കയാണ്. അവരെ അങ്ങനെ നിരീക്ഷണത്തിന് വിധേയരാക്കിയിരുന്നുവെങ്കിൽ അവർ രാജ്യം വിടുന്നത് തടയാമായിരുന്നു. എന്തായിരുന്നാലും ഞാൻ നേരത്തെ സൂചിപ്പിച്ചത്പോലെ ഇന്നത്തെ ഈ അവസ്ഥയിൽ മുസ്‌ലിം ലോകം മാത്രമല്ല ആശങ്കാകുലരാകേണ്ടത്. ഇത് മുഴുലോകത്തിന്നും ഒരു മുന്നറിയിപ്പാണ്. കാരണം വിദേശത്ത് പോവുന്ന തീവ്രവാദി തിരിച്ച് സ്വദേശത്തേക്ക് മടങ്ങിവരുമ്പോൾ അത്

സമൂഹത്തിന് അപകടകരവും ഗുരുതരവുമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ ശ്രഷിയുള്ള ഒന്നായി മാറുന്നു.

ISIS നോട് ചില ലോകനേതാക്കന്മാർ പ്രതികരിച്ചിട്ടുണ്ട്. എരി തീയ്യിൽ എണ്ണ ഒഴിക്കുന്നതിന് പകരം ചില മത രാഷ്ട്രീയ നേതാക്കന്മാർ പ്രതികരണങ്ങൾ ആശാവഹമാണ് അവർ വ്യക്തമായി പറഞ്ഞത്. ISIS ഓ മറ്റേതെങ്കിലും തീവ്രവാദി ഗ്രൂപ്പുകളോ ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളെ പ്രതിനിധീകരിക്കുന്നില്ല എന്നാണ്. ഉദാഹരണത്തിന്ന് ഈയ്യിടെ വാഷിംങ്ടണിൽ വെച്ച് നടത്തിയ ഒരു പ്രഭാഷണത്തിൽ അമേരിക്കൻ പ്രസിഡണ്ട് ഒബാമ പറഞ്ഞത്. തീവ്രവാദികൾ അവരുടെ സ്വന്തം മതത്തെ തന്നെയാണ് വഞ്ചിക്കുന്നത് എന്നാണ്. അവർക്ക് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ലെന്നും അദ്ദേഹം പറയുകയുണ്ടായി. ISIS പോലെയുള്ള ഭീകര സംഘങ്ങളുടെ പ്രവർത്തനങ്ങളെ ഇസ്‌ലാം അംഗീകരിക്കുന്നു എന്ന പ്രതീതി സൃഷ്ടിക്കുന്നതിനെതിരെ ന്യൂയോർക്കിലെ കത്തോലിക്കാ ആർച്ച് ബിഷപ്പ് തുറന്നെതിർക്കുകയുണ്ടായി.

ഭീകരവാദികളുടെ പ്രവർത്തനങ്ങളെ വ്യാജമായി ഇസ്‌ലാമുമായി ബന്ധിപ്പിച്ചു പറയുന്നതിനെതിരെ ചില വിശാല ഹൃദയരായ രാഷ്ട്രീയ നേതാക്കന്മാരും മതനേതാക്കന്മാരും പ്രതികരിക്കുകയുണ്ടായി. ഉദാഹരണമായി ജനുവരി മാസത്തിൽ പാരീസിലെ ചാർലി ഹെബ്ദോ (Charle Hebdo) എന്ന മാഗസിനെ ആക്രമിച്ചത് നിങ്ങൾ ശ്രദ്ധിച്ചുകാണും അത് തികച്ചും ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമായ ഭീഭത്സമായ ഒരു ആക്രമണമായിരുന്നു. ആ സംഭവത്തെ തുടർന്ന് പ്രസിദ്ധീകരണ സ്വാതന്ത്ര്യത്തിന്റെ പ്രശ്നമായിരുന്നു ഉയർന്നു വന്നത്. ഫ്രാൻസിസ് മാർപ്പാപ്പ ഇത് സംബന്ധിച്ച് പറഞ്ഞത്, ഒരു കൂട്ടർ മറ്റൊരു കൂട്ടരുടെ പ്രകോപിപ്പിക്കുകയോ അവരുടെ വിശ്വാസത്തെ നിന്ദിക്കുകയോ അരുത് എന്നാണ്. ഓരോ മതത്തിന്റേയും വിശ്വാസത്തിന്റേയും അന്തസ്സ് ബഹുമാനിക്കപ്പെടണമെന്നാണ്. നാം പൊതു നന്മക്ക് വേണ്ടിയാണ് സംസാരിക്കേണ്ടത്.

ബഹുമാന്യനായ മാർപാപ്പ വളരെ ഉചിതമായ രീതിയിൽ അക്കാര്യം മറ്റൊരു ഉദാഹരണത്തിലൂടെ പറയുകയുണ്ടായി. ഒരു ഉത്തമ സുഹൃത്തായാലും തന്റെ മാതാവിനെക്കുറിച്ച് മോശം വാക്കുകൾ പറഞ്ഞാൽ തിരിച്ച് അയാൾക്ക് ഒരു തൊഴി ലഭിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ മാർപാപ്പയുടെ ഈ അഭിപ്രായം വളരെ വിവേകപൂർണ്ണവും യുക്തി ഭദ്രവുമാണ്. മത സ്വാതന്ത്ര്യത്തേയും സഹിഷ്ണുതയേയും പിന്തുണക്കാൻ പോപ്പിന്റെ ഭാഗത്ത്നിന്നുള്ള ഒരു മഹനീയ ശ്രമവുമാണിത്. എന്തുതന്നെയായാലും തീവ്രവാദത്തിന്റെ പേരിലുള്ള ഏതുതരം വിദ്വേഷാത്മകമായ ആക്രമണത്തെയും അനീതിയേയും ന്യായീകരിക്കുന്നവർ എവിടെയായിരുന്നാലും എപ്പോഴായിരുന്നാലും അപലപിക്കപ്പെടേണ്ടവരാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത്തരം പ്രവർത്തികൾക്ക് ഇസ്‌ലാമിന്റെ യഥാർത്ഥത്തിലുള്ളതും സമാധാന പൂർണ്ണവുമായ അദ്ധ്യാപനങ്ങളുമായി യാതൊരു ബന്ധവുമില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചത് പോലെ തീവ്രവാദത്തിന്ന് വിരാമമിടാൻ നയതന്ത്രവിഗദ്ന്മാരും ഭരണകൂടങ്ങളും ഇപ്പോൾ എല്ലാവിധ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

എന്റെ വീക്ഷണത്തിൽ വൻശക്തികൾ പ്രാദേശിക ഭരണകൂടങ്ങളെ വിശ്വാസത്തിലെടുത്ത് അവരെ പിന്തുണക്കുകയും പരസ്പര വിശ്വാസം ഊട്ടിയുറപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. ഇതാണ് തീവ്രവാദം ഇല്ലാതാക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം. അങ്ങിനെ രണ്ടു രാജ്യങ്ങളും പര്സപരം അടുത്ത് സഹകരിച്ച് ഒരു സംയുക്ത തന്ത്രം രൂപീകരിച്ചുകൊണ്ട് അതിന്റെ വിദ്വേഷകലുഷിതമായ ആശയങ്ങൾ പ്രചരിക്കുന്നത് തടയിടാനാവും. പ്രാദേശിക ഭരണകൂടങ്ങളെ എതിർത്തുകൊണ്ട് അവിടെയുള്ള പ്രാദേശിക റിബലുകൾക്ക് സായുധ പരിശീലനവും ആയുധവും നൽകുന്നതിന്ന് പകരം അതായത് ഭരണകൂടങ്ങളെ സഹായിക്കുന്നതായിരിക്കും തീവ്രവാദത്തെ തടയാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം റിബലുകളെ സഹായിക്കുന്ന നയങ്ങൾ അതാത് രാജ്യങ്ങളിൽ നിലവിലുള്ള സംഘർഷങ്ങളും കലാപങ്ങളും ആളിക്കത്തിക്കാനായിരിക്കും ഉതകുക. തീർച്ചയായും ഈ നയത്തിന്റെ അപകടവും ഭോഷത്തരവും നാം കണ്ടുകഴിഞ്ഞതാണ്. കുറച്ച് കാലം മുമ്പ് ചില വൻ ശക്തികൾ സിറിയയിലെ പ്രതിപക്ഷ കക്ഷിയിലെ അംഗങ്ങൾക്ക് സൈനിക പരിശീലനം നൽകുകയുണ്ടായി. ആ റിബലുകൾ തങ്ങളുടെ പുതിയ ആയുധങ്ങളും സൈനിക പരിശീലനങ്ങളുമായി ഭീകരസംഘങ്ങളിലേക്ക് ചേക്കേറിയതായി പിന്നീട് വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെട്ടു. ഈ മുൻ അനുഭവം ഉണ്ടായിട്ടും ആയിരക്കണക്കിന്ന് സിറിയൻ റിബലുകൾക്ക് തുർക്കിയിലും ഖത്തറിലും സഊദി അറേബ്യയിലും സൈനിക പരിശീലനം നൽകാൻ പോകുന്നു എന്ന് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുകയാണ്.

വൻശക്തികൾ അവിടെയുള്ള പ്രാദേശിക ഭരണകൂടങ്ങളുമായി പരസ്പരബന്ധം സ്ഥാപിച്ച് അവരെ സഹായിച്ചുകൊണ്ടായിരിക്കണം അവരുടെ രാജ്യങ്ങളിൽ തീവ്രവാദം അടിച്ചമർത്തേണ്ടത്. ഇതായിരിക്കും ഏറ്റവും ഫലപ്രദമായ മാർഗ്ഗം. അതാത് രാജ്യത്തെ പൗരന്മാരോടു നീതി പൂർവ്വം പെരുമാറണമെന്ന് അവരുടെ അവകാശങ്ങൾ യാതൊരു വിധത്തിലും ഹനിക്കപ്പെടാൻ പാടില്ല എന്ന ഉറപ്പിലായിരിക്കണം തീവ്രവാദ പ്രശ്നമുള്ള രാജ്യങ്ങളിലെ ഗവൺമെന്റുകളെ പിന്തു

ണക്കേണ്ടത്. സിറിയയിലാവട്ടെ ഇറാഖിലാവട്ടെ മറ്റേതൊരു രാജ്യത്താവട്ടെ പൊതുജനം തങ്ങളുടെ ഗവൺമെന്റുകൾക്കെതിരെ തിരിഞ്ഞാൽ അത് ഒരു അധികാരശൂന്യതയിലേക്ക് ആ രാജ്യത്തെ തള്ളിവിടും. ഈ അവസ്ഥ തീവ്രവാദികൾ അവർക്ക് നേട്ടമുണ്ടാക്കാനായി വമ്പിച്ച തോതിൽ ചൂഷണം ചെയ്യും. ആ രാജ്യങ്ങളിലെ ജനങ്ങൾക്കിടയിലെ അരാചകത്വവും നിയമവാഴ്ച ഇല്ലായ്മയും ഭീകരവാദികൾക്ക് ചുവടുറപ്പിക്കാനുള്ള സാഹചര്യമുണ്ടാക്കുകയും അവർക്ക് പടർന്ന് പന്തലിക്കാനുള്ള അവസരം സൃഷ്ടിക്കുകയും ചെയ്യുന്നു. ഞാൻ പറഞ്ഞത്പോലെ യൂറോപ്പിൽനിന്നും, ആസ്ട്രേലിയയിൽനിന്നും ചൈനയിലും ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നുപോലും രാജ്യാതിർത്തികൾ കടന്നുകൊണ്ട് ISISൽ ചേരാൻ ആളുകൾ വന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ പ്രത്യാഘാതങ്ങൾ തീർച്ചയായും യൂറോപ്പിലും പടിഞ്ഞാറൻ നാടുകളിലും അനുഭവപ്പെടുന്നതായിരിക്കും. തീർച്ചയായും ഇതൊരു മുസ്‌ലിം പ്രശ്നം മാത്രമല്ല, ഇത് ഒരു ആഗോള പ്രശ്നമാണ്. ലോകം മുഴുവൻ സംഘർഷഭരിതമാക്കാൻ ശേഷിയുള്ള പ്രശ്നമാണ്.

ചുരുക്കത്തിൽ ഭീകരവാദത്തെ കടിഞ്ഞാണിടാനുള്ള ശ്രമങ്ങളൊന്നും ഫലപ്രദമാവുന്നില്ല. നമുക്ക് ലിബിയയിലെ പ്രശ്നം നോക്കാം. കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഗദ്ദാഫി ഭരണകൂടത്തെ പിഴുതുമാറ്റാൻ പ്രാദേശിക റിബലുകളെ ചില ശക്തികൾ സഹായിച്ചു. പക്ഷേ ഇത് എന്ത് നേട്ടമാണുണ്ടാക്കിയത്? ലിബിയൻ ജനതയുടെ ജീവിത നിലവാരത്തിൽ എന്തെങ്കിലും ഗുണം അതുകൊണ്ടുണ്ടായോ? തീർച്ചയായും ഇല്ല - ആ രാജ്യം ജനശൂന്യമായി, വിഭജിതമാവുകയും നശിപ്പിക്കപ്പെടുകയും ചെയ്തു. അത് ലിബിയയെ ഭീകരവാദത്തിന്റേയും അരക്ഷിതാവസ്ഥയുടെയും വിളനിലമായി മാറി. ഗദ്ദാഫിയുടെ ജന്മ നഗരംപോലും ISIS ബന്ധമുള്ള ഭീകരവാദികളാണ് നിയന്ത്രിക്കുന്നത് എന്ന് പറയപ്പെടുന്നു. ഈ പട്ടണം ഇറ്റലിയിൽ നിന്നും 300 മൈൽ മാത്രം അകലെയാണ് ഈ വിധത്തിൽ തീവ്രവാദികൾ യൂറോപ്പിന്റെ പടിവാതിൽക്കൽവരെ എത്തിക്കഴിഞ്ഞുവെന്നാണ് വിശകലന വിദഗ്ദർ പറയുന്നത്.

നാം കിഴക്കൻ യൂറോപ്പിലേക്ക് നോക്കുകയാണെങ്കിൽ അവിടെ തീവ്രവാദികളാവുന്ന ആളുകൾ സിറിയയിലേക്കോ ഇറാഖിലേക്കോ പോകുന്നില്ല. മാത്രമല്ല. അഫ്ഘാനിസ്ഥാനിലേയും പാകിസ്താനിലേയും ഭീകരസംഘങ്ങളിലേക്ക് ചേക്കേറിയാലും പാകിസ്താനും അഫ്ഘാനിസ്ഥാനും ദീർഘകാലമായി തീവ്രവാദവും ഭീകരവാദവും അടക്കിവാഴുന്ന അത്യന്തം അസ്ഥിരമായ രാജ്യങ്ങളാണ്. തുടർന്നുകൊണ്ടിരിക്കുന്ന ഈ പ്രശ്നവും ഉത്കണ്ഠയുളവാക്കുന്ന കാര്യമാണ്. നാം ആഫ്രിക്കയിലേക്ക് ശ്രദ്ധ തിരിക്കുകയാണെങ്കിൽ ബൊക്കോ ഹറാം, അൽ സഹാബ എന്നീ ഭീകര സംഘങ്ങൾ ഇസ്‌ലാമിന്ന് തികച്ചും വിരുദ്ധമായ അത്യന്തം ഭീഭത്സമായ ക്രൂരകൃത്യങ്ങളാണ് കാഴ്ച്ചവെച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രശ്നങ്ങളുടെ ദൂരവ്യാപകമായ ഫലങ്ങൾ ആഫ്രിക്കൻ രാജ്യങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല. അത് വിശാലമായ ലോകം മുഴുക്കെ പടരുന്നതാണ്. അരാചകത്വവും ക്രമരഹിതവും മുസ്‌ലിം രാജ്യത്ത് മാത്രമല്ല കാണപ്പെടുന്നത് ഉദാഹരണത്തിന്ന് ഉക്രൈനിലെ അവസ്ഥ അപരിഹാര്യമായി നിൽക്കുന്നതും അങ്ങേയറ്റം അപകടകരമാണ്. താൽക്കാലികമായ ഒരു വെടിനിർത്തൽ ഈയ്യിടെ ഒപ്പുവെച്ചിട്ടുണ്ട്. ഭാവിയിൽ യുദ്ധം അവസാനിക്കുമെന്നോ തുടരുമെന്നോ പറയാനാവില്ല. ഒരു പ്രദേശത്തുണ്ടാവുന്ന ഭീഷണിയെ കുറച്ചുകാണുന്നത് വൻ ശക്തികളെ സംബന്ധിച്ചേടത്തോളം ഹിതകരമല്ല. ശീതയുദ്ധം അവസാനിച്ച് ഇരുപത്തഞ്ച് വർഷങ്ങൾക്ക് ശേഷവും രാഷ്ട്രീയ സംഘങ്ങളും മറ്റു ഗുരുതരമായ പ്രശ്നങ്ങളും ഈ മേഖലയെ എങ്ങിനെ വലയം ചെയ്തു എന്നതിനെ കുറിച്ച് ധാരാളം എഴുതപ്പെടുകയും പറയപ്പെടുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക പ്രശ്നവും അതിലൊന്നാണ്. അത് ഇതുവരെ ചർച്ചചെയ്യപ്പെട്ടിട്ടില്ല.

നാം കാണുന്ന മറ്റൊരു പ്രശ്നം പല ഗവൺമെന്റുകളും അവരുടെ സൈനിക ചിലവുകൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന്ന് വരും വർഷങ്ങളിൽ ചൈന അവരുടെ സൈനിക ചിലവ് വൻതോതിൽ വർദ്ധിപ്പിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. എന്തുതന്നെയാണെങ്കിലും മറ്റു വലിയ രാജ്യങ്ങളെ അപേക്ഷിച്ച് ചൈനയുടെ സൈനിക ബഡ്ജറ്റ് കുറഞ്ഞതായിരുന്നു. പ്രശ്നത്തിന്റെ കാതൽ എന്താണെന്ന് വെച്ചാൽ സൈനിക ചിലവിന്റെ കാര്യത്തിൽ രാഷ്ട്രങ്ങൾ തമ്മിൽ മേധാവിത്വത്തിന്ന് വേണ്ടി ഒരു മത്സരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. സൈനിക ചിലവുകൾ അകാരണമായല്ല വർദ്ധിക്കുന്നത്. ഇതിന് പിന്നിൽ അന്തർധാരയായി വർത്തിക്കുന്ന ചില ലക്ഷ്യങ്ങളുണ്ട്. നാം യഥാർത്ഥത്തിൽ സമാധാനം ആഗ്രഹിക്കുന്നുവെങ്കിൽ ഐക്യരാഷ്ട്ര സഭയും വൻശക്തികളും നീതിയുക്തമായ രീതിയിൽ ഈ വിഷയം കൈകാര്യം ചെയ്യേണ്ടതുണ്ട്. (തുടരും)

*(വിവ: എ.എം)*



# പ്ളേഗ് : ഒരു സത്യദൃഷ്ടാന്തം

ഒരുനൂറ്റാണ്ടു മുമ്പ് പഞ്ചാബിൽ പടർന്നു പിടിച്ച പ്ളേഗ് എന്ന മഹാമാരി വിശുദ്ധ ഖുർആന്റെ ഒരു പ്രവചന സാക്ഷാത്ക്കാരവും വാഗ്ദത്ത മസീഹിന്നുള്ള ദിവ്യദൃഷ്ടാന്തവുമായിരുന്നു.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

നാം ഇന്ന് അറിയുന്ന ലോകം ഒരു നൂറു വർഷം മുമ്പേയുള്ള ലോകത്തെക്കാൾ വളരെ മാറിയിരിക്കുന്നു. അക്കാലത്ത് ആകാശ സഞ്ചാരത്തിന്റെ കാലം ഉദയം ചെയ്തിട്ടില്ലായിരുന്നു. റൈറ്റ് സഹോദരൻമാരുടെ കന്നിപ്പറക്കൽ സ്വപ്നം സാക്ഷാത്കരിക്കാൻ വർഷങ്ങൾ അവശേഷിക്കുന്നുണ്ടായിരുന്നു. പർവ്വതംപോലെ കടലിൽ സഞ്ചരിക്കുന്ന പടുകൂറ്റൻ കപ്പലുകളുടെ നിർമ്മാണം അപ്പോഴും സംഭവിച്ചിട്ടില്ലായിരുന്നു. അതുപോലെ മുങ്ങിക്കപ്പലുകളുടെ കാലഘട്ടവും ആവിർഭവിച്ചിരുന്നില്ല. എന്നിരുന്നാലും അന്തരീക്ഷത്തിൽ പുതിയ പ്രഭാതത്തിന്റെ ചലനങ്ങൾ നിലനിന്നിരുന്നു. ശാസ്ത്രീയ കണ്ടുപിടിത്തങ്ങളുടെ അമ്പരപ്പിക്കുന്ന ആ നൂതന ദിനം പൊട്ടിവിടരുകയായിരുന്നു.

മത ലോകത്തെ വായുമണ്ഡലത്തിനും മാറ്റത്തിനും വേണ്ടിയുള്ള തുടിപ്പുകൾ അനുഭവപ്പെട്ടു. എല്ലാ മതങ്ങളിലും ആഗോള മാനങ്ങളുള്ള ഒരു പരിഷ്ക്കർത്താവിന്റെ ആസന്നമായ ആവിർഭാവത്തെപറ്റി ചർച്ചകൾ നടക്കുകയായിരുന്നു. വരാനിരിക്കുന്ന ആഗോള പരിഷ്ക്കർത്താവ് ആരായിരിക്കുമെന്നും എവിടെയായിരിക്കും അദ്ദേഹം വരിക എന്നുമുള്ള സജീവ ചർച്ച നിറഞ്ഞു നിന്നു. അതു സംബന്ധിച്ച് വാദമുഖങ്ങൾ കൊണ്ടും പ്രതിവാദങ്ങൾ കൊണ്ടും അക്കാലത്തെ അന്തരീക്ഷം നിറഞ്ഞു നിന്നു. പക്ഷേ, ഇന്ത്യൻ ഉപഭൂഖണ്ഡത്തിലുള്ളയത്ര തീവ്രമായി അത്തരം സംവാദങ്ങൾ മറ്റെവിടെയും ഉണ്ടായിരുന്നില്ല.

ക്രിസ്ത്യാനികളും മുസ്ലിംകളും, അവർക്കിടയിലാണ് മസീഹ് വരുക എന്ന പ്രതീക്ഷയിൽ കാത്തിരുന്നു. ഭഗവാൻ കൃഷ്ണന്റെ വെളിപ്പെടലിനായി ഹിന്ദുക്കളും അക്കാലത്ത് ഉത്സാഹ മൊട്ടും കുറയാതെ കാത്തിരുന്നു. അതുപോലെ ബുദ്ധന്റെ രണ്ടാം വരവ് പ്രതീക്ഷിച്ച് മറ്റാരേക്കാളും പിന്നിലാകാതെ ബുദ്ധമതസ്ഥരും കാത്തിരുന്നു.

ഇങ്ങനെ ബഹുമതങ്ങളുടെ സംഘർഷ നിർഭരമായ അന്തരീക്ഷത്തിൽ മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) എന്ന എളിമത്വമാർന്ന ഒരു വ്യക്തിയുടെ ശബ്ദം ഉച്ചത്തിലും വ്യക്തമായും ഉയർന്നു കേട്ടു. മറ്റെല്ലാ മതവിശ്വാസങ്ങളുടേയും മേൽ ഇസ്ലാമിന്റെ ഔന്നത്യം പ്രഖ്യാപിച്ചു. ഇസ്ലാമിന്റെ അസാധാരണനായ ഒരു വക്താവായിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ രംഗ പ്രവേശം അക്കാലത്തെ മതാന്തരീക്ഷത്തിന് ആലക്തികമായ ഒരു ചൈതന്യം പകർന്നു. ഇസ്ലാമിന്റെ പക്ഷത്ത് നിന്നു കൊണ്ട് അദ്ദേഹം നാനാ ദിശയിലേക്കും വെല്ലുവിളികളുന്നയിച്ചു. മതപ്രമാണങ്ങളുടേയും യുക്തിപരമായ തെളിവുകളുടേയും അധിഷ്ഠാനത്തിൽ നിന്നുകൊണ്ട് അദ്ദേഹം ഉയർത്തിയ വാദമുഖങ്ങൾ അതിശക്തങ്ങളായിരുന്നു. മറ്റു മതങ്ങളുടെ ജേതാക്കൾ അദ്ദേഹത്തെ ശ്രദ്ധിക്കാൻ നിർബന്ധിതരായി. ഇസ്ലാംമതത്തിന്റെ പ്രതിരോധത്തിനായി പുതിയൊരു പോരാളി ഉദയം ചെയ്തു എന്ന് ഉച്ചത്തിൽ ഉദ്ഘോഷിക്കപ്പെട്ടു. കൈയ്യടിച്ചും ആരവമുയർത്തിയും അദ്ദേഹത്തെ സ്വാഗതം ചെയ്തു.

ഉപഭൂഖണ്ഡത്തിലെ മുസ്ലിം ജനസാമാന്യം ആഹ്ളാദത്തിലും പ്രതീക്ഷയിലും ആവേശഭരിതരായി. മതമാത്സര്യങ്ങളുടെ തീക്ഷ്ണമായ ഈ രംഗഭൂമിയിലേക്ക് ഈ വീര പോരാളിയുടെ രംഗപ്രവേശംവരെ ആശയ സമരത്തിലേർപ്പെട്ട മതങ്ങളിൽ വെച്ച് ഇസ്ലാം മാത്രമായിരുന്നു പ്രതിരോധശേഷി ഏറ്റവും കുറഞ്ഞ മതം. *'ബറാഹീനെ അഹ്മദിയ്യാ'* എന്ന അദ്ദേഹമെഴുതിയ ഉജ്ജ്വല പ്രബന്ധത്തിന്റെ ആദ്യത്തെ ഏതാനും വാല്യങ്ങൾ പ്രസിദ്ധീകൃതമായതോടെ ഇന്ത്യൻ മുസ്ലിംകൾക്കിടയിൽ അദ്ദേഹത്തിന്റെ ഖ്യാതി കൊള്ളിമീൻ പോലെ ഉയർന്നു പൊങ്ങി. അക്കാലത്തെ പ്രഗത്ഭമതികളായ മുസ്ലിം പണ്ഡിതൻമാർ അദ്ദേഹത്തിനു മേൽ മുക്തകണ്ഠം സ്തുതികളർപ്പിച്ചു. മുസ്ലിംകൾ നടത്തിയ പത്രമാസികകളിലെ മൂല ലേഖനങ്ങളിൽ അദ്ദേഹത്തിന് നേരെയുള്ള സ്തുതികൾ നിറഞ്ഞു. പക്ഷേ, അതൊന്നും തന്നെ ഏറെനാൾ നീണ്ടു നിന്നില്ല.

സാഹചര്യത്തിന്റെ മാറ്റം നാടകീയമായിരുന്നു. ഒരു ദിവസം ദൈവത്തിൽ നിന്ന് തനിക്ക് മർയമിന്റെ മകൻ ഈസ (അ) മരിച്ചു പോയി എന്ന് വെളിപാടിറങ്ങിയതായി അദ്ദേഹം പ്രഖ്യാപിച്ചു. യേശു കുരിശിൽ നിന്ന് രക്ഷപ്പെട്ടു ധാരാളം വർഷം ജീവിച്ചതിന്ശേഷം

മറ്റെല്ലാ പ്രവാചകൻമാരേയും പോലെ മരണമടയുകയാണുണ്ടായത്. അദ്ദേഹത്തിന്റെ നാമത്തിലും ചൈതന്യത്തിലും ശൈലിയിലും അവസാനകാലത്ത് അയക്കപ്പെട്ട മസീഹായിരുന്നു മിർസാഗുലാം അഹ്മദ്(അ). യേശുവിന്റെ രണ്ടാംവരവ് മിർസാ ഗുലാം അഹ്മദി(അ)ന്റെ ആഗമനത്തോടെ പൂർണ്ണമാവുകയും ചെയ്തു. ഇതിനെ സംബന്ധിച്ച വിശദമായ ചർച്ച ഏഴാമത്തെ അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്. മസീഹാണെന്ന് വാദിക്കുന്നതിന്മുമ്പേ അദ്ദേഹത്തിന്റെ ഖ്യാതി ആകാശത്തോളം ഉയരത്തിൽ എത്തിയെന്നു പറഞ്ഞാൽ മതിയല്ലോ. അദ്ദേഹത്തിന്റെ മസീഹാണെന്ന വാദത്തിന് ആദ്യം നൽകിയ വില ഒറ്റ രാത്രികൊണ്ട് ആ പ്രസിദ്ധി കുപ്രസിദ്ധിയായിമാറി എന്നതാണ്. ഇസ്‌ലാം മതത്തിന്റെ അനുയായികളായി ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉണ്ടായിരുന്ന ജനങ്ങളിൽ ഒരറ്റം മുതൽ മറ്റേ അറ്റംവരെ അദ്ദേഹത്തിന്റെ നാമം അപ്പോഴേക്കും അറിയുമാറായി. പക്ഷേ, ആ അറിവിലെ പ്രതീക്ഷയും ബഹുമതിയും കീർത്തിയും അധികനാൾ നില നിന്നില്ല എന്നുമാത്രം. ഇസ്‌ലാമിന്റെ ശത്രുക്കളെ വേട്ടയാടിക്കൊണ്ടിരുന്നത് ഏതൊരു വ്യക്തിയാണോ ആ വ്യക്തി എല്ലാ മുസ്‌ലിംകളാലും ഏറ്റവും വേട്ടയാടപ്പെടുന്ന വ്യക്തിയായി മാറി. ആ മുസ്‌ലിംകൾക്ക് വേണ്ടി തന്നെയായിരുന്നു അദ്ദേഹം പോരാടിയിരുന്നത്. അദ്ദേഹത്തിന്റെ മിത്രങ്ങളെല്ലാം ശത്രുക്കളായി മാറി. അദ്ദേഹത്തിൽ പ്രശംസ ചൊരിഞ്ഞവരെല്ലാം അദ്ദേഹത്തിന്റെ മരണം ആഗ്രഹിച്ചു. യേശുവി(അ)ന്റെ മരണവും മുസ്‌ലിംകൾക്കിടയിലെ അദ്ദേഹത്തിന്റെ ആത്മീയ പുനർജനനവും അംഗീകരിക്കുന്നതിനേക്കാൾ കൂടുതൽ മിർസാ ഗുലാം അഹ്മദി(അ)ന്റെ മരണമായിരുന്നു അവർ ആഗ്രഹിച്ചത്. അതിനു മുമ്പേയൊരിക്കലും ഇന്ത്യാ ഉപഭൂഖണ്ഡം സാക്ഷ്യം വഹിച്ചിട്ടില്ലാത്ത രീതിയിൽ അദ്ദേഹം അപമാനിതനും നിന്ദിതനും വെറുക്കപ്പെട്ടവനും എതിർക്കപ്പെട്ടവനുമായി മാറി. ഇസ്‌ലാമിക ലോകത്താൽ അദ്ദേഹം വഞ്ചിക്കപ്പെടുകയും പ്രത്യക്ഷമായ രീതിയിൽ മറ്റുമതങ്ങളിൽനിന്ന് ശത്രുത നേരിടുകയുംചെയ്ത സന്ദർഭത്തിലാണ് ദൈവം ഒരിക്കലും അദ്ദേഹത്തെ ഉപേക്ഷിക്കുകയില്ലെന്ന സാന്ത്വനം ലഭിച്ചത്.

അദ്ദേഹത്തിന് നിരവധി പ്രവചനാത്മകമായ താക്കീതുകൾ ലഭിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിനെതിരെ കഠിനമായ ശത്രുത്വ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരെ സംബന്ധിച്ച ദൈവികമായ താക്കീതുകളായിരുന്നു അത്. കൂടുതൽ വിപുലമായ തോതിൽ ദൈവിക ശിക്ഷയെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ അദ്ദേഹത്തിന് നൽകപ്പെട്ടു കൊണ്ടിരുന്നു. കാരണം വലിയ തോതിൽ ജനങ്ങൾക്ക് അതിൽനിന്ന് പാഠം പഠിക്കാൻ കഴിയുമായിരുന്നു. പക്ഷേ, അവർ അതിനെപറ്റി ചിന്തിച്ചില്ല. അദ്ദേഹം വ്യാജനാക്കപ്പെടുകയായാണുണ്ടായത്. എന്നാൽ, ദൈവിക ശിക്ഷയെക്കുറിച്ചുള്ള ഈ മുന്നറിയിപ്പ് വ്യാജമാക്കപ്പെടാൻ കഴിയുമായിരുന്നില്ല.

അത്തരത്തിലുള്ള ഒരു താക്കീതിൽ പഞ്ചാബിലുടനീളം മാരകമായ രീതിയിൽ നാശം വിതക്കുന്ന ഒരു പ്ളേഗിനെക്കുറിച്ചുള്ള മുന്നറിയിപ്പുണ്ടായിരുന്നു. പഞ്ചാബ് അദ്ദേഹം ജനിച്ച ഇന്ത്യയിലെ ഒരു സംസ്ഥാനമായിരുന്നു. ലോകത്തിനു നൽകിയ അത്യുഗ്രമായ ആ താക്കീത് താഴെ പറയുന്ന വചനങ്ങളിലാണ് അദ്ദേഹത്തിന് ദൈവത്തിൽ നിന്ന് ലഭിച്ചത്.

***ലോകത്ത് ഒരു താക്കീതുകാരൻവന്നു. പക്ഷേ ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ ദൈവം തന്റെ ഇഷ്ടം അദ്ദേഹത്തിൽ പ്രകടിപ്പിക്കുകയും ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യം സ്ഥാപിക്കുകയും ചെയ്യും.1***

അദ്ദേഹം പ്രവചനംചെയ്ത നിരവധി ശിക്ഷകളുടെ അടയാളങ്ങളിൽ ഒന്നുമാത്രമായിരുന്നു പ്ലേഗ്. പക്ഷേ, അത് അസാധാരണ പ്രാധാന്യമുള്ള ഒരു മഹത്തായ ദൃഷ്ടാന്തമായതു കൊണ്ടാണ് നാമത് പ്രത്യേകമായി തിരഞ്ഞെടുത്തത്. അത് മസീഹിന്റെ സത്യത്തിലേക്കുള്ള ഒരു അടയാളം മാത്രമായിരുന്നില്ല. അത് ഖുർആന്റെ സത്യതക്കുള്ള അടയാളവും ഖുർആൻ അവതരിപ്പിക്കപ്പെട്ട മഹാത്മാവിന്റെ (സ) സത്യത്തിലേക്കുള്ള ഒരു അടയാളവുമാകുന്നു. മാത്രമല്ല അജ്ഞാത മേഖലയിൽ നിന്ന് ജ്ഞാനം ജ്ഞാത മേഖലയിലേക്ക് വിനിമയം ചെയ്യപ്പെടുന്ന ഏറ്റവും വിശ്വസനീയമായ ഉപാധിയാണ് വെളിപാടുകൾ എന്ന വാദം വ്യക്തമായി സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. വാഗ്ദത്ത മസീഹ് (അ) നുണ്ടായ പ്ലേഗിനെ സംബന്ധിച്ച വെളിപാടുകൾ വാസ്തവത്തിൽ അദ്ദേഹത്തിന്റെ കാലഘട്ടത്തിലുള്ള വിശുദ്ധ ഖുർആന്റെ ഒരു പുനഃപ്രഖ്യാപനമാണ്. കാരണം അദ്ദേഹത്തിന്റെ കാലഘട്ടത്തിലായിരുന്നു അത് സാക്ഷാത്ക്കരിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നത്.

***അവർക്കെതിരെയുള്ള വചനം പൂർത്തിയായി കഴിഞ്ഞാൽ ഒരു കീടത്തെ (ദാബഃ) ഭൂമിയിൽ നിന്ന് നാം അവർക്ക് വേണ്ടി കൊണ്ടുവരും. അത് അവരെ മുറിവേൽപ്പിക്കും (തുകല്ലിമുഹും). ജനങ്ങൾ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്ത കാരണത്താലാണിത് (വി. ഖുർആൻ 27: 83)2***

ഖുർആൻ ഉപയോഗിച്ച *ദാബഃ* എന്ന പദം മറ്റൊരു ഖുർആനിക വചനവുമായി ബന്ധപ്പെട്ട് ചർച്ചയിൽ നിർവ്വചിക്കുകയുണ്ടായിട്ടുണ്ട്. ഭൂമിയുടെ ഉപരിതലത്തിൽ ചലിക്കുന്ന എല്ലാ ജീവികൾക്കും അത് ഏറ്റവും സൂക്ഷ്മമായതാകട്ടെ ഏറ്റവും വലുതാകട്ടെ എല്ലാ ജീവികൾക്കും ബാധകമായ ഒരു പദമാണ് *ദാബഃ*

ഈ കാലഘട്ടത്തിലെ ജനങ്ങൾക്ക് ശക്തമായ ഒരു സന്ദേശം നൽകുന്ന ഈ പ്രവചനത്തിന്റെ

പ്രസക്തി മനസ്സിലാക്കുക എന്നത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. പുരാതന കാലത്തെ നിരവധി മുസ്‌ലിം പണ്ഡിതൻമാരും ഖുർആൻ ഭാഷ്യകാരൻമാരും ഈ പ്രവചനം ഇമാം മഹ്ദിയുടേയും മസീഹിന്റേയും കാലവുമായി ബന്ധപ്പെട്ട ഒരു പ്രവചനമാണെന്ന് പറഞ്ഞിട്ടുണ്ട്. അവർക്ക് ഈ പ്രവചനത്തിലെ സന്ദേശത്തിന്റെ ആഴം പൂർണ്ണമായും അളന്നു തിട്ടപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല എങ്കിലും അത്ഭുതകരമാംവിധം അതിനോടടുത്തെത്തിയിരുന്നു. അല്ലാമാ- ഇസ്മായിൽ ഹഖ്വി അൽ-ബുറൂസി (ഹി:1137) മേൽ പ്രസ്താവിച്ച വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട്, *'റൂഹുൽ ബയാൻ'*നിൽ എഴുതിയത് മഹ്ദി വരുകയും മസീഹിനാൽ പിന്തുടരപ്പെട്ടുകൊണ്ട് ദജ്ജാൽ(അന്തിക്രിസ്തു)ആവിർഭവിക്കുകയും ചെയ്യുമെന്നാണ്. ഈ സമയത്താണ് *ദാബഃ* പൊട്ടിപുറപ്പെടുക. അതിന് ശേഷമാണ് സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദിക്കുക.

ശിയാ പണ്ഡിതനായിരുന്ന മുല്ലാ ഫതഹുല്ലാഹ് കസാനി (ഹി:988) അദ്ദേഹത്തിന്റെ *'മിൻഹാജുസ്സ്വാദിഖീൻ'*നിൽ ഈ വചനത്തിന് താഴെകാണുന്ന പ്രകാരം വ്യാഖ്യാനമെഴുതുകയുണ്ടായി.

നമ്മുടെ ചില സുഹൃത്തുക്കളുടെ അഭിപ്രായപ്രകാരം ഈ വചനം (*ദാബഃ* പൊട്ടിപുറപ്പെടുന്നത് സംബന്ധിച്ച വചനം) മുസ്‌ലിംകൾക്കിടയിലേക്ക് (മുസ്‌ലിം ഉമ്മത്ത്) ദൈവികമായ അധികാരത്തോടെ വരുന്ന ഇമാം മഹ്ദിയുടെ കാലത്തെ, അടയാളത്തെ സംബന്ധിച്ചുള്ളതാണ്.

പ്രസ്തുത ഖുർആൻ വചനത്തെ ഹദീസ് പഠനത്തിലൂടെ വ്യാഖ്യാനിച്ചു കൊണ്ട് വ്യാഖ്യാതാക്കൾക്ക് ഇത്രമാത്രമേ പോവാൻ കഴിയുമായിരുന്നുള്ളൂ. അവർ ദാബയുടെ പ്രകൃതിയെ പറ്റിയാതൊന്നും പറഞ്ഞില്ല. ഈ പ്രവചനത്തിന്റെ കൂടുതൽ വിശദീകരണത്തിനും അതിന്റെ ശരിയായ വിവക്ഷ മനസ്സിലാക്കി കൊടുക്കുന്നതിനും, അതെല്ലാം അവസാന കാലത്തെ പരിഷ്ക്കർത്താവായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)യിൽ എത്തിച്ചേരുകയായിരുന്നു. ദൈവത്തിൽ നിന്നുണ്ടാവുന്ന വെളിപാടുകളുടേയും ദർശനങ്ങളുടേയം അടിസ്ഥാനത്തിലാണ് അദ്ദേഹം അത് വിശദീകരിച്ചത്.

1898 ഫെബ്രുവരിയിൽ ഹദ്റത്ത് അഹ്മദ്(അ)ന് ആസന്നമായ ഒരു പ്ളേഗിനെക്കുറിച്ചുള്ള വെളിപാടുണ്ടായി. ഉടൻ തന്നെ അദ്ദേഹമത് പത്രങ്ങളിലും ലഘുലേഖ വഴിയും ലോകത്ത് പ്രസിദ്ധീകരിക്കുകയുണ്ടായി. അദ്ദേഹം മുന്നറിയിപ്പ് നൽകിയ പ്ലേഗ് എന്നത് അദ്ദാബഃയുടെ പ്രത്യക്ഷപ്പെടലിനെ സൂചിപ്പിക്കുന്ന വചനങ്ങളിൽ അടങ്ങിയിരിക്കുന്ന അതേ വിപത്ത് തന്നെയാണെന്ന് അദ്ദേഹം വിശദീകരിച്ചു.

വീണ്ടും അദ്ദേഹം അതിനെ പറ്റി നിരീക്ഷിക്കുന്നത് ഇങ്ങനെയാണ്. ഈ വചനത്തിലെ 'തുകല്ലിമു' എന്ന വചനത്തിലെ പദത്തിന് രണ്ട് അടിസ്ഥാന അർത്ഥങ്ങളുണ്ട്. അതിലൊന്ന് 'മുറിപ്പെടുത്തുക' എന്നാണ്. മറ്റൊന്ന് 'സംസാരിക്കുക'എന്നും. ദൈവത്തിന്റെ അടയാളങ്ങളെ നിഷേധിച്ച കാരണത്താൽ ജനങ്ങളെ ദംശിക്കുന്ന ഒരുതരം ജീവിയെ കുറിച്ചാണ് ഈ വചനത്തിലെ പരാമർശമെന്നത് വളരെ വ്യക്തമാണ്. ഇത് കൂടാതെ 'ദാബ'എന്നതിന്റെ ബദൽ അർത്ഥം, ജനങ്ങളോട് സംസാരിക്കുക എന്നതാണ്. ഇതിലൂടെ അദ്ദേഹം സൂചിപ്പിച്ച അർത്ഥം. ഈ ശിക്ഷാനടപടികൾ അവരുടെ നിഷേധത്തിന്റെ ഫലമായി സംഭവിക്കും എന്നാണ്. അതുപോലെ നന്മയും തിന്മയും തിരിച്ചറിഞ്ഞു കൊണ്ട് ദംശിക്കുന്നത് പോലെ അദ്ദേഹം സംസാരിക്കുമെന്നാണ്.

ഈ പ്രാഥമികമായ താക്കീതിന് ശേഷം ആസന്നമായ പ്ലേഗിനെ കുറിച്ചും അതെങ്ങനെയാണ് ബാധിക്കുക എന്നതിനെകുറിച്ചും കൂടുതൽ വിശദീകരിക്കുകയുണ്ടായി. ഈ പ്ളേഗ് പഞ്ചാബിലുടനീളം സംഹാരതാണ്ഡവമാടുമെന്നും ഗ്രാമഗ്രാമാന്തരങ്ങൾ ജനശൂന്യമായിപ്പോവുമെന്നും വാഗ്ദത്ത മസീഹിന് അസന്ദിഗ്ദ്ധമാം വിധം അറിവ് ലഭിക്കുകയുണ്ടായി. എല്ലാ വാതിലുകളിലും മരണം വന്ന്മുട്ടി. പട്ടണത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ അത് ഭീതി വിതറുകയും ചെയ്തു. വാഗ്ദത്ത മസീഹ്(അ) താമസിച്ചിരുന്ന ഖാദിയാൻ പട്ടണവും അതിൽനിന്ന് മുക്തമായില്ല. തന്റെ സത്യം ദൃഢീകരിക്കാൻ പ്ലേഗ് ഖാദിയാനിൽ ഒരടയാളംകൂടി പ്രദർശിപ്പിക്കുമെന്നു അദ്ദേഹം പ്രഖ്യാപിച്ചു. വാഗ്ദത്ത മസീഹി (അ)ന്റെ വസതിക്കു ചുറ്റും പ്ലേഗ് ചുടല നൃത്തം ചവിട്ടും. പക്ഷേ, വസതിയുടെ നാല് ചുമരുകൾക്കുള്ളിൽ ചുവടുവെക്കാൻ അനുവദിക്കപ്പെടില്ല എന്നും അദ്ദേഹം പ്രഖ്യാപിച്ചു.

*ഈ ഗൃഹത്തിൽ പാർക്കുന്നവരെ ഞാൻ (അല്ലാഹു) സംരക്ഷിക്കും.4*

അദ്ദേഹത്തിന്റെ അഭയ സങ്കേതത്തിൽ രക്ഷതേടുന്നവരോടും അവിടെ ജാഗരൂകരായി ഇരിക്കുന്നവരോടും അദ്ദേഹം വ്യക്തമാക്കിയത്, ഈ സുരക്ഷാ വാഗ്ദാനം അദ്ദേഹത്തിന്റെ വസതിയിൽ ഭൗതികമായി അഭയം തേടുന്നവർക്ക് മാത്രമല്ല അദ്ദേഹത്തിന്റെ ആത്മീയ ഗൃഹമായ അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിൽ അംഗങ്ങളായി ചേരുന്നവരും ഈ സുരക്ഷാപരിധിയിൽ വരുമെന്നാണ്. അദ്ദേഹത്തെ നിഷേധിച്ചവർക്ക് വ്യക്തമായ താക്കീതും അദ്ദേഹത്തിൽ വിശ്വസിച്ചവർക്ക് അത്ഭുതകരമായ സുരക്ഷയും അദ്ദേഹം നൽകുകയുണ്ടായി.

അഹ്മദികൾ ഈ രോഗത്തിൽ നിന്ന് അത്ഭുതകരമായി രക്ഷിക്കപ്പെടുമെന്ന് അദ്ദേഹം പറഞ്ഞതിനോടൊപ്പം ചില പ്രത്യേക സാഹചര്യത്തിൽ പേരിനുമാത്രം അഹ്മദികളായവരെ രോഗം പിടിപെടാം എന്നും അദ്ദേഹം വ്യക്തമാക്കി. എങ്കിലും ഈ സുരക്ഷ ആകസ്മി

കമായി സംഭവിച്ചതല്ല എന്ന് യാതൊരു സംശയത്തിനും ഇടയില്ലാത്തവിധം ഒരു നിരീക്ഷകന് ബോധ്യപ്പെടുമാറ് അസാമാന്യമായ അനുപാതത്തിൽ പ്ളേഗിൽ നിന്ന് അഹ്മദികൾ രക്ഷിക്കപ്പെടുമെന്നും കൂട്ടിചേർത്തു.

പഞ്ചാബിലെ പ്ളേഗിന്റെ കഥ തീർച്ചയായും അമ്പരിപ്പിക്കുന്ന കഥയാണ്. അക്ഷരത്തിലും അർത്ഥത്തിലും അത് വാഗ്ദത്ത മസീഹി (അ) ന്റെ സത്യത്തിന് സാക്ഷ്യമാണ്. എങ്ങനെയാണ് ഒരു മനുഷ്യന് തന്റെ സത്യത്തിനുള്ള അടയാളമെന്ന നിലക്ക് ഒരു ജലദോഷത്തിൽ നിന്ന്പോലും രക്ഷ ലഭിക്കുമെന്ന് വാദിക്കാൻ കഴിയുക? അപ്പോൾ പിന്നെ പ്ളേഗിന്റെ കാര്യത്തിൽ സംസാരിക്കുമ്പോൾ അത് തന്റെ അനുയായികളോട് മാത്രം വ്യക്തമായ വിവേചനം കാണിക്കുമെന്ന് അവകാശവാദം ഒരു സാധാരണ മനുഷ്യൻ ഉന്നയിക്കുമ്പോൾ അത് തീർച്ചയായും ദൈവം സ്വയംതന്നെ അയാൾക്ക് അറിയിച്ചുകൊടുത്താലല്ലാതെ പറയാൻ സാധ്യമല്ല. ദൈവം നിയോഗിച്ച കാലത്തിന്റെ ഇമാമിന്റെ ആജ്ഞക്ക് കീഴിൽ സർവ്വവും ആത്മാർത്ഥമായി സമർപ്പിക്കുന്നവർ പ്ളേഗിന്റെ നാശത്തിൽ നിന്ന് രക്ഷിക്കപ്പെട്ടുവെന്നത് തീർച്ചയായും അസാധാരണമാംവിധം ഉന്നതമായ അവകാശവാദമാണ്.

അവസാനം നിർണ്ണിതമായ നാഴികമണി മുഴങ്ങിയപ്പോൾ വാഗ്ദത്ത മസീഹി(അ)ന്റെ കഠിന ശത്രുക്കളിൽ പലരും മിർസാ ഗുലാം അഹ്മദ്(അ) സ്വയം തന്നെ പ്ളേഗിൽ നാശമടയുമെന്ന് പരസ്യമായി ആണയിട്ടവരാണ്. പക്ഷേ, അവർ സ്വയം തന്നെ പ്ളേഗ് എന്ന മഹാമാരിയിൽ കുടുംബ സഹിതം നശിച്ചൊടുങ്ങി. ഒരാൾക്ക് പിറകെ മറ്റൊരാളായി ഒടുവിൽ മരിച്ചവർക്കായി ദുഃഖം രേഖപ്പെടുത്താൻ ഒരാൾ പോലും അവശേഷിക്കാത്ത മട്ടിൽ അവരെല്ലാം ഒടുങ്ങിത്തീർന്നു. പ്രവചിച്ച പ്രകാരം അദ്ദേഹത്തിന്റെ അനുയായികളെ വമ്പിച്ച തോതിൽ ഒഴിവാക്കപ്പെടുകയുണ്ടായി. പ്ളേഗിൽ നിന്ന് ഇത്രയധികം അഹ്മദികൾ രക്ഷപ്പെടുക എന്നത് യാദൃച്ഛികമോ ആകസ്മികമോ ആണെന്ന് യാതൊരു വിധത്തിലും വിശദീകരിക്കാൻ സാധ്യമാകുമായിരുന്നില്ല. അഹ്മദികൾ ഇടകലർന്ന് ജീവിക്കുന്ന നൂറു കണക്കിന് ഗ്രാമങ്ങളിൽ പ്ളേഗ് അഹ്മദികളെ ബാധിക്കാതെ വ്യക്തമായ പക്ഷഭേദം കാട്ടിയെന്നത് ഭൗമികമായ യുക്തിചിന്തകൾക്ക് കണക്കുകൂട്ടിയെടുക്കാൻ സാധ്യമല്ല. ഒരു അന്ധന്പോലും ദൃശ്യമാവുന്ന രീതിയിൽ ഈ ദിവ്യാത്ഭുതം അതിഗംഭീരമാംവിധം എല്ലായിടത്തും ആവർത്തിച്ചു. അന്ധൻമാർ അതു കണ്ടു. അഹ്മദിയ്യത്തിന്റെസുരക്ഷാ സങ്കേതത്തിലേക്ക് അഭയം തേടിക്കൊണ്ട് മുമ്പെങ്ങുമില്ലാത്തവിധം നിരവധി ആളുകൾ ജീവനും കൊണ്ട് കുതിച്ചു. അത്ഭുതം! അങ്ങനെ അഭയം തേടി വന്നവരും രക്ഷിക്കപ്പെട്ടു. പക്ഷേ, കണ്ണഞ്ചിപ്പിക്കുന്ന ഈ ഉജ്ജ്വല പ്രതിഭാസത്തിൽ കാഴ്ചശക്തിയുള്ളവർ അന്ധരായി തീർന്നു. പ്ളേഗ് ബാധിച്ചു മരിച്ചവരുടെ മൃതശരീരം ശ്മശാനത്തിലേക്ക് എടുത്തുകൊണ്ടു പോകാൻ മിർസാ ഗുലാം അഹ്മദി(അ)ന്റെ അനുയായികളൊഴികെ മറ്റാരും ജീവിച്ചിരുന്നിട്ടില്ലാത്ത ഗ്രാമങ്ങളുണ്ടായിരുന്നു. അവർ അവിശ്വാസികളുടെ മൃതദേഹവും ചുമലിൽ പേറി പ്ളേഗിനെ ഒട്ടും ഭയപ്പെടാതെ ശ്മശാനങ്ങളിലേക്ക് കൊണ്ടു പോയി.

പഞ്ചാബിലെ ഈ പൊതു ദൃശ്യത്തിൽ നിന്ന് നമുക്ക് ഖാദിയാനിലേക്ക് തിരിച്ചു വരാം. അവിടെ എന്താണ് സംഭവിച്ചതെന്ന് നോക്കാം. എല്ലാം തന്നെ പ്രവചന പ്രകാരമാണ് സംഭവിച്ചത്. പക്ഷേ ഒന്നോ രണ്ടോ സംഭവങ്ങൾ ഇതിനപവാദമായി ഒറ്റപ്പെട്ട് കാണപ്പെട്ടു. മൗലവി മുഹമ്മദലി എന്ന് പേരുള്ള വാഗ്ദത്ത മസീഹിന്റെ പ്രമുഖനായ ഒരു അനുയായിക്ക് പ്ളേഗിനു തുല്യമായ എല്ലാ അടയാളങ്ങളോടും കൂടിയ ശക്തമായ പനി ബാധിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കക്ഷത്തിനടിയിലെ ഗ്രന്ഥി അപകടകരമാം വിധം വീങ്ങുകയുണ്ടായി. അത് കഠിനമായ വേദനയും ബുദ്ധിമുട്ടും അദ്ദേഹത്തിലുളവാക്കി. കിട്ടാവുന്ന എല്ലാ നല്ല മരുന്നുകളും അദ്ദേഹത്തിന് നൽകപ്പെട്ടു. പക്ഷേ, യാതൊരു ശമനവുമുണ്ടായില്ല. അദ്ദേഹത്തിന്റെ യാതന വിട്ടൊഴിഞ്ഞില്ല. വാഗ്ദത്ത മസീഹിന്റെ അനുയായിയായ തനിക്ക് ദൈവിക വാഗ്ദാനത്തിന് വിരുദ്ധമായി അത്തരത്തിലുള്ള ഒരു അന്ത്യമുണ്ടാകുക എന്ന വസ്തുതയുമായി അദ്ദേഹത്തിന് സമരസപ്പെടാൻ കഴിഞ്ഞില്ല. പ്ളേഗ് രോഗത്തിന്റെ കാഠിന്യം അസഹനീയമായിരുന്നു. ഇത് കൂടാതെ ദൈവത്തിന്റെ ദൃഷ്ടിയിൽ താൻ ഒറ്റപ്പെടുമോ എന്നുള്ള മനോവ്യഥയും അദ്ദേഹത്തെ കൂടുതൽ പരവശനാക്കി.

അങ്ങനെ മൗലവി മുഹമ്മദലി തന്റെ രോഗശയ്യയിൽ വെച്ച് പ്രാണവേദനയിൽ എരിപൊരി കൊണ്ടു. ആരെങ്കിലുമൊരാൾ വാഗ്ദത്ത മസീഹി(അ)ന്നരികിലേക്ക് ചെന്ന് തന്റെ രോഗാവസ്ഥയെ പറ്റി അറിയിക്കണമെന്നും തന്നെ അനുഗ്രഹിക്കാൻ ആവശ്യപ്പെടണമെന്നും കരഞ്ഞും വിലപിച്ചും പറയുകയുണ്ടായി. ഉടനടി വാഗ്ദത്ത മസീഹ്(അ) ആഗതനായി. രോഗി വൈദ്യശാസ്ത്രപരമായി പ്ളേഗ് ബാധിച്ചയാളെന്ന് പ്രഖ്യാപക്കപ്പെട്ട കാര്യം വാഗ്ദത്ത മസീഹിനെ ഒട്ടും അസ്വസ്ഥനാക്കിയില്ല. അദ്ദേഹം മൗലവി സാഹിബിന്റെ അടുത്ത് അഭിഗതനായി അദ്ദേഹത്തിന്റെ നെറ്റിയിൽ തന്റെ തൃക്കരം വെച്ച് സാന്ത്വനത്തിന്റെയും സമാശ്വാസത്തിന്റെയും വചനങ്ങൾ ഉരുവിട്ടു. താൻ സത്യമസീഹാണെന്ന സത്യം ദൃഢീകരിച്ചു പ്രഖ്യാപിക്കുകയും മൗലവി സാഹിബ് പ്ളേഗിനാൽ മരിക്കുകയില്ലെന്ന് പറയുകയും ചെയ്തു. ഈ പ്രവാചക വചനങ്ങൾ പുലരുന്നത് കാണാൻ മൗലവി സാഹിബിന് അധികം കാത്തിരിക്കേണ്ടി വന്നില്ല. വാഗ്ദത്ത മസീഹ്

അരികെ നിന്ന് അദ്ദേഹവുമായി സംസാരിക്കുമ്പോൾ തന്റെ നെറ്റിയിൽ വെച്ച കൈ അവിടെ തന്നെയുണ്ടായിരുന്നു. ഉടൻ തന്നെ അദ്ദേഹത്തിന്റെ പനിയുടെ കാഠിന്യം കുറയാൻ തുടങ്ങി. ചൂട് താഴ്ന്നുകൊണ്ടിരുന്നു. പനിയുടെയോ പ്ളേഗിന്റെയോ യാതൊരു ലക്ഷണവും അവശേഷിക്കാത്തവിധം അത് അപ്രത്യക്ഷമായി. മൗലവി സാഹിബ് കിടക്കയിൽ എഴുന്നേറ്റിരുന്ന് ശരീരത്തിന്റെ അവിടെയും ഇവിടെയും തൊട്ടു കൊണ്ട് ഇത്രക്ഷണത്തിൽ പനിയെവിടെപ്പോയെന്ന് അമ്പരപ്പോടെ ആശ്ചര്യഭരിതനായി. അദ്ദേഹത്തിനു ചുറ്റും മരണം കാത്തു നിന്നിരുന്നവരും അത്ഭുതപ്പെട്ടുപോയി. മരണം കാത്തു നിന്ന അവർ അദ്ദേഹത്തിന്റെ അതിജീവനത്തിന്റെ ദിവ്യാത്ഭുതമാണ് ദർശിച്ചത്. അതിനുശേഷം അദ്ദേഹം ദീർഘകാലം ജീവിച്ചു. 77-ാം വയസ്സിൽ 1951 ലാണ് ലാഹോറിൽ വെച്ച് മരിച്ചത്.

പ്ളേഗ് എങ്ങനെയാണ് വാഗ്ദത്ത മസീഹി (അ)ൽ വിശ്വസിച്ചവരേയും വിശ്വസിക്കാത്തവരേയും വേർതിരിച്ചത് എന്ന കാര്യം എപ്പോഴും ഒരു നിഗൂഢതയായി അവശേഷിക്കും. പക്ഷേ, സർവ്വശക്തനായ ദൈവത്തിന്റെ പരിധിയില്ലാത്ത ഗുണങ്ങളിൽ വിശ്വസിക്കുന്നവർക്ക് അതിൽ യാതൊരു നിഗൂഢതയുമില്ല.

ഇവിടെ ഉയരുന്ന യഥാർത്ഥ ചോദ്യമിതാണ്. ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയ വസ്തുതകൾക്ക് ഉപോൽബലകമായി ഒരു നിഷ്പക്ഷ അന്വേഷണം നടത്താൻ എന്ത് വസ്തുനിഷ്ഠാപരമായ തെളിവുകളാണ് സമർപ്പിക്കുവാൻ കഴിയുക. പ്രശ്നമിതാണ് സമർപ്പിക്കാൻ കഴിയുന്ന നേരിട്ടുള്ള തെളിവുകൾ ആഭ്യന്തര തെളിവുകളാണ്. സാക്ഷികളാകട്ടെ മുഴുവനും അഹ്മദികളോ, ഈ ദിവ്യാത്ഭുതം കണ്ടതിന് ശേഷം അഹ്മദിയ്യത്തിലേക്ക് പരിവർത്തനം ചെയ്തവരോ ആണ്. ബാഹ്യമായ മറ്റു തെളിവുകളില്ല. ഉള്ള തെളിവുകൾ പരോക്ഷമായതാണ്. പക്ഷേ, അത് യഥാർത്ഥ തെളിവുകളാൽ ഗർഭിതവുമാണ്. അത് ഏറ്റവും ശക്തിമത്തായ തെളിവുകളാണ്. കാരണം ആ തെളിവുകൾ മുളപൊട്ടിയത് കടുത്ത ശത്രുവിന്റെ സാക്ഷ്യങ്ങളിൽ നിന്നാണ്. ഏറ്റവും വലിയ പ്രശ്നമെന്തെന്നാൽ ഇതു സംബന്ധിച്ച് അക്കാലത്ത് യാതൊരുവിധ സ്വതന്ത്ര അന്വേഷണവും നിഷ്പക്ഷമായ അധികാരികൾ നടത്തിയിട്ടില്ല എന്നതാണ്. അവിടെ രണ്ട് കക്ഷികൾ മാത്രമാണുണ്ടായിരുന്നത്. അഹ്മദികളും അനഹ്മദികളും. പ്ളേഗിന്റെ പെരുമാറ്റ രൂപങ്ങളെ പറ്റിയുള്ള എല്ലാ കണക്കുകളും ലഭ്യമാവുന്നത് അക്കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട പത്രങ്ങൾ, മാസികകൾ, ലഘുലേഖകൾ, പോസ്റ്ററുകൾ, പുസ്തകങ്ങൾ എന്നിവയിൽ നിന്നു മാത്രമാണ്. ഈവസ്തുതകളുടേയെല്ലാം വിശ്വസനീയതയാകട്ടെ സാഹചര്യതെളിവുകളിൽ നിന്നുമാണ് രൂപപ്പെടുന്നത്.

ഇവിടെ ശ്രദ്ധേയമായ ഏറ്റവും പ്രധാനപ്പെട്ട ഘടകമെന്താണെന്നു വെച്ചാൽ നാം ചർച്ച ചെയ്യുന്ന ഈ കാലഘട്ടത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനത്തിലും അവകാശവാദത്തിലും അതിന്റെ ശൈലിയിലും വളരെ ശക്തവും ഉന്മേഷദായകവുമായ താൽപര്യം സൃഷ്ടിക്കപ്പെട്ടു എന്നതാണ്. പുതുതായി ആവിർഭവിച്ച അഹ്മദിയ്യാ ലോകത്ത് സംഭവിക്കുന്ന എല്ലാ കാര്യങ്ങളെ സംബന്ധിച്ചും അതികഠിനമായ ശത്രുതയുള്ള അനഹ്മദി മാധ്യമങ്ങൾ തീക്ഷ്ണവും, മൂർച്ചയേറിയതും, നിഷേധാത്മകവുമായ വിവരണങ്ങളാണ് അഹ്മദികൾക്കെതിരെ നൽകിയത്. മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) പറഞ്ഞതും ചെയ്തതുമായ സംഗതികളെ സംബന്ധിച്ചും അദ്ദേഹത്തിന് സംഭവിക്കുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും അതീവ സൂക്ഷ്മതയോടെയും അത്യുത്സാഹത്തോടെയും അദ്ദേഹത്തിന്റെ ശത്രുക്കൾ നോക്കിപ്പാർത്തു കൊണ്ടിരിക്കുകയും അത് രേഖപ്പെടുത്തുകയും ചെയ്തു. അദ്ദേഹത്തിനെതിരായി വരാൻ സാധ്യതയുള്ള എല്ലാ സംഗതികളും അത്യുക്തി കലർന്ന രീതിയിൽ ഊതിപ്പെരുപ്പിച്ചു അവർ പറഞ്ഞിരുന്നു. വാഗ്ദത്ത മസീഹി(അ)നെതിരെ ശത്രുതാമനോഭാവത്തോടു കൂടി അനഹ്മദി പത്രങ്ങൾ മാത്രമല്ല അവാസ്തവങ്ങൾ പ്രചരിപ്പിച്ചത്. അദ്ദേഹത്തെ കരിതേച്ച് കാണിക്കാനും അദ്ദേഹത്തിന്റെ ബഹുമതിയെ ഇടിച്ചു താഴ്ത്താനും കിട്ടിയ ഏതൊരു ചെറിയ അവസരംപോലും ക്രിസ്ത്യാനികളുടേയും ഹിന്ദുക്കളുടേയും പത്രങ്ങളും ഒഴിവാക്കിയിരുന്നില്ല. പ്ളേഗ് സംഭവം അഹ്മദിയ്യാ പത്രങ്ങൾ റിപ്പോർട്ട് ചെയ്തതിൽ എന്തെങ്കിലും ചെറിയ തെറ്റുകളെങ്കിലും ഉണ്ടായിരുന്നെങ്കിൽ അഹ്മദിയ്യാ ജമാഅത്തിനെ കഠിനമായി വിമർശിക്കുന്ന അനഹ്മദി പത്രങ്ങൾക്ക് അത് അവഗണിക്കാൻ സാധിക്കുമായിരുന്നില്ല.

പഞ്ചാബിൽ പ്ളേഗ് സജീവമായിനിന്ന ഏകദേശം ഏഴ് വർഷ കാലത്തിൽ ഒരിക്കലും തന്നെ വാഗ്ദത്ത മസീഹ് മിർസാ ഗുലാം അഹ്മദ്(അ) പ്ലേഗ് അഹ്മദികളെ എങ്ങനെ ബാധിച്ചു എന്നറിയാനുള്ള പൊതുജന താൽപര്യത്തെ മാനിച്ച് യാതൊന്നും മറച്ചുവെച്ചിരുന്നില്ല. വാഗ്ദത്ത മസീഹിന്റെ അറിയപ്പെടുന്ന ശത്രുക്കളെല്ലാം അദ്ദേഹവുമായി ആത്മീയ ദ്വന്ദയുദ്ധത്തിൽ ബന്ധിതരായിരുന്നു. ദൈവ കോപത്തിന്റെ അടയാളം എന്ന നിലക്ക് അവരിലാരെങ്കിലുമൊരാൾ പ്ളേഗ് ബാധിതനാവുമെന്ന് പലപ്പോഴായി പരസ്പരം നടത്തിയ അവകാശവാദങ്ങളും എതിർ വാദങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. വാഗ്ദത്ത മസീഹിന്റെ ശത്രുക്കളിൽ പലരും ഒന്നിനു പിറകെ മറ്റൊന്നായി മരിച്ചു വീണുകൊണ്ടിരുന്നു. ബാക്കിയുള്ളവർ ഉദ്വേഗത്തോടെയും വിഹ്വലരായും കൊണ്ട് കാത്തിരിക്കുകയുമായിരുന്നു. എന്നാൽ, പ്ളേഗ് വാഗ്ദത്തമസീഹി(അ)നെ സ്പർശിച്ചതേയില്ല. അദ്ദേഹത്തേയോ അദ്ദേഹത്തിന്റെ പത്നിയേയോ ആൺമ

ക്കളേയോ പെൺ മക്കളേയോ സ്പർശിച്ചില്ലെന്ന് മാത്രമല്ല അദ്ദേഹത്തിന്റെ വസതിയിലെ നാല് ചുമരുകൾക്കുള്ളിലെ ഒരു എലി പോലും പ്ലേഗ് മൂലം ചത്തു വീണില്ല.

ഈ വസ്തുതകളെല്ലാം ആവർത്തിച്ചാവർത്തിച്ച് അദ്ദേഹം പ്രസിദ്ധീകരിച്ചു കൊണ്ടിരുന്നു. ഇത് ശത്രുക്കളുടെ വിദ്വേഷാഗ്നി ആളിക്കത്തിച്ചു. ഇതിനു മുമ്പേയുള്ളതിനേക്കാൾ കൂടുതലായി അദ്ദേഹത്തിൽ പ്ലേഗിന്റെ ശാപമിറങ്ങാൻ വേണ്ടി അവർ പ്രാർത്ഥിച്ചു. പക്ഷേ, എല്ലാം നിഷ്ഫലമായിരുന്നു. അദ്ദേഹത്തിന് ഒന്നും സംഭവിച്ചില്ല. അദ്ദേഹത്തിന്റെ ആത്മീയവും ഭൗതികവുമായ സമാധാനത്തിന്റെ സുരക്ഷാവലയത്തിൽ ജീവിക്കുന്നവർക്കും യാതൊന്നും സംഭവിച്ചില്ല. വാഗ്ദത്ത മസീഹിന്റെ അവകാശ വാദത്തെ വ്യാജപ്പെടുത്തുന്ന രീതിയിൽ പ്ളേഗ് ബാധിതരായ അദ്ദേഹത്തിന്റെ കുടുംബത്തിൽപ്പെട്ടവരുടേയോ അദ്ദേഹത്തിന്റെ ഗൃഹത്തിൽ താമസിക്കുന്നവരുടേയോ പേര് ഏതെങ്കിലും പത്രത്തിലോ മാസികകളിലോ പ്രസിദ്ധീകരിച്ചത് ഒരു വരിയെങ്കിലും ആർക്കെങ്കിലും കാണിക്കുവാൻ സാധിക്കുമോ?

ഇക്കാര്യങ്ങളൊക്കെതന്നെ അക്കാലത്തെ അഹ്മദിയ്യാ വിരുദ്ധ പ്രസിദ്ധീകരണങ്ങളിലും പ്രസിദ്ധീകരിച്ചിരുന്നു. അങ്ങനെയെന്തെങ്കിലും ഒരു അത്യാഹിത സംഭവം ഉണ്ടായിരുന്നുവെങ്കിൽ അത് അവർ രേഖപ്പെടുത്തുമായിരുന്നു. അവരുടെ മൗനത്തിൽ നിന്ന് അങ്ങനെയൊന്നും സംഭവിച്ചിട്ടില്ല എന്ന് വ്യക്തമാണ്. അഹ്മദികളുടെ പ്രസിദ്ധീകരണങ്ങളിലൊന്നുംതന്നെ വാഗ്ദത്ത മസീഹി(അ)ന്റെ കുടുംബത്തിലെ ഒരാളുംതന്നെ മരിച്ചതായി ആ കാലയളവിൽ രേഖപ്പെടുത്തിയിട്ടില്ല. അദ്ദേഹത്തിന്റെ ചുറ്റും താമസിക്കുന്നവരിലാരും മരിച്ചതായും രേഖപ്പെടുത്തിയിട്ടില്ല. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. വാഗ്ദത്ത മസീഹു(അ)മായി ബന്ധപ്പെട്ട എത്ര വിദൂരമായ സംഭവമാണെങ്കിൽ പോലും അത് അഹ്മദിയ്യാ പത്രങ്ങൾ പ്രസിദ്ധീകരിക്കുമായിരുന്നു.

ഖാദിയാന് പുറത്തുള്ള അഹ്മദിയ്യാ സമൂഹത്തെപ്പറ്റി പറയുകയാണെങ്കിൽ അവർ പ്ളേഗിൽ നിന്ന് വമ്പിച്ച തോതിലാണ് സംരക്ഷിക്കപ്പെട്ടത്. ഒരു ഗ്രാമത്തിൽ തന്നെ പ്ളേഗ് ബാധിച്ച് മരിച്ച അനഹ്മദികളുടെ എണ്ണവും അതേ ഗ്രാമത്തിൽ തന്നെയുള്ള അഹ്മദികളുടെ അത്യപൂർവ്വമായ മരണവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ വമ്പിച്ച അന്തരമാണുള്ളത്.

അഹ്മദിയ്യാ പത്രമാധ്യമങ്ങളുടെ ഈ അവകാശവാദം തെറ്റായിരുന്നുവെങ്കിൽ ശത്രുക്കളുടെ പ്രസിദ്ധീകരണങ്ങൾ അത് മുതലെടുക്കുമായിരുന്നു. അതൊരിക്കലും ഉണ്ടായിട്ടില്ല. ഇത് വ്യക്തമായും ശക്തമായ ഒരു പരോക്ഷ തെളിവായി കണക്കാക്കേണ്ടിയിരിക്കുന്നു.

അഹ്മദിയ്യാ സമൂഹത്തിനനുകൂലമായ മറ്റൊരു അനിഷേധ്യമായ തെളിവ് പ്ളേഗിന്റെ വർഷങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിനുണ്ടായ അഭൂതപൂർവ്വമായ വളർച്ചയാണ്. അഹ്മദിയ്യാ പ്രസിദ്ധീകരണമായിരുന്ന *'അൽഹഖ്'* എന്ന പത്രത്തിൽ അവരുടെ എണ്ണം പ്രസിദ്ധീകരിച്ചു കൊണ്ടിരുന്നു. ഈ നിർണ്ണായകമായ ദശാസന്ധിയിൽ അഹ്മദിയ്യത്തിലേക്ക് കടന്നു വന്നവരുടെ സംഖ്യ ക്രമാതീതമായി ഉയരുകയാണുണ്ടായത്. ഈ എണ്ണപെരുപ്പം ഒരിക്കലും അനഹ്മദി പത്രങ്ങൾ നിഷേധിച്ചിട്ടില്ല. അവയെല്ലാം തന്നെ ഗ്രാമത്തിലേയും നഗരത്തിലേയും യഥാർത്ഥത്തിലുള്ള ആളുകളുടെ കണക്കുകളായിരുന്നു. അഹ്മദിയ്യത്തിന്റെ ശത്രുക്കളുടെ ഏതെങ്കിലും ഒരു വിഭാഗത്തിന്റെ പത്രങ്ങൾ എന്തുകൊണ്ട് *അൽഹഖി*ൽവന്ന കണക്കുകൾ തെറ്റാണെന്ന് സ്ഥാപിക്കാൻ എതിർ തെളിവുകളൊന്നും കൊണ്ടു വന്നില്ല. അത്തരം സന്ദർഭങ്ങളിൽ മൗനം വാക്കുകളേക്കാൾ വാചാലമാണ്.

സത്യമെന്തെന്നാൽ അഹ്മദിയ്യത്ത് അതിശീഘ്രം പ്രചരിച്ചത് പഞ്ചാബിൽ പ്ലേഗ് പടർന്ന് പിടിച്ച 1898-1906 കാലഘട്ടങ്ങളിൽ ആണെന്നത് സുവ്യക്തമായ വസ്തുതയാണ്. *അൽഹഖം* പ്രസിദ്ധീകരിച്ച കാലികമായ കണക്കനുസരിച്ച് 1902 ൽ അഹ്മദികളുടെ എണ്ണം പതിനായിരങ്ങളിൽ നിന്ന് ലക്ഷമായി ഉയർന്നു. 1904 ൽ അഹ്മദികളുടെ ജനസംഖ്യ രണ്ട് ലക്ഷമായി ഉയർന്നു. 1906ൽ പ്ളേഗ് അവസാനം പിൻമാറുമ്പോൾ അഹ്മദികളുടെ എണ്ണം നാല് ലക്ഷത്തിലധികമായി ഉയർന്നിരുന്നു.

മേൽ പ്രസ്താവിച്ചതിന്റെ വെളിച്ചത്തിൽ മനസ്സിൽ സൂക്ഷിക്കേണ്ട ഒരു സംഗതി വാഗ്ദത്ത മസീഹി(അ)ന്റെ പ്രവചനം തെറ്റാണെന്ന് തെളിയിക്കപ്പെട്ടിരുന്നെങ്കിൽ അഹ്മദിയ്യത്ത് ഭൂമുഖത്ത് നിന്ന് തുടച്ചു നീക്കപ്പെട്ടിട്ടുണ്ടാവുമായിരുന്നു. പ്ളേഗ് അതിന്റെ പൂർണ്ണ താണ്ഡവം നടത്തിയതിന് ശേഷം മരിക്കാതെ അവശേഷിക്കുന്ന അഹ്മദികൾക്ക് മിർസാ ഗുലാം അഹ്മദി(അ)ന്റെ വ്യാജവാദം തുറന്നു കാട്ടപ്പെടുമായിരുന്നു. പക്ഷേ, അങ്ങനെയായിരുന്നില്ല സംഭവിച്ചത്. ഹദ്റത്ത് അഹ്മദി(അ)ന്റെ നിരവധി എതിരാളികൾ പ്ളേഗ് ബാധിച്ചു മരണമടഞ്ഞപ്പോൾ അഹ്മദികളുടെ എണ്ണം വർദ്ധിക്കുകയും പെരുകുകയും ചെയ്തു. അഹ്മദിയ്യത്തിന് വൻകുതിച്ചു ചാട്ടമുണ്ടായി.

***ചിന്തിക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട് (30: 22) 5***

ഈ ഖുർആനിക വചനത്തിലാണ് ഈ പ്രവചനത്തിന്റെ മുഴുവൻ അടിസ്ഥാനവുമുള്ളത്. ഈ പ്രവചനം സ്വയംതന്നെ ഒരു ദിവ്യാത്ഭുതമാണെന്ന കാര്യത്തിലേക്ക് വായനക്കാരന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഈ വചനത്തിന്റെ ദിവ്യാത്ഭുതപരമായ സൗന്ദര്യം ആസ്വദിക്കണമെങ്കിൽ ഈ വചനത്തിലെ വിസ്മയകരമായ സൂക്ഷ്മതയെപ്പറ്റി അറിയാൻ വായനക്കാരനെ സഹാ

**ശേഷം പേജ് 41 ൽ**

# യേശുവിന്റെ തിരുപിറവി: തെറ്റായ സ്ഥലകാലങ്ങൾ

വിശുദ്ധ ഖുർആനും വിശുദ്ധ ബൈബിളും ചരിത്രവും ശാസ്ത്രവും യേശു ജനിച്ചത് 2020 വർഷങ്ങൾക്ക് മുമ്പുള്ള ഡിസംബർ 25 അല്ല എന്ന് സാക്ഷ്യം നിൽക്കുന്നു.

എ. എം. മുഹമ്മദ് സലീം

കാലഗണനക്കായി നാം അക്കാദമിക ചരിത്രത്തെ പോലും വിഭജിച്ചിരിക്കുന്നത് യേശുക്രിസ്തുവിന്റെ ജനനത്തെ അടിസ്ഥാനമാക്കിയാണ്. കലണ്ടറിൽ ഇന്നത്തെ ദിവസത്തെ അടയാളപ്പെടുത്തുന്നതും നമ്മുടെ സിവിൽ വ്യവഹാരങ്ങളുടെ കാലമാപനമെല്ലാം യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ടാണെന്ന് വരുമ്പോൾ അതിന്റെ യഥാർത്ഥ്യം അന്വേഷിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. യേശുവിന്റെ ജന്മദിനം ഡിസംബർ 25ന് ക്രിസ്മസ് ദിനമായി ലോകം മുഴുവൻ ആഘോഷിക്കുന്ന ഒരു സന്തോഷ സുദിനമാണ്. ഈ ദിനത്തിലാണ് യേശുവിന്റെ ജനനം സംഭവിച്ചത് എന്നതിന്ന് ബൈബിളിൽ യാതൊരു പ്രതിപാദനമില്ല. ജനനം നടന്ന സമയം പോലെ തന്നെ സ്ഥലത്തെ സംബന്ധിച്ചു പറഞ്ഞ ചരിത്ര വിവരണങ്ങളും സംശയഗ്രസ്തമാണ്. വാസ്തവത്തിൽ ക്രിസ്മസ് ദിനം റോമിലെ പ്രാദേശിക മതത്തിൽ നിന്നും ക്രിസ്തുമതം പകർത്തിയ ഒരു ആഘോഷമായിരിക്കാനാണ് സാദ്ധ്യത. യഥാർത്ഥത്തിൽ ആത്മീയ പ്രധാനമായ യഥാർത്ഥ മതം ആചരിക്കാൻ ഒരു മതത്തിന്നും ഇത്തരം ജന്മദിനാഘോഷങ്ങളുടെ ആവശ്യമില്ല.

ഫലസ്തീനിൽ ബെത്‌ലഹേമിൽ യേശു ജനിച്ചു എന്ന് പറയപ്പെടുന്ന സ്ഥലത്ത് ഒരു ആരാധനാലയമുണ്ട്. തിരുപ്പിറവിപ്പള്ളി (The Church of the Nativity) എന്നാണ് ഈ ദേവാലയം അറിയപ്പെടുന്നത്. ഫലസ്തീൻ വെസ്റ്റ്ബാങ്കിൽ തെക്കൻ ജെറുസലേമിൽ നിന്നും 10 കി. മീ അകലെയാണ് തിരുപ്പിറവിപ്പള്ളി സ്ഥിതിചെയ്യുന്ന ബെത്‌ലഹേം. 1967 ൽ നടന്ന ആറ്ദിന യുദ്ധത്തിൽ ജോർദ്ദാനിൽ നിന്നും ഇസ്റയേൽ പിടിച്ചടക്കിയതാണ് ബത്‌ലെഹേം സ്ഥിതിചെയ്യുന്ന വെസ്റ്റ് ബാങ്ക്. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ പ്രേരണാ ഫലമായി ക്രിസ്തുമതം സ്വീകരിച്ച മാതാവ് ഹെലീനായുടെ ഫലസ്തീൻ തീർത്ഥാടന സന്ദർശന വേളയിൽ (എഡി 325–326) അവർ നിശ്ചയിച്ച സ്ഥലത്താണ് തിരുപ്പിറവിപ്പള്ളി പണിതത്. അത്കൂടാതെ യേശുവിനെ ക്രൂശിച്ച കുരിശും കുരിശ് മരണാനന്തരം യേശു ഉയിർത്തെഴുന്നേറ്റ കല്ലറയും ക്രിസ്തുവിന്ന് ശേഷം മൂന്ന് നൂറ്റാണ്ടുകൾ കഴിഞ്ഞ് അവർ കണ്ടെത്തുകയുണ്ടായി. അവിടെ ഉയിർത്തെഴുന്നേൽപ്പ് പള്ളി (Church of the Holy Sepulchre) പണിതതും ഹെലീനയാണ്. പടിഞ്ഞാറൻ സഭയും കിഴക്കൻ സഭകളും ചക്രവർത്തിയുടെ മാതാവിനെ വിശുദ്ധ പദവി നൽകി സെന്റ് ഹെലീനാ എന്നാണ് വിളിക്കുന്നത്.

വിശുദ്ധ ബൈബിളിലും വിശുദ്ധ ഖുർആനിലും യേശുവിന്റെ ജനനസ്ഥലവും തിയതിയും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. അക്കാദമികമായ ഒരു ചരിത്രഗ്രന്ഥം പോലെ മതഗ്രന്ഥങ്ങളിൽ പൊതുവേ ഇത്തരം വിശദാംശങ്ങളോ കാലനുക്രമമോ ഉണ്ടാകാറില്ല. പിന്നീട് മത പുരുഷന്മാരുടെ അനുയായികൾ ആഘോഷപൂർവ്വം അത്തരം ദിവസങ്ങൾ പുണ്യദിനങ്ങളായി ആചരിക്കുകയാണ് പതിവ്. ബൈബിളിന്നു പുറമെ യേശുവിന്റെ കാലത്തെ സമകാലീന ചരിത്ര സ്റോതസ്സുകളിൽ നിന്നും അദ്ദേഹത്തിന്റെ ജനന സമയമെന്നല്ല ജീവിത സാന്നിദ്ധ്യത്തെ സംബന്ധിച്ച തെളിവ് പോലും ലഭ്യമല്ല.

ഈ പരിമിതികളുടെ പശ്ചാത്തലത്തിൽ യേശുവിന്റെ ജന്മദിനം കണ്ടെത്തുക എന്നത് നമുക്ക് മുമ്പിലുള്ള വെല്ലുവിളിയാണ്. യേശുവിന്റെ ജനന സംബന്ധമായി ബൈബിളിലും ഖുർആനിലും പ്രതിപാദിക്കപ്പെട്ട പരാമർശങ്ങളിലെ ചരിത്രാംശവും മറ്റു സാഹചര്യങ്ങളും വിശകലനം ചെയ്തുകൊണ്ട് പരസ്പര വൈരുദ്ധ്യമില്ലാത്ത ഒരു നിഗമനത്തിലെത്തിച്ചേരുക എന്നതാണ് അവലംബിക്കാവുന്ന ഒരു രീതി. അങ്ങനെ വരുമ്പോൾ യേശുവിന്റെ ജന്മദിനമായി നാം കൊണ്ടാടുന്ന ക്രിസ്മസ് തിയതിയും യേശുവിന്റെ ജനന വർഷവും ബൈബിൾ-ഖുർആൻ പരാമർശങ്ങളുമായി ഒത്തുവരില്ല. യേശുവിന്റെ ജനനം ഡിസംബർ മാസത്തിലായിരിക്കാൻ യാതൊരു സാദ്ധ്യതയുമില്ല. അപ്രകാരം വർഷ ഗണനവും ശരിയായി വരില്ല. മറ്റു ഖഗോള പരമായ തെളിവുകളും യേശുവിന്റെ ജന്മദിനായി നാം ആഘോഷിക്കുന്ന സമയവുമായി സമരസപ്പെടുന്നില്ല.

## യേശുവിന്റെ തിരുപ്പിറവി ശിശിരകാലത്തോ?

ഡിസംബറിലെ കടുത്ത മഞ്ഞുകാലത്താണ് ഭൂമിയുടെ വടക്കൻ അർദ്ധഗോളത്തിൽ ക്രിസ്മസ് ആഘോഷിക്കുന്നത്. യേശുവിന്റെ ജനനം നടന്ന ദിവസത്തെപ്പറ്റി ബൈബിൾ നൽകുന്ന സൂചന പ്രകാരം തിരുപ്പിറവി നടന്നത് ഒരിക്കലും ശിശിരകാലത്താകാൻ സാദ്ധ്യമല്ല. എല്ലാ തെളിവുകളും നൽകുന്ന സൂചന വസന്തകാലത്തോ വേനൽ കാലത്തോ ആണ് യേശുവിന്റെ ജനനം സംഭവിച്ചിരിക്കുക എന്നാണ്.

നാലു ബൈബിൾ സുവിശേഷങ്ങളിൽ മത്തായിയും (2:1) ലൂക്കോസും (2::4) മാത്രമേ യേശുവിന്റെ ജനനത്തെ പറ്റി ഒരു വിവരണം നൽകുന്നുള്ളൂ. അവ ഇപ്രകാരമാണ്.

**'അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. ശിശുവിനെ ശീലകളിൽ പൊതിഞ്ഞു. ഒരു പുൽതൊട്ടിയിൽ കിടത്തി. സത്രത്തിൽ അവർക്ക് സ്ഥലം കിട്ടിയിരുന്നില്ല. ആ പ്രദേശത്തെ പുറം വയലുകളിൽ വെളിമ്പ്രദേശത്ത് തങ്ങളുടെ ആട്ടിൻ കൂട്ടത്തെ രാത്രിയിൽ കാത്തുകഴിയുന്ന ഇടയന്മാർ ഉണ്ടായിരുന്നു.' (ലൂക്കോസ് 2: 7-9)**

യേശുവിന്റെ ജനനത്തെ സംബന്ധിച്ച് ബൈബിൾ നൽകുന്ന ഈ രംഗചിത്രീകരണം തിരുപ്പിറവി നടന്നത് പ്രസന്നമായ ഒരു കാലാവസ്ഥയിലാണെന്ന് വ്യക്തമാവുന്നു. ഈ ബൈബിൾ വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് ബ്രിട്ടനിലെ ബ്രമിംങ്ങ്ഹാം ആംഗ്ലിക്കൻ ചർച്ച് ബിഷപ്പും ഗണിതജ്ഞനും വേദപണ്ഡിതനുമായ ഏണസ്റ്റ് വില്ല്യം ബാൺ (1874-1953) എഴുതുന്നു:

**'യേശുവിന്റെ യഥാർത്ഥ ജന്മദിനം ഡിസംബർ 25ന് തന്നെയാണെന്ന് വിശ്വാസത്തിന്ന് യാതൊരു പ്രാമാണികതയുമില്ല. ബെത്‌ലഹേമിലെ വയലുകളിൽ ആട്ടിടയന്മാർ ആട്ടിൻകൂട്ടത്തെ കാത്തു കഴിയുന്നു എന്ന് പരാമർശിക്കുന്ന ലൂക്കോസിന്റെ യേശുവിന്റെ ജനന കഥക്ക് എന്തെങ്കിലും പ്രാധാന്യമുണ്ടെങ്കിൽ യേശുവിന്റെ ജനനം ഒരിക്കലും മഞ്ഞുകാലത്ത് ആയിരിക്കില്ല സംഭവിച്ചിരിക്കുക. ജൂദിയ എന്ന മലമ്പ്രദേശത്തെ അന്തരീക്ഷോഷ്മാവ് തണുപ്പ് കാലത്ത് വളരെ താഴ്ന്നതാണ്. മഞ്ഞ് വീഴ്ച്ചയും അവിടെ സാധാരണമാണ്. വളരെയേറെ ചർച്ചകൾക്ക് ശേഷം നമ്മുടെ ക്രിസ്മസ് ദിനം എ. ഡി 300-ാമാണ്ടിലാണ് സ്വീകരിക്കപ്പെട്ടത്. (The Rise of Christianity- Ernest William Barnes, P. 79, Longmans,Green and Co.Ltd Cliford Street London,)**

യേശുവിന്റെ മാതാവ് അനുഭവിച്ച ഇറ്റുനോവിന്റെ വേദനാജനകമായ രംഗവിവരണം ഖുർആൻ വിവരിക്കുന്നു:

**പിന്നീട് പ്രസവ വേദന അവളെ ഈത്തപന വൃക്ഷത്തിന്റെ അടുക്കൽ എത്തിച്ചു. .....ഈന്ത മരത്തെ നിന്നിലേക്ക് കുലുക്കുക. അത് പഴുത്ത് പാകമായ പുത്തൻ ഈത്തപഴം നിനക്ക് വീഴ്ത്തിത്തരും. (വിശുദ്ധ ഖുർആൻ. സൂറ: മറിയം 19: 24-26)**

യേശുവിന്റെ ജനനസമയം ഈത്തപ്പഴ ഫലം കായ്ക്കുന്ന കാലമാണെന്ന് ഈ വചനം സൂചന നൽകുന്നു. ഈത്തപ്പഴ ഫലം കായ്ക്കുന്നത് ശിശിരകാലത്തല്ല. വേനൽകാലമായിരിക്കും എന്ന കാര്യം വ്യക്തമാണ്.

എമിരിറ്റസ് പോപ്പ് അഭിവന്ദ്യ ബെനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ 2012 ൽ പ്രസിദ്ധീകരിച്ച Jesus of Nazareth: The Infancy Narratives എന്ന പുസ്തകത്തിൽ യേശുവിന്റെ ജനനം ഡിസംബർ 25 ന്ന് അല്ല എന്നും ജനിച്ചത് ഏതാനും വർഷം പിറകോട്ടാണെന്നുമുള്ള വിവാദ പ്രസ്താവന നടത്തിയിട്ടുള്ള കാര്യവും ഓർക്കുക. ഇത്തരത്തിൽ നിരവധി ചരിത്രകാരന്മാരും ഗവേഷകന്മാരും യേശുവിന്റെ തിരുപ്പിറവിയുണ്ടായത് ഡിസംബറിലല്ല എന്ന് പറഞ്ഞിട്ടുണ്ട്.

എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിൽ **'ക്രിസ്മസ്'**എന്ന ശീർഷകത്തിൽ പറയുന്നു:

**'ഡിസംബർ 25ന് യേശുവിന്റെ ജന്മദിനമായി ആചരിക്കുന്നതിന്റെ സൂക്ഷ്മമായ ഉത്ഭവം അവ്യക്തമാണ്. പുതിയ നിയമം ഇത് സംബന്ധിച്ച് യാതൊരു സൂചനയും നൽകുന്നില്ല. എ. ഡി 221ൽ സെക്സ്റ്റസ് ജൂലിയസ് ആഫ്രിക്കാനൂസ് (Sextus Julius Africanus) ആണ് ആദ്യമായി യേശുവിന്റെ ജന്മദിനം ഡിസംബർ 25 ആയി ആചരിച്ചത്. പിന്നീട് ആ തീയതി സാർവ്വത്രികമായി അംഗീകരിക്കുകയായിരുന്നു. ഈ തീയതിയുടെ ആവിർഭാവത്തെ പറ്റിയുള്ള**

**വ്യാപകമായ ഒരു വിശദീകരണം ഇങ്ങനെയാണ്, റോമാ സാമ്രാജ്യത്തിൽ പ്രശസ്തമായ ആഘോഷ ദിനമാണിത്. ദക്ഷിണായന വേളയിൽ ശിശിരകാലം കഴിഞ്ഞ് സൂര്യന്റെ പ്രത്യാഗമനം ആഘോഷിക്കുന്ന ഡിസംബർ 25.** – Day of the birth of the unconquered Sun- (Dies solis invicti nati **അജയ്യമായ സൂര്യന്റെ ജന്മദിനം) ആ ദിനത്തിന്റെ ക്രിസ്തീയവത്ക്കരണമായിരുന്നു സംഭവിച്ചത്. അതായത് ശീതകാലത്തോട് വിടപറയുകയും വസന്തത്തിന്റേയും വേനലിന്റേയും ആഗമനം വിളംബരപ്പെടുത്തുകയും ചെയ്യുന്ന സൂര്യന്റെ പുനർജന്മത്തിന്റെ പ്രതീകമായി ഈ ദിനം ആഘോഷിക്കപ്പെട്ടിരുന്നു. തീർച്ചയായും ഡിസംബർ 25 യേശുവിന്റെ ജന്മദിനമായി വ്യാപകമായി സ്വീകരിക്കപ്പെട്ടു. ക്രിസ്ത്യൻ എഴുത്തുകാർ സൂര്യന്റെ പുനർജന്മദിനത്തെയും ദൈവപുത്രന്റെ ജനന ദിനത്തെയും തമ്മിൽ നിരന്തരം ബന്ധിപ്പിക്കുകയുണ്ടായി. ഈ വീക്ഷണത്തിന്റെ ഒരു ബുദ്ധിമുട്ട് എന്തെന്നാൽ ആദിമ ക്രിസ്തു സഭയുടെ ഭാഗത്ത് നിന്നും അനായാസം തങ്ങൾക്ക് ഉചിതമായ പ്രാകൃതമതക്കാരുടെ ഒരു ആഘോഷം സ്വീകരിക്കാനുള്ള സന്നദ്ധതയുണ്ടായി എന്നുള്ളതാണ്. ആദിമസഭക്ക് പ്രാകൃത മതക്കാരുടെ വിശ്വാസവും ആചാരവുമാണെന്ന് വ്യക്തമായ തിരിച്ചറിവുണ്ടായിട്ടുകൂടി അതിനെ സ്വാംശീകരിക്കുകയുണ്ടായി.’** (Christmas-Encyclopaedia Britanica)

## ബൈബിളിലെ സെൻസസ്: ഒത്തുപോകാത്ത കെട്ടുകഥ

ഗർഭിണിയായ പ്രതിശ്രുത വധു മറിയമിനേയും കൊണ്ട് ജോസഫ് ഭരണാധികാരിയുടെ ഉത്തരവ് പ്രകാരമുള്ള ഒരു സെൻസസിൽ പേരു ചേർക്കാൻ ഗലീലിയായിലെ നസ്രേത്തിൽ നിന്നും യൂദായിലെ ബെത്‌ലെഹേമിലേക്ക് പോയി എന്നാണ് ബൈബിൾ വിവരണം. യേശുവിനെ ഗർഭം ധരിച്ച കാലത്ത് അത്തരത്തിൽ ഒരു സെൻസസ് നടന്നതായി യാതൊരു ചരിത്രരേഖയുമില്ല. സെൻസസ് നടന്നത് യേശുവിന്റെ ജനനത്തിന്ന് ശേഷമാണ്താനും. മാത്രമല്ല. പൂർണ്ണ ഗർഭിണിയായ മറിയയേയും കൂട്ടി നസ്രേത്തിൽ നിന്നും ജോസഫ് 129 കിലോമീറ്റർ (ഏകദേശം 80 മൈൽ) ദൂരമുള്ള ബത്‌ലഹേമിലേക്ക് നടന്നു പോയി എന്നത് അതിശയ വിശ്വാസികൾക്ക് മാത്രമേ ഉൾക്കൊള്ളാൻ കഴിയൂ. ബൈബിളിൽ യേശുവിന്റെ ജനനത്തെ സംബന്ധിച്ച് ലൂക്കോസും മത്തായിയും മാത്രമേ പരാമർശിക്കുന്നുള്ളൂ. മത്തായിയുടെ വിവരണം നോക്കാം.

**‘അങ്ങനെ ഹെരോദേസ് രാജാവിന്റെ കാലത്ത് യൂദായിലെ ബെത്‌ലഹേമിൽ യേശു ജനിച്ചപ്പോൾ കിഴക്കുനിന്നുള്ള ജ്ഞാനികൾ ജെറുസലേമിൽ വന്നു ചോദിച്ചു. യഹൂദരുടെ രാജാവായി ജനിച്ചവൻ എവിടെ?. ഞങ്ങൾ, കിഴക്ക് അവന്റെ നക്ഷത്രം കണ്ടു. അവനെ ആരാധിക്കാൻ വന്നിരിക്കുന്നു . ഇത്കേട്ട് ഹെരോദോ രാജാവും ഒപ്പം ജെറുസലേം മുഴുവനും പരിഭ്രമിച്ചു. രാജാവ് മുഖ്യപുരോഹിതനേയും ജനങ്ങളിലെ വേദജ്ഞരേയും വിളിച്ചുകൂട്ടി ക്രിസ്തു എവിടെയാണ് ജനിക്കുക എന്ന് അവരോട് അന്വേഷിച്ചു. അവർ പറഞ്ഞു, യൂദായിലെ ബത്‌ലെഹേമിൽ. കാരണം പ്രവാചകന്മാർ ഇങ്ങനെ എഴുതിയിരിക്കുന്നു. അല്ലയോ യഹൂദ ദേശമേ ബെത്‌ലഹേമേ, നീ യഹൂദ പ്രഭുക്കളിൽ ഒന്നുകൊണ്ടും ചെറുതല്ല. കാരണം എന്റെ ജനമായ ഇസ്രായേലിനെ മേയ്ക്കാനുള്ള പ്രഭു നിന്നിൽ നിന്നും വരും.**

**പിന്നീട് ഹെരോദോ ആ ജ്ഞാനികളെ രഹസ്യമായി വിളിച്ചു. നക്ഷത്രം പ്രത്യക്ഷപ്പെട്ട സമയം കൃത്യമായി ചോദിച്ചറിഞ്ഞു. നിങ്ങൾ പോയി ശുഷ്ക്കാന്തിയോടെ ശിശുവിനെ അന്വേഷിക്കുക. ശിശുവിനെ കണ്ടെത്തിയാൽ വിവരം എന്നെയും അറിയിക്കണം. എനിക്ക് വന്ന് ശിശുവിനെ ആരാധിക്കാമല്ലോ എന്ന് പറഞ്ഞ് അവരെ ബത്‌ലഹേമിലേക്ക് യാത്രയാക്കി. രാജാവ് പറഞ്ഞത് കേട്ട് അവർ യാത്ര തുടർന്നു. അപ്പോൾ അതാ, അവർ കിഴക്കു കണ്ട നക്ഷത്രം! ശിശു കിടക്കുന്ന സ്ഥലത്തിനു മുകളിൽ ചെന്നു നിൽക്കുവോളം അത് അവരുടെ മുമ്പേ സഞ്ചരിച്ചു. നക്ഷത്രം കണ്ടപ്പോൾ അവരുടെ ആനന്ദത്തിന്ന് അതിരില്ലായിരുന്നു. വീടിനുള്ളിൽ കടന്നു ചെന്ന് അമ്മയായ മറിയമിന്റെ കൂടെയുണ്ടായിരുന്ന ശിശുവിനെ കണ്ട് അവർ സാഷ്ടാംഗം വീണ് ആരാധിച്ചു. നിക്ഷേപ പാത്രങ്ങൾ തുറന്ന് പൊന്നും കുന്തുരുക്കവും മീരായും എടുത്ത് അവർ ശിശുവിന് കാഴ്ച്ചവെക്കുകയും ചെയ്തു. ഹെരോദോസിന്റെ അടുത്തേക്ക് മടങ്ങിപ്പോകരുതെന്ന് സ്വപ്നത്തിൽ മുന്നറിയിപ്പ് ലഭിച്ചിരുന്നതിനാൽ മറ്റൊരു മാർഗ്ഗത്തിലൂടെയാണ് അവർ സ്വദേശത്തേക്ക് മടങ്ങിയത്. അവർ പോയിക്കഴിഞ്ഞ് കർത്താവിന്റെ മാലാഖ സ്വപ്നത്തിൽ യോസേഫിന്ന് പ്രത്യക്ഷപ്പെട്ട് പറഞ്ഞു: ‘എഴുന്നേൽക്കുക ശിശുവിനേയും അമ്മയേയും കൊണ്ട് ഈജിപ്തിലേക്ക് ഓടിപ്പോവുക. ഞാൻ പറയുവരെക്കും, കാരണം ഈ ശിശുവിനെ നശിപ്പിക്കാൻ ഹെരോദോസ് ഉടനെ അന്വേഷണം ആരംഭിക്കും. യോസേഫ് എഴുന്നേറ്റ് ആ രാത്രിയിൽ തന്നെ ശിശുവിനേയും അമ്മയേയും കൊണ്ട് ഈജിപ്തിലേക്ക് യാത്രതിരിച്ചു. ഹെരോദോസിന്റെ മരണംവരെ അവിടെ താമസിക്കുകയും ചെയ്തു.’ (മത്തായി 2: 1–15)**

ലൂക്കോസിന്റെ വിവരണം നോക്കൂ:

**‘അക്കാലത്ത് ലോകത്തെങ്ങും ആളുകൾ ജനസംഖ്യാ കണക്കിൽ പേരെഴുതിക്കണമെന്ന് അഗസ്തസ് സീസറിന്ന് കൽപ്പന പുറപ്പെടുവിച്ചു. കുറേന്യാസ്, സിറിയയിലെ**

**ദേശാധികാരിയായിരിക്കുമ്പോഴാണ് ഒന്നാമത്തെ ഈ പേരെഴുത്ത് നടന്നത്. എല്ലാവരും സ്വനഗരത്തിൽ പേരെഴുതിക്കാൻ പോയി. യോസേഫും ഗലീലിയയിലെ നഗരമായ നസറേത്തിൽ നിന്നും യുദായിലെ ബെത്‌ലെഹേം എന്ന് പേരുള്ള ദാവീദിന്റെ നഗരത്തിലേക്ക് ഗർഭിണിയായ പ്രതിശ്രുത വധു മറിയമിനോട് കൂടി പേരെഴുതിക്കാൻ പോയി. കാരണം അയാൾ ദാവീദിന്റെ ഭവനത്തിലും വംശത്തിലും പെട്ടവനായിരുന്നു. അവിടെ വെച്ച് അവൾക്കു പ്രസവസമയമായി അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. ശിശുവിനെ ശീലകളിൽ പൊതിഞ്ഞു. ഒരു പുൽതൊട്ടിയിൽ കിടത്തി. സത്രത്തിൽ അവർക്ക് സ്ഥലം കിട്ടിയിരുന്നില്ല.' (ലൂക്കോസ് 2: 1–7)**

യേശുവിന്റെ ജനനനത്തെ സംബന്ധിച്ച് മത്തായിയും ലൂക്കോസും നൽകിയ രണ്ട് വിവരണങ്ങളിലും ഉള്ളടക്കത്തിൽ വ്യക്തമായ വ്യത്യാസങ്ങളും പരസ്പര വൈരുദ്ധ്യങ്ങളുമുണ്ട്. മത്തായിയുടെ വിവരണത്തിൽ ശിശുവായ യേശുവിനെ കൊല്ലാൻ ഹെരോദോ രാജാവ് ബത്‌ലഹേമിൽ ആളെ അയക്കുമെന്നും അതിനാൽ ഈജിപ്തിലേക്ക് ഓടിപ്പോവണമെന്നുമുള്ള പരാമർശമുണ്ട്. ബെത്‌ലഹേം യാത്ര നടത്തിയതിന്റെ കാരണം തലവരിചേർക്കാനാണ് എന്ന ലൂക്കോസിലെ പരാമർശവും മത്തായിയിലില്ല. യേശുവിന്റെ ജനനത്തെ സംബന്ധിച്ച് മത്തായിയുടെ സുവിശേഷത്തിൽ മാലാഖ സംഭാഷണം നടത്തുന്നത് ജോസഫിനോടാണ്. എന്നാൽ ലൂക്കോസിന്റെ സുവിശേഷത്തിൽ മാലാഖ എല്ലാ കാര്യങ്ങളും സംവദിക്കുന്നത് യേശുവിന്റെ വന്ദ്യമാതാവ് മറിയയുമായിട്ടാണ്. അത്പോലെ മറ്റൊരു പ്രകടമായ വൈരുദ്ധ്യം കുറേന്യസിനെയും ഹെരോദോയെ സംബന്ധിച്ച കാലഗണനയിലെ പൊരുത്തക്കേടാണ്.

## ഹെരോദോയും കുറേന്യാസും: കാലക്രമത്തിലെ പൊരുത്തക്കേട്

യേശുവിന്റെ ജനന സമയം ഹെരോദോ, കുറേന്യാസ് എന്നീ രണ്ട് രാജാക്കന്മാരുടെ ഭരണകാലവുമായി ബന്ധപ്പെടുത്തിയാണ് മത്തായിയും ലൂക്കോസും വിവരിക്കുന്നത്. ഈ രണ്ട് ഭരണാധികാരികളുടേയും ഭരണകാലം വ്യക്തമായും വ്യത്യസ്തമാണ്. യേശു ജനിക്കുന്ന സമയത്ത് ഫലസ്തീൻ റോമിന്റെ കീഴിലെ ഒരു ഭരണ പ്രദേശമായിരുന്നു. റോമാ ചക്രവർത്തിയായ അഗസ്തസ് സീസറായിരുന്നു അന്നത്തെ റോമൻ ചക്രവർത്തി. റോമിന്റെ കീഴിൽ ജൂദിയ ഭരിച്ചിരുന്ന റോമൻ സാമന്തരാജാവായിരുന്നു (Client Kings) ഹെരോദോ (Herod ക്രി.മു 73 ക്രി. മു 4). ഹെരോദയുടെ ഭരണകാലം ക്രി.മു 37 മുതൽ ക്രി മു 4 വരെയാണ്. അദ്ദേഹത്തിന്റെ ഭരണകാലത്താണ് യേശു ജനിച്ചത് എന്നാണ് മത്തായിയുടെ സുവിശേഷം പറയുന്നത്. അത് തന്നെ യേശുവിന്റെ ജനനത്തിന്ന് 4 വർഷം മുമ്പാണ് ഹെരോദോ മരിച്ചതായി ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ലൂക്കോസ് പറയുന്നത് മറ്റൊരു കഥയാണ്. സിറിയയിലെ ഗവർണർ കുറേന്യാസിന്റെ അഥവാ പബ്ലിയസ് സൾപിഷിയസ് കുറേന്യാസ് (Publius Sulpicius Quirinius– ബി.സി 51 ക്രി.വ 21) ന്റെ കാലത്ത് സെൻസസിൽ പേരു ചേർക്കാൻ വേണ്ടി ജോസഫും പൂർണ്ണ ഗർഭിണിയായ പ്രതിശ്രുത വധു മറിയമും കൂടി നസറേത്തിൽ നിന്നും ബെത്‌ലഹേമിൽ എത്തിയപ്പോഴാണ് യേശുവിന്റെ ജനനം സംഭവിച്ചത് എന്നാണ്. ഈ രണ്ട് പ്രസ്താവനകളും ചരിത്ര വസ്തുതകൾക്ക് നിരക്കുന്നതല്ല.

റോമാസാമ്രാജ്യവുമായി വളരെ നയത്തിൽ കഴിഞ്ഞിരുന്ന ഹെറോദോ 32 വർഷം (ബി സി 37–4) ഭരണം നടത്തി ക്രി.മു 4 ലാണ് മരിക്കുന്നത്. ഹെരോദോവിന്റെ മരണ ശേഷം റോമൻ ആശ്രിതത്വത്തിലുള്ള അദ്ദേഹത്തിന്റെ രാജ്യം മൂന്ന് സന്താനങ്ങൾക്ക് വിഭജിച്ചു നൽകി. ഹെറോദോ ആർക്കിലോസിന്ന് (Herod Archelaus) ജൂദിയായും ഈദൂമിയയും, വിജാതീയർ താമസിക്കുന്ന സമരിയായും ഉൾപ്പെടെയുള്ള പ്രദേശം. ഹെരോദോ അന്തിപ്പാസിന്ന് (Herod Antipas) ഗലീലിയും പെരായിയയും. ഹെരോദോ ഫിപിപ്പിന്ന് (Herod Philip) ഇതൂരിയായും ഗലീലി തടാകത്തിന്ന് വടക്ക് പടിഞ്ഞാറ് ഭാഗത്തുള്ള ട്രക്കോനിറ്റ്സും നൽകി. ക്രി.വ 6ൽ അഗസ്റ്റസ് ചക്രവർത്തിയുടെ അപ്രീതിക്ക് പാത്രമായി ഹെറോദോ ആർക്കിലോസിനെ തൽസ്ഥാനത്ത് നിന്നും മാറ്റുകയുണ്ടായി. അദ്ദേഹത്തിന്റെ ഭരണപരിധിയിലുണ്ടായിരുന്ന ജൂദിയ ഈദുമിയ സമരിയ എന്നീവിടങ്ങൾ അടങ്ങിയ ഭൂഭാഗത്തിന്ന് സാമന്തരാജ്യം (Client Kingdom) എന്ന പദവി മാറ്റി സാമ്രാജ്യ പ്രവിശ്യ (Imperial Province) എന്നാക്കി മാറ്റുകയും പബ്ലിയസ് സൾപിഷ്യസ് കുറേന്യാസിനെ (Publius Sulpiciusd Quirinius) ക്രി.വ 6ന് റോമിന്റെ പ്രോവിൻസായി പുതുതായി കൂട്ടി ചേർക്കപ്പെട്ട പ്രവിശ്യയിലെ ഗവർണ്ണർ (Legatus) ആയി നിയമിക്കുകയും ചെയ്യുന്നത് എന്ന് ഒന്നാം നൂറ്റാണ്ടിലെ ആധികാരിക യഹൂദ ചരിത്രകാരനായ ഫ്ളേവിയസ് ജോസഫസ് രേഖപ്പെടുത്തുന്നു. ഈ കുറേന്യാസിന്റെ ഭരണകാലത്താണ് യേശുവിന്റെ ജനന സമയത്തുണ്ടായ സെൻസസ് ഉണ്ടായതെന്ന് ബൈബിളിൽ ലൂക്കോസ് പറയുന്നത്. അത്‌വരെ അവിടെ സെൻസസ് നടന്നിട്ടില്ല. ക്രിസ്തു ജനിക്കുന്നതിന്ന് 4 വർഷം മുമ്പ് മരിച്ചു പോയി എന്ന് ചരിത്രത്തിൽ രേഖപ്പെടുത്തിയ ഹെരോദോവിന്റെ കാലത്താണ് യേശു ജനിച്ചതെന്ന് മത്തായിയും ക്രിസ്തുവിന്ന് ശേഷം 6–ാം വർഷം നടന്ന സെൻസസ് വേളയിലാണ്

**ശേഷം പേജ് 42 ൽ**

ഭാഗം – 4

# ഹദ്റത്ത് ഇമാം ഹുസൈൻ(റ): ശഹാദത്തും ചരിത്ര പശ്ചാത്തലവും

റസൂൽ തിരുമേനി(സ) യുടെ പേരമകൻ ഇമാം ഹുസൈന്റെ ശഹാദത്തിന്റെ ദുഃഖസ്മൃതികൾ മുസ്‌ലിംലോകത്തെ കണ്ണീരണിയിക്കുന്ന മഹാദുരന്തമാണ്. റസൂൽ തിരുമേനി(സ) യുടെ ജനിതക പാരമ്പര്യത്തിൽ പിറന്ന ആ പുണ്യാത്മാവിന്റെ പരിശുദ്ധ ജീവിതത്തെ കുറിച്ച് വിവരിക്കുന്നു. (ഈ പരമ്പര ഇവിടെ അവസാനിക്കുന്നു.)

റഫീക്ക് അഹ്മദ് മാത്തോട്ടം

### ഹുർ ബിൻ യസീദിന്റെ മാനസാന്തരം

പിന്നീട് ഇമാം ഹുസൈൻ തന്റെ താവളത്തിലേയ്ക്കു തിരിച്ചു വരാൻ തുടങ്ങിയപ്പോൾ ഒരാൾ വന്നു അദ്ദേഹത്തിനു മുന്നിൽ തന്റെ പരിച ഇടുകയും കാലിൽ വീഴുകയും ചെയ്തു. എന്നിട്ടു, അങ്ങയോടു ചെയ്തു പോയ അപരാധങ്ങൾ ക്ഷമിക്കണമെന്നും അല്ലാഹുവും എനിക്കു പൊറുത്തു തരുന്നതിനായി ദുആ ചെയ്യണമെന്നും വിനീതമായി അപേക്ഷിച്ചു. ഇമാംഹുസൈനേയും സംഘത്തേയും ആദ്യമായി വഴിയിൽ തടയുകയും അദ്ദേഹത്തെ വേറെ ഭാഗത്തേയ്ക്കു പോകാൻ അനുവദിക്കാതെ ഇവിടെ വരെ പിന്തുടർന്നിരുന്ന ബിൻ സിയാദിന്റെ സേനാനായകരിൽ ഒരാളായ ഹുർ ബിൻ യസീദ് റിബാഹിയായിരുന്നു അത്. ഇമാം ഹുസൈന്റെ പ്രസംഗം അയാളുടെ ഹൃദയത്തെ അത്ര മാത്രം ആഴത്തിൽ സ്പർശിച്ചു എന്നാണു ഇതിൽ നിന്നു മനസ്സിലാകുന്നത്. ഇമാം ഹുസൈനോടു കൂഫക്കാർ അങ്ങേയറ്റത്തെ നന്ദികേടും അന്യായവുമാണു ചെയ്തതെന്നു ഹുർ ബിൻ യസീദിനു മനസ്സിലായി. മാത്രവുമല്ല ഇമാം ഹുസൈൻ മുന്നോട്ടു വച്ച ഒരു നിർദേശവും അവർ സ്വീകരിച്ചില്ല എന്നതും അദ്ദേഹത്തെ ആശ്ചര്യപ്പെടുത്തി. ഇമാം ഹുസൈനോടു ഹുർ പറഞ്ഞു അല്ലാഹുവിനോടു തൗബ ചെയ്തുകൊണ്ട് ഞാൻ ഇപ്പോൾ അങ്ങയുടെ അടുക്കൽ വന്നിരിക്കുകയാണ്. ഞാൻ ചെയ്ത തെറ്റിന്റെ പ്രായശ്ചിത്തമെന്ന നിലയിൽ ഞാൻ എന്റെ ജീവൻ വെടിഞ്ഞും അങ്ങയെ സഹായിക്കുന്നതായിരിക്കും. അപ്പോൾ ഇമാം ഹുസൈൻ പറഞ്ഞു ഞാൻ ക്ഷമിച്ചിരിക്കുന്നു. അല്ലാഹുവും താങ്കൾക്കു പൊറുത്തു തരുമാറാകട്ടെ.

ഹുർ, ഇമാം ഹുസൈന്റെ അടുക്കൽ വരുന്നതിനു മുമ്പു ഇബ്നു സഅദിനെ സമീപിച്ചു കൊണ്ട് ഇപ്പോൾ ആരംഭിക്കാൻ പോകുന്ന യുദ്ധം നിർത്തിവെക്കാൻ വേണ്ടതു ചെയ്യണമെന്നു ആവശ്യപ്പെട്ടിരുന്നു. എനിക്കതിനുള്ള അധികാരമില്ലെന്നായിരുന്നു അയാളുടെ മറുപടി. അതിനു ശേഷമാണു ഇമാം ഹുസൈന്റെ അടുക്കൽ അയാൾ വന്നത്. രണ്ടു ഭാഗവും യുദ്ധത്തിന്നായി ഒരുങ്ങിയിരിപ്പാണ്. തൊട്ടടുത്തു തന്നെ നിൽക്കുകയായിരുന്ന ശിമർ സിൽ ജോശനെ വാളു കൊണ്ട് വെട്ടാൻ ഇമാം ഹുസൈന്റെ ഭാഗത്തുള്ള ഒരാൾ ഒരുങ്ങിയപ്പോൾ ഇമാം ഹുസൈൻ അയാളെ വിലക്കി കൊണ്ട് യുദ്ധം നമ്മൾ ആരംഭിക്കരുതെന്നു ഉപദേശിച്ചു. അപ്പോഴേക്കും യുദ്ധം ആരംഭിച്ചുവെന്ന സൂചന നൽകി കൊണ്ട് ഇബ്നു സഅദ് അമ്പെയ്തു. ആദ്യം വ്യക്തിഗത പോരാട്ടമായിരിക്കും നടക്കുക. അതായതു ദ്വന്ദ യുദ്ധം. ഹുർ ബിൻ യസീദ് ഒരുങ്ങി മുന്നോട്ടു വന്നു. ഇമാം ഹുസൈൻ അദ്ദേഹത്തിനു അനുവാദം നൽകുകയും ദുആ ചെയ്തു കൊണ്ട് അദ്ദേഹത്തെ മുന്നോട്ടയക്കുകയും ചെയ്തു.

ആദ്യമായി ഹുർ ബിൻ യസീദ് യുദ്ധ മൈതാനത്തിലിറങ്ങി. അദ്ദേഹം ഒരു വേള ശത്രുപക്ഷത്തിന്റെ സേനാ നായകനായിരുന്നു. അദ്ദേഹം തികഞ്ഞ ധീരതയോടെ മികവോടെ അങ്ങേയറ്റത്തെ യുദ്ധ നൈപുണ്യത്തോടെ ശത്രുക്കളോ

യുവാക്കളുടെ ഊഴം വന്നെത്തി. ഉടനെ ഇമാം ഹുസൈന്റെ യുവാവായ മകൻ അലി അക്ബർ ഈ ഒരു ഈരടി ചൊല്ലിക്കൊണ്ട് യുദ്ധമുഖത്തേക്കു നീങ്ങി. *അന അലി ഇബ്നു ഹുസൈൻ ഇബ്നു അലി വ റബ്ബിൽ ബൈത്ത് വലിയ്യും മിൻ നബി.* അലിയുടെ പുത്രൻ ഹുസൈന്റെ മകനായ അലിയാണു ഞാൻ കഅബയുടെ റബ്ബിനാണെ സത്യം ഞാൻ റസൂൽ തിരുമേനിയുടെ അവകാശിയും പിൻഗാമികളിൽപെട്ടവനുമാണ്. അദ്ദേഹം വളരെ ധീരതയോടെ പൊരുതി. താമസിയാതെ അദ്ദേഹവും രക്ഷസാക്ഷിയായി. ഹൃദയത്തിൽ അൽപം പോലും ദയയോ മൃതദേഹത്തോടു ആദരവോ ഇല്ലാത്ത ആ കാട്ടാളന്മാർ അദ്ദേഹത്തിന്റെ ശരീരത്തെ വെട്ടി കുറെ കഷ്ണങ്ങളാക്കി. ഇമാം ഹുസൈൻ ധൃതിയിൽ ചെന്നു തന്റെ മകന്റെ ചേതനയറ്റ ശരീരഭാഗങ്ങൾ എടുത്തു തമ്പിന്നരികിൽ കൊണ്ടു വന്നു വച്ചു. എന്നിട്ടു കടുത്ത മാനസിക വ്യഥയോടും നടുക്കത്തോടും കൂടി ആകാശത്തേയ്ക്കും ചിലപ്പോൾ യുവാവായ മകന്റെ ചിതറിക്കിടക്കുന്ന രക്തത്തിൽ കുതിർന്ന ഭൗതിക ശരീരവും മാറി മാറി വീക്ഷിക്കാൻ തുടങ്ങി.

അഹ്‌ലുൽ ബൈത്തിലെ യുവരക്തം കൊണ്ട് ഇസ്‌ലാമിനു സേചനം ചെയ്യാനുള്ള അവസരമാണു വന്നെത്തിയിരിക്കുന്നത്. അലി അക്ബറിനു ശേഷം മുസ്‌ലിം ബിൻ അഖീലിന്റെ മകൻ അബ്ദുല്ലാഹ്‌യും ജഅ്ഫർ ത്വയ്യാറിന്റെ പൗത്രൻ അദി ബിൻ ജഅ്ഫറും ശഹീദായി. തുടർന്നു മുസ്‌ലിം ബിൻ അഖീലിന്റെ മറ്റൊരു മകൻ അബ്ദുർ റഹ്മാനും, ഹുസൈന്റെ സഹോദരൻ ഹസ്സൻ ബിൻ അലിയുടെ മകൻ ഖാസിമും ശഹീദായി. അതിനു ശേഷം മൂന്നു സഹോദരന്മാരായ അബൂബക്കർ, ജഅ്ഫർ, ഉസ്മാൻ പിന്നീട് അബ്ബാസ് ഒരോരാളായി എല്ലാവരും കർബലയിൽ അറുക്കപ്പെട്ടു. ഒരാൾ അർപണബോധത്തോടും ആത്മാർഥതയോടും കൂടി സിംഹത്തിന്റെ ശൂരതയോടും ധീരതയോടും കൂടി അവർ രണാങ്കണത്തിൽ ചാടി വീണു. അവർ ആരും തന്നെ തിരിച്ചു വന്നില്ല. എല്ലാവരും ശത്രുക്കളുടെ അമ്പിനും കുന്തത്തിനും വാളിനും ഇരയായി ഇമാം ഹുസൈനു മുന്നിൽ പിടഞ്ഞു വീണു മരിച്ചു. ശത്രുക്കളുടെ വെട്ടേറ്റു ജീവൻ വെടിയുന്നതിനു മുമ്പ് അവർ ഓരോരുത്തരും അനേകം ശത്രുക്കളെ വാളിന്നിരയാക്കിയിരുന്നു. ഇത്തരത്തിൽ ചെറിയൊരു സമയത്തിനുള്ളിൽ തന്നെ ഇമാം ഹുസൈന്റെ പതിനാറോളം ആത്മാർഥരായ കൂട്ടുകാർ രക്തസാക്ഷികളായി. ദ്വന്ദ യുദ്ധത്തിൽ ശത്രക്കൾക്കു വലിയ ആൾ നാശമാണുണ്ടായിരിക്കുന്നത് എന്നവർ മനസ്സിലാക്കിയപ്പോൾ സേനാനായകനായ ഇബ്നു സഅദ് അതു നിർത്തുകയും ഒന്നിച്ചുള്ള ആക്രമണത്തിനു ഉത്തരവു നൽകുകയും ചെയ്തു. ആയിടയ്ക്കു ടെന്റിൽ നിന്നും ശത്രുക്കളുടെ നേരെ അമ്പെയ്യുകയും ശിമർ സിൽ ജോശന്റെ കുതിരയ്ക്കു ഗുരുതരമായ പരിക്കേൽക്കുകയും ചെയ്തപ്പോൾ ശിമർ ടെന്റ് അഗ്നിക്കിരയാക്കാൻ കൽപിച്ചു.

ഉച്ചയ്ക്കു സുഹർ നമസ്ക്കാരത്തിനുള്ള സമയമായപ്പോൾ അതിനായി ഇമാം ഹുസൈൻ ശത്രുക്കളോടു അനുവാദം ചോദിച്ചെങ്കിലും നിന്റെ നമസ്ക്കാരം അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമല്ല എന്നു പറഞ്ഞു കൊണ്ട് അവർ നിഷേധിക്കുകയാണു ചെയ്തതു. അതിനാൽ അദ്ദേഹം കർബലയുടെ ആ മൈതാനത്തു സ്വലാത്തുൽ ഖൗഫ് നിർവഹിച്ചു. ഉച്ചയ്ക്കു ശേഷം അതിഘോരമായ യുദ്ധം നടക്കാൻ തുടങ്ങി. ഇമാം ഹുസൈന്റെ ആത്മാർഥരായ കൂട്ടുകാർ എല്ലാവരും തന്നെ തങ്ങളുടെ ജീവൻ അർപണം ചെയ്തു കഴിഞ്ഞു. അവർക്കു ശേഷം അഹ്‌ലുൽ ബൈത്തിലെ ടേറ്റുമുട്ടുകയും നാൽപതിൽപരം ആളുകളെ അരിഞ്ഞു വീഴ്ത്തുകയും ചെയ്തു. അപ്പോഴേക്കും ശത്രുക്കളിൽ ചിലർ അദ്ദേഹത്തെ തലങ്ങും വിലങ്ങും വെട്ടി ശഹീദാക്കി. അതിനു ശേഷം ഇമാം ഹുസൈന്റെ ആത്മാർഥരായ സ്നേഹിതർ മുന്നോട്ടു വരാൻ തുടങ്ങി. അവർ ഓരോരുത്തർ ആദ്യം ഇമാം ഹുസൈനു മുന്നിൽ വരികയും അദ്ദേഹത്തിനു സലാം പറയുകയും അദ്ദേഹത്തിന്റെ അനുവാദവും ദുആയോടും കൂടി യുദ്ധമൈതാനിയിലേയ്ക്കു കുതിക്കുകയും ചെയ്തു കൊണ്ടിരുന്നു. ഹദ്റത്ത് ഇമാം ഹുസൈൻ ഖുർആനിലെ ഈ ആയത്തു ഓതികൊണ്ടായിരുന്നു അവരെ യുദ്ധമുഖത്തേയ്ക്കു ആനയിച്ചു കൊണ്ടിരുന്നത്.

مِنَ الْمُؤْمِنِينَ رِجَالٌ صَدَقُوا مَا عَاهَدُوا اللَّهَ عَلَيْهِ فَمِنْهُم مَّن قَضَىٰ نَحْبَهُ وَمِنْهُم مَّن يَنتَظِرُ وَمَا بَدَّلُوا تَبْدِيلًا

അല്ലാഹുവുമായിച്ചെയ്ത കരാർ പാലിച്ച ചിലയാളുകൾ ആ സത്യവിശ്വാസികളിലുണ്ട്. അങ്ങനെ (ജീവനർപിച്ച്) അവരിൽ ചിലർ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിയിരിക്കുന്നു. അവരിൽ (മറ്റു) ചിലർ (അതിനായി) അവസരം പാർത്തിരിക്കുകയുമാണ്. അവർ (തങ്ങളുടെ നിലപാടിൽ) ഒരു മാറ്റവും വരുത്തിയിട്ടുമില്ല. (ഖുർആൻ 33:24)

യുദ്ധമൈതാനത്തേയ്ക്കുള്ള ഈ കുതിപ്പു അവരുടെ അവസാന നിമിഷങ്ങളാണെന്നും തങ്ങൾക്കു ഇനി മടക്കമില്ലെന്നും അവർക്കു നന്നായിട്ടറിയാം. സ്വന്തം മരണം ഉറപ്പാക്കിട്ടുള്ള അവർക്ക് മറ്റൊന്നും ഭയപ്പെടാനില്ലായിരുന്നു. ശത്രുക്കൾക്കു പരമാവധി നാശമുണ്ടാക്കുക അതായിരുന്നു അവരുടെ ലക്ഷ്യം. അവർ വിശപ്പും ദാഹവും നിമിത്തം ബലഹീനരാണെങ്കിലും ദീർഘമായ യാത്ര കാരണം ക്ഷീണിതരാണെങ്കിലും എല്ലാം മറന്നു കൊണ്ട്

മാത്രം ബാക്കിയായി. അതു സുഖമില്ലാതെ തമ്പിന്നകത്തു കിടക്കുകയായിരുന്ന സൈനുൽ ആബിദീനായിരുന്നു. അഹ്‌ലുൽ ബൈത്തിലെ ബാക്കിയുള്ള ഇരുപത് പുരുഷന്മാരും ഇസ്‌ലാമിന്റെ ആത്മാഭിമാനവും അന്തസ്സും ഉയർത്തിപ്പിടിക്കുന്നതിനായി തങ്ങളുടെ ചുടുരക്തം കർബലയുടെ ആ തരിശു ഭൂമിയിൽ ഒഴുക്കിക്കൊണ്ട് ഇസ്‌ലാമിനെ ശക്തിപ്പെടുത്തി. ഇമാം ഹുസൈൻ മദീനയിൽ നിന്നും പുറപ്പെടുമ്പോൾ അനുഗമിച്ച അദ്ദേഹത്തിന്റെ ആത്മാർഥരായ സ്നേഹിതരും അഹ്‌ലുൽ ബൈത്തിലെ കൂടപ്പിറപ്പുകളും ഒരു ഘട്ടത്തിലും അദ്ദേഹത്തെ ധിക്കരിക്കുകയോ അനുസരണക്കേടു കാണിക്കുകയോ ചെയ്തിരുന്നില്ല. കഷ്ടപ്പാടുകൾക്കു മേൽ കഷ്പ്പാടുകൾ വന്നെത്തിയപ്പോഴും ഒരക്ഷരം പരാതി പറഞ്ഞില്ല. ഒരു വിഷമവും അവർ പ്രകടിപ്പിച്ചില്ല. ഒരു പക്ഷേ, ഇമാം ഹുസൈനോടു അവർ കാണിച്ച കൂറും സ്നേഹവും കാരണം അല്ലാഹു അവരെയെല്ലാം തന്നെ കർബലയിൽ ശഹാദത്തിന്റെ ഉന്നത പദവി നൽകി അനശ്വരാക്കുകയാണു ചെയ്തതു. ഖുർആൻ പറയുന്നു.

وَلَا تَحْسَبَنَّ الَّذِينَ قُتِلُوا فِي سَبِيلِ اللَّهِ
أَمْوَاتًا بَلْ أَحْيَاءٌ عِنْدَ رَبِّهِمْ يُرْزَقُونَ

അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവർ മരിച്ചവരാണെന്നു നീ ഒരിക്കലും ധരിക്കരുത്. അല്ല, അവർ തങ്ങളുടെ രക്ഷിതാവിങ്കൽ ജീവിച്ചിരിപ്പുള്ളവരാണ്. അവർക്കു ആഹാരം നൽകപ്പെടുകയും ചെയ്യുന്നു. (ഖുർആൻ 3:170)

ഇനിയിപ്പോൾ ഇമാം ഹുസൈന്റെ ഊഴമാണ്. അദ്ദേഹം മാത്രമാണു പുരുഷന്മാരിൽ ജീവിച്ചിരിപ്പുള്ളത്. രാവിലെ യുദ്ധം തുടങ്ങിയതു മുതൽ രക്തസാക്ഷികളായ സ്നേഹിതരുടേയും കൂടപ്പിറപ്പുകളുടേയും മൃതശരീരങ്ങൾ യുദ്ധഭൂമിയിൽ നിന്നും എടുത്തു മാറ്റുന്ന ജോലിയിലായിരുന്നു അദ്ദേഹം. കലശലായ വിശപ്പും ദാഹവും ഉണ്ടായിരുന്നിട്ടും കടുത്ത മാനസിക സംഘർഷവും സമ്മർദവും നിറഞ്ഞ ഈ കർത്തവ്യം അദ്ദേഹം നിറവേറ്റിക്കൊണ്ടിരുന്നു. ഇപ്പോൾ ക്ഷീണിച്ചു തളർന്നവശനായ അദ്ദേഹം വാളും പരിചയും കൈയിലേന്തി ഭാര്യയും സഹോദരിയുമടങ്ങുന്ന സ്ത്രീകളേയും സുഖമില്ലാതെ കിടക്കുന്ന തന്റെ മകൻ സൈനുൽ ആബിദീനേയും പിഞ്ചു മകൻ അലി അസ്ഗറിനേയും ഒന്നു നോക്കി. അവരെ ആശ്വസിപ്പിച്ചു. പിന്നീട് ശത്രുക്കളുടെ നേരെ പാഞ്ഞടുത്തു. ആദ്യം മുന്നിലുണ്ടായിരുന്ന അവരുടെ നിരകൾ അദ്ദേഹം വെട്ടി വീഴ്ത്തിക്കൊണ്ടിരുന്നു. അതുകണ്ടു ശത്രുക്കളൊന്നു പതറി. ആ അവസരത്തിൽ ശിമർ സിൽ ജോശൻ തന്റെ സേനാംഗങ്ങളെ ഇമാം ഹുസൈന്നെതിരിൽ മുന്നേറാനും അദ്ദേഹത്തെ കുന്തം കൊണ്ട് കുത്താനും അമ്പെയ്തു വീഴ്ത്താനും നിരന്തരം പ്രേരിപ്പിക്കുകയും അവർക്കു ധൈര്യം പകരുകയും ചെയ്യുന്നുണ്ടായിരുന്നു. അങ്ങനെ വാളുകൊണ്ടും അമ്പു കൊണ്ടുമുള്ള കുറേയേറെ മുറിവുകളും പരിക്കുകളും ഇമാം ഹുസൈനും പറ്റി. വലിയൊരു സൈന്യത്തിനു മുന്നിൽ ആർക്കാണു അധികം സമയം പിടിച്ചു നിൽക്കാൻ സാധിക്കുക. രക്തം ശരീരത്തിന്റെ പല ഭാഗത്തു നിന്നും ഒലിച്ചിറങ്ങി. ഇതൊക്കെ അടുത്തു നിന്നു കണ്ടുകൊണ്ടിരുന്ന ഇമാം ഹുസൈന്റെ രണ്ടു രണ്ടര വയസ്സു പ്രായമുള്ള ഇളയ കുഞ്ഞ് അലി അസ്ഗർ ഓടി വന്നു പിതാവിനെ കെട്ടിപ്പിടിച്ചു. ഇമാം ഹുസൈൻ കുട്ടിയെ വരിയെടുത്തപ്പോഴേക്കും അനുകമ്പ എന്തെന്നറിയാത്ത ഒരു ശിലാഹൃദയൻ ശത്രു പക്ഷത്തു നിന്നു ഈ പിഞ്ചു കുഞ്ഞിനു നേരെ അമ്പെയ്തു. അമ്പ് കുഞ്ഞിന്റെ കഴുത്തിൽ തറച്ചു കയറി. അതോടെ കുഞ്ഞ് ഇമാം ഹുസൈന്റെ മടിയിൽ തൽക്ഷണം പിടഞ്ഞു മരിച്ചു.

സഹോദരി സൈനബും ഇതൊക്കെ കാണുന്നുണ്ടായിരുന്നു. അവർക്കു സഹിക്കാനായില്ല. അവർ ടെന്റിൽ നിന്നും ഇറങ്ങി ഓടി ഇമാം ഹുസൈന്റെ അടുക്കലേയ്ക്കു വന്നു. അഭിമാനിയും സ്നേഹധനനുമായ ആ സഹോദരൻ, തന്റെ കൈയിലിരിക്കുന്ന ജീവൻ നഷ്ടപ്പെട്ട കുഞ്ഞിനേയുമെടുത്തു സഹോദരിയേയും കൂട്ടി തമ്പിലേയ്ക്കു തിരിച്ചു വന്നു. കുഞ്ഞിന്റെ മൃതശരീരം മറ്റു മയ്യത്തുകളോടൊപ്പം കിടത്തി സഹോദരിയേയും മറ്റുള്ളവരേയും സമാധാനിപ്പിച്ചു കൊണ്ട് ശത്രുക്കളുടെ അടുക്കലേയ്ക്കു വീണ്ടും വന്നു. ഏതാനും നിമിഷം മുമ്പു വരെ ഓടിക്കളിച്ചിരുന്ന അലി അസ്ഗർ എന്ന പിഞ്ചു കുഞ്ഞിന്റെ ചേതനയറ്റ ശരീരം കണ്ട് മാതാവ് അലമുറയിട്ടു കരയാൻ തുടങ്ങി. അതിനു മുമ്പ് അവരുടെ മൂത്ത മകൻ അലി അക്ബറും അവർക്കു നഷ്ടപ്പെട്ടിരുന്നുവല്ലോ. ഇമാം ഹുസൈൻ വീണ്ടും ശത്രുക്കളെ നേരിടാൻ തുടങ്ങി. ആ സമയം അദ്ദേഹം അവരോടു ഇങ്ങനെ പറയുന്നുണ്ടായിരുന്നു. ഇന്നു നിങ്ങൾ എന്നെ വധിക്കാനായി ഒരുമിച്ചു കൂടിയിരിക്കുകയാണ്. അല്ലാഹുവാണെ സത്യം അവൻ നിങ്ങളെ എളിമയിലാക്കുകയും എനിക്കു ആദരവു നൽകുകയും ചെയ്യും തീർച്ച.

ശിയാക്കളുടെ ചില ചരിത്ര ഗ്രന്ഥമനുസരിച്ച് ഹദ്റത്ത് ഇമാം ഹുസൈൻ ശത്രുക്കളുമായി പൊരുതി തളർന്നപ്പോൾ തന്റേയും കുതിരയുടേയും ദാഹം ശമിപ്പിക്കാനായി കുതിപ്പുറത്തേറി നേരെ യൂഫ്രട്ടീസ് നദിക്കരയിൽ ചെന്നു. വെള്ളം കുടിക്കാനായി കുതിരയെ വെള്ളത്തിൽ ഇറക്കി. പക്ഷേ, യജമാനനോടു കൂറും സ്നേഹവുമുള്ള, ദാഹിച്ചു വലഞ്ഞു നിൽക്കുന്ന ആ കുതിര വെള്ളം കുടിക്കാതെ ആദ്യം യജമാനൻ കുടിക്കുന്നതും കാത്തിരുന്നു. അതു മനസ്സിലാക്കിയ ഇമാം ഹുസൈൻ കൈകുമ്പിളിൽ വെള്ളമെടുത്തു കുടിക്കാ

ൻ തുടങ്ങിയപ്പോഴേക്കും ശത്രുവിന്റെ ഒരമ്പു കവിളിൽ തറച്ചു കയറി. ഒരാൾ ഇമാം ഹുസൈന്റെ തലയ്ക്കു വെട്ടി. വാൾ തലപ്പാവും കടന്നു തലയിൽ ആഴത്തിൽ മുറിവുണ്ടാക്കി. മുറിവിൽ നിന്നും രക്തം ചീറ്റിക്കൊണ്ടിരുന്നു. അതു ശരീരമാസകലം ഒലിച്ചിറങ്ങി. അദ്ദേഹം തലപ്പാവു ഒന്നഴിച്ചു എന്നിട്ടു തലയിൽ ഒന്നു കൂടി മുറുക്കിക്കെട്ടി.

വാളും കുന്തവും അമ്പും കൊണ്ടുള്ള ശത്രുക്കളുടെ കടുത്ത ആക്രമണത്തെ പരിച കൊണ്ട് പ്രതിരോധിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിനു നന്നായി പരിക്കേറ്റിട്ടുണ്ട്. ആ മുറിവും പരിക്കും കാരണം രക്തം വാർന്നൊലിക്കുന്നതിനാൽ അദ്ദേഹം വളരെയധികം ക്ഷീണിതനാവുകയും വീണു പോകുമോ എന്ന അവസ്ഥ വരെ എത്തുകയും ചെയ്തിരിക്കുകയാണ്. അദ്ദേഹം ഈ നിലയിലെത്തിയിട്ടും അദ്ദേഹത്തിന്റെ അടുക്കൽ പോകാനോ അദ്ദേഹത്തെ ശഹീദാക്കാനോ ഉള്ള ധൈര്യം ശത്രുക്കൾ ആരും കാണിച്ചില്ല. ഇതു കണ്ട ശിമർ സിൽ ജോശൻ തന്റെ സേനാംഗങ്ങളോടു വളരെ ദ്വേഷ്യത്തോടെ, എന്തായിപ്പോയി നിങ്ങൾക്കു, കുതിക്കൂ മുന്നോട്ട് കുത്തി മലർത്തു അവനെ എന്നു ആക്രോശിക്കാൻ തുടങ്ങി. അപ്പോൾ അവർ ഇമാം ഹുസൈനെ നാലു ഭാഗത്തു നിന്നും വളഞ്ഞു. ഒരാൾ തൊട്ടടുത്തു നിന്നു അമ്പെയ്തു. അതദ്ദേഹത്തിന്റെ കഴുത്തിൽ തറച്ചു കയറി. മറ്റൊരാൾ വാൾ കൊണ്ട് വെട്ടി. അത് അദ്ദേഹത്തിന്റെ കൈയിൽ കൊണ്ടു. കൈ അറ്റു പോയി. മറ്റൊരാൾ കഴുത്തിൽ വെട്ടി. അതോടെ അദ്ദേഹം നിലത്തു വീണു. എഴുന്നേൽക്കാൻ ഒന്നു ശ്രമിക്കുമ്പോഴേക്കും അൽപം പോലും കരുണയില്ലാത്ത സിനാൻ ബിൻ അനസ് എന്നു പേരുള്ള രാക്ഷസൻ അദ്ദേഹത്തെ കുന്തം കൊണ്ട് കുത്തിയിട്ടു. വേദന കൊണ്ട്പിടയ്ക്കുന്ന നേരം ആ അധമൻ തന്നെ അദ്ദേഹത്തിന്റെ തല അറുത്ത് ശരീരത്തിൽ നിന്നും വേർപ്പെടുത്തി. അതോടെ റസൂൽ കരീ(സ)മിന്റെ വാത്സല്യ നിധിയായ ഈ പേര മകന്റെ ആത്മാവ് ഭൗതിക ശരീരം വിട്ട് അല്ലാഹുവിലേയ്ക്കുയർന്നു. ഇന്നാലില്ലാഹി വയിന്നാ ഇലൈഹി റാജിഊൻ.

അദ്ദേഹത്തിന്റെ ശരീരത്തിൽ വാളു കൊണ്ടുള്ള നാൽപത്തിയേഴ് ആഴ്മേറിയ മുറിവുകളും കുന്തം കൊണ്ടു കുത്തേറ്റ മുപ്പത്തിമൂന്നു പരിക്കുകളും ഉണ്ടായിരുന്നു. അതുകൂടാതെ തലയിലും മുഖത്തും കഴുത്തിലും നെഞ്ചിലുമായി നാൽപത്തഞ്ചോളം അമ്പുകൾ തറച്ചു കയറിയിട്ടുണ്ടായിരുന്നു. പക്ഷേ, ഇതു കൊണ്ടൊന്നും അവരുടെ അരിശം തീർന്നില്ലെന്നു തോന്നുന്നു. അല്ലെങ്കിൽ 'റെയ്' എന്ന പ്രദേശത്തിന്റെ ഗവർണർ സ്ഥാനം സ്വപ്നം കണ്ടുകൊണ്ടിരിക്കുന്ന സേനാനായകനായ ഇബ്നു സഅദിനു, യസീദിനേയും, ബിൻ സിയാദിനേയും ഇനിയും കൂടുതൽ സന്തോഷിപ്പിക്കണമായിരുന്നു. അതിനാൽ അയാൾ സേനാംഗങ്ങളോടു ചോദിച്ചു ആരാണ് തങ്ങളുടെ കുതിരകളെ കൊണ്ട് ഹുസൈന്റെ മൃതശരീരം ചവിട്ടി മെതിക്കുക. എട്ടു പത്തു പേർ അതിനും തയ്യാറായിരുന്നു. അവർ തങ്ങളുടെ കുതിരകളുമായി മുന്നോട്ടു വന്നു. അതിനു ശേഷം ഏതു ശിലയേയും കണ്ണീരിൽ ആഴ്ത്തും വിധം അദ്ദേഹത്തിന്റെ മൃതശരീരം കുതിരകളെ കൊണ്ട് ചവിട്ടിമെതിച്ചു. കുതിരക്കുളമ്പു കൊണ്ടുള്ള ചവിട്ടേറ്റു ആ മഹാത്മാവിന്റെ വാരിയെല്ലുകളും നട്ടെല്ലും തകർന്നു തരിപ്പണമായി. അതോടെ മൃതദേഹം ആകെ വികൃതമായി. അദ്ദേഹത്തിന്റെ മുറിച്ചെടുത്ത ശിരസ്സു അടുത്ത ദിവസം തന്നെ കൂഫാ ഭരണാധികാരിയായ ഉബൈദുല്ലാഹ് ബിൻ സിയാദിനു അയച്ചു കൊടുത്തു. ആദ്യം അതയാൾ എല്ലാവർക്കും കാണുന്നതിനായി കൂഫയിൽ പൊതു സ്ഥലത്തു പ്രദർശനത്തിന്നായി വച്ചു. പിന്നീട് ആ ശിരസ്സു സുബൈർ ബിൻ ഖൈസ് മുഖേന യസീദിനു ശാമിലേയ്ക്കു അയച്ചു കൊടുത്തു. (കടപ്പാട്: താരീഖ് തിബ്രി വാല്യം 6 പേജ് 243 / 250. ഖുതുബാതെ മസ്റൂർ 10/12/2010)

ആ അതിക്രമകാരികൾക്കു അവർ അർഹിക്കുന്ന രീതിയിൽ അല്ലാഹുവിൽ നിന്നു ശിക്ഷ ലഭിക്കുക തന്നെ ചെയ്തു. യസീദിനു മകനിൽ നിന്നും കിട്ടിയ ശിക്ഷ അയാളുടെ അന്തസ്സിനേയും ആഭിജാത്യത്തേയും ചോദ്യം ചെയ്യുന്ന രീതിയിലുള്ള പ്രഹരമായിരുന്നു. യസീദിന്റെ മരണ ശേഷം അയാളുടെ മകൻ മുആവിയ ബിൻ യസീദ് ഭരണാധികാരിയാവുകയും ജനങ്ങളിൽ നിന്നു ബൈഅത്തു സ്വീകരിക്കുകയും ചെയ്തു. ബൈഅത്തു സ്വീകരിച്ചു വീട്ടിലേയ്ക്കു പോയ അദ്ദേഹം പുറത്തിറങ്ങാതെ നാൽപതു ദിവസം വീട്ടിൽ തന്നെ തങ്ങി. പിന്നീട് ജനങ്ങൾക്കിടയിൽ വന്നു. മിമ്പറിൽ കയറി പ്രസംഗിക്കാൻ തുടങ്ങി. ഞാൻ നിങ്ങളുടെ ബൈഅത്തു സ്വീകരിച്ചിട്ടുണ്ട്. ഞാനതിനു അർഹനാണെന്നു മനസ്സിലാക്കിയതുകൊണ്ടല്ല മറിച്ചു നിങ്ങളിൽ ഭിന്നിപ്പുണ്ടാകരുതെന്നു കരുതിയാണു അങ്ങനെ ചെയ്തതു. അദ്ദേഹം തുടർന്നു

ബൈഅത്തു സ്വീകരിച്ചുവെങ്കിലും നിങ്ങളിൽ ആ സ്ഥാനത്തേയ്ക്കു ഏറ്റവും യോജിച്ചവനാരാണെന്നു ഞാൻ ചിന്തിച്ചു കൊണ്ടിരുന്നു. അന്വേഷിച്ചു കൊണ്ടിരുന്നു. പക്ഷേ, എത്ര ശ്രമിച്ചിട്ടും അത്തരം ഗുണങ്ങളുള്ള ഒരാളേയും എനിക്കു നിങ്ങളിൽ കണ്ടെത്താനായില്ല. ഞാൻ നിങ്ങളിൽ ഒരു കാര്യം ഉണർത്താൻ ആഗ്രഹിക്കുന്നു എന്റെ പിതാവ് യസീദോ അദ്ദേഹത്തിന്റെ പിതാവ് അതായതു എന്റെ പിതാമഹൻ മുആവിയയോ ആ സ്ഥാനത്തേയ്ക്കു ഒരിക്കലും യോജിച്ച ആളായിരുന്നില്ല. എന്റെ പിതാവ് യസീദ്, ഹുസൈനേക്കാൾ

താഴ്ന്ന പടിയിലുള്ള ഒരാളായിരുന്നു. അദ്ദേഹത്തിന്റെ പിതാവു മുആവിയ, ഹസൻ ഹുസൈന്റെ പിതാവിനേക്കാൾ താഴ്ന്ന സ്ഥാനത്തുള്ള ഒരാളായിരുന്നു. ഹദ്റത്ത് അലി തന്റെ കാലഘട്ടത്തിൽ ഖിലാഫത്തിനു ഏറ്റവും യോജിച്ച വ്യക്തിയായിരുന്നു. അതുപോലെ എന്റെ പിതാവിനേക്കാളും പിതാമഹനെക്കാളും ഖിലാഫത്തിനു ഏറ്റവും യോജിച്ച വ്യക്തികൾ ഹദ്റത്ത് ഹസൻ ഹുസൈൻ തന്നേയായിരുന്നു. അതിനാൽ നിങ്ങൾ എന്നെ ഏൽപിച്ച ഖിലാഫത്തു ഞാൻ ഉപേക്ഷിക്കുകയും നിങ്ങളെ തന്നെ തിരിച്ചേൽപിക്കുകയും ചെയ്യുന്നു. (ഖിലാഫത്തെ റാശിദ. അൻവാരുൽ ഉലൂം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്. വാല്യം 15 പേജ് 557 / 558)

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു.

ഇമാം ഹുസൈനെ നോക്കൂ അദ്ദേഹത്തിനു മേൽ എത്ര വലിയ മാനസികവും ശാരീരികമായ പീഡനങ്ങളും ക്ലേശങ്ങളുമാണുണ്ടായിരിക്കുന്നത്. അവസാന നിമിഷം വരെ അദ്ദേഹം അഭിമുഖീകരിച്ച കഷ്ടപ്പാടുകളും പരീക്ഷണങ്ങളും ദുരിതങ്ങളും എത്രമാത്രം കഠിനതരമായിരുന്നു. ഈ സംഭവം നടക്കുമ്പോൾ അദ്ദേഹത്തിനു അമ്പത്തിയേഴ് വയസ്സായിരുന്നു പ്രായം. വളരെ ചുരുക്കം പേർ മാത്രമേ ആസമയം അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നുള്ളു. നിമിഷനേരം കൊണ്ട് പതിനാറോ പതിനേഴോ പേർ പെട്ടെന്നു പെട്ടെന്നു ശഹീദാക്കപ്പെട്ടു. നാലു ഭാഗത്തു നിന്നും അദ്ദേഹത്തെ പരിഭ്രമവും നിസ്സഹായതയും വലയം ചെയ്തു. അദ്ദേഹത്തിനും കൂടെയുള്ളവർക്കും വെള്ളം നേരത്തെ തന്നെ നിഷേധിക്കപ്പെട്ടിരുന്നു. സ്ത്രീകളേയും കുട്ടികളെയും അവർ ആക്രമിച്ചു. അങ്ങനെ നീതിക്കും ന്യായത്തിനും വിരുദ്ധമായതെല്ലാം അവർ ചെയ്തു കൂട്ടി. വളരെ പുരാതന കാലം മുതൽ അറബികൾക്കു ജന്മനാ ഉണ്ടായിരുന്ന ആത്മാഭിമാനവും ചില ഉന്നതമായ ധാർമിക ഗുണങ്ങളും നഷ്ടപ്പെട്ടതായി എല്ലാവരും അഭിപ്രായപ്പെട്ടു. (മൽഫൂസാത്ത് വാല്യം 5 പേജ് 336)

ഹദ്റത്ത് ഇമാം ഹുസൈൻ സയ്യിദുൽ മള്‌ലൂമീൻ ആയിരുന്നു. അതായതു അദ്ദേഹം മർദ്ദിതരുടേയും പീഡിതരുടേയും നേതാവായിരുന്നു. (റൂഹാനി ഖസായീൻ വാല്യം 8 പേജ് 353)

ഹദ്റത്ത് ഇമാം ഹുസൈൻ മുത്ത്ഖിയും നേർമാർഗം പ്രാപിച്ചവരുമായിരുന്നു. (മൽഫൂസാത്ത് വാല്യം 5 പേജ് 328)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അരുൾ ചെയ്യുന്നു

വർഷങ്ങൾക്കു മുമ്പു ഇമാം ഹുസൈൻ യസീദിനു മുന്നിൽ ജീവൻ വെടിഞ്ഞു. അദ്ദേഹത്തിനു തന്റെ ജീവൻ രക്ഷിക്കാൻ സാധ്യമല്ലായിരുന്നുവെന്നു നിങ്ങളാരെങ്കിലും കരുതുന്നുണ്ടോ? കപട ഭക്തി നടിച്ചു കൊണ്ട് അദ്ദേഹത്തിനു തന്റെ ജീവൻ രക്ഷിക്കാമായിരുന്നു. പക്ഷേ, അദ്ദേഹം അത്തരത്തിൽ കാപട്യം കാണിക്കുന്ന ആളായിരുന്നില്ല. ജീവൻ വെടിഞ്ഞതിലൂടെ അനശ്വരനായത് അദ്ദേഹമാണു. യസീദല്ല. യസീദിനു മേൽ ഓരോ നിമിഷവും ശാപമരണമാണു സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഞാനിപ്പോൾ ആ പേർ ഉച്ചരിച്ചപ്പോൾ തന്നെ അയാളുടെ ദുഷ്ചെയ്തികൾ ഓർത്തു എന്റെ മനസ്സിൽ അയാളെ കുറിച്ചു വെറുപ്പും നിന്ദയുമാണുണ്ടായത്. എന്നാൽ ഇമാം ഹുസൈൻ എന്നു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മഹനീയവും ഉൽകൃഷ്ടവുമായ സ്ഥാനമാനങ്ങളോർത്ത് അദ്ദേഹത്തോടുള്ള ആദരവും സ്നേഹവും കൊണ്ട് മനസ്സു നിറയുകയാണു ചെയ്തത്. സത്യത്തിനു വേണ്ടി ധീരതയോടെ പൊരുതുന്ന ഒരാൾ ഒരിക്കലും മരിക്കുന്നില്ല. ഹദ്റത്ത് ഇമാം ഹുസൈൻ കർബലയിലെ പോരാട്ടത്തിൽ ജീവൻ വെടിഞ്ഞു വെങ്കിലും ഇസ്‌ലാം ഇന്നും അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിൽ അഭിമാനം കൊള്ളുകയാണു ചെയ്യുന്നത്. (ഖുതുബാത്തെ മഹ്മൂദ് വാല്യം 16 പേജ് 395)

ഹദ്റത്ത് ഇമാം ഹുസൈൻ രക്തസാക്ഷിയായി. അദ്ദേഹത്തിനു രാജാവാകാനൊന്നും സാധിച്ചിട്ടില്ല. എന്നാൽ അദ്ദേഹം പരാജയപ്പെട്ടു അല്ലെങ്കിൽ തന്റെ ലക്ഷ്യത്തിൽ വിജയിച്ചില്ല എന്നാർക്കെങ്കിലും പറയുവാൻ സാധിക്കുമോ? ഒരിക്കലുമില്ല. അദ്ദേഹം ഏതൊരു ലക്ഷ്യവുമായിട്ടാണോ എഴുന്നേറ്റത് അതിൽ അദ്ദേഹം വിജയശ്രീലാളിതനാവുക തന്നെ ചെയ്തു. (അൻവാറുൽ ഉലൂം വാല്യം 10 പേജ് 527)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) അരുൾ ചെയ്യുന്നു

ആയിരത്തിനാനൂറു സംവത്സരങ്ങൾക്കു മുമ്പു മുഹർറം പത്താം തിയ്യതി റസൂൽ കരീ(സ)മിനു വളരെയേറെ പ്രിയപ്പെട്ട പേരമകൻ അതിദാരുണമായി ശഹീദാക്കപ്പെട്ടിരുന്നു. ആ സംഭവം ഓർക്കുമ്പോൾ തന്നെ ശരീരത്തിലും മനസ്സിലും ചെറുതല്ലാത്ത ഒരു കിടിലമാണുണ്ടാകുന്നത്. ഈ സംഭവത്തിൽ എല്ലാ മുസ്‌ലിംകളും സഹതാപവും ദു:ഖവും വേദനയും രേഖപ്പെടുത്താറുണ്ട് ശിയാക്കൾ തങ്ങളുടെ വികാരം അങ്ങേയറ്റം അതിരുകടന്ന നിലയിലാണു പ്രകടിപ്പിക്കാറുള്ളത്. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)ന്റെ ആലി(കുടുംബം)നെ സ്നേഹിക്കേണ്ട വിധം സ്നേഹിക്കാനും അവരുടെ മേൽ എല്ലായിപ്പോഴും സ്വലാത്തു ചൊല്ലുവാനുമുള്ള തൗഫീഖ് അല്ലാഹു നമുക്കു നൽകുമാറാകട്ടെ. അല്ലാഹു ഈ മാസത്തെ എല്ലാ മുസ്‌ലിം രാജ്യങ്ങൾക്കും സമാധാനത്തിന്റേയും ശാന്തിയുടേയും സാഹോദര്യത്തിന്റേയും മാസമാക്കിത്തീർക്കട്ടെ.

എല്ലാവരേയും ഇമാം ഹുസൈന്റെ ശഹാദത്തിന്റെ ലക്ഷ്യം മനസ്സിലാക്കുന്നവരാക്കി തീർക്കട്ടെ. (ഖുതുബാതെ മസ്റൂർ വാള്യം 7 ഖുതുബ 02/01/2009)

## മുഹർറം മാസവും അഭിനവ ഫിർഔന്റെ പോസ്റ്റുമോട്ടവും

ഈ ലേഖനത്തിലെ പ്രതിപാദ്യ വിഷയവുമായി നേരിട്ടു ബന്ധപ്പെട്ടതല്ലെങ്കിലും മുഹർറം മാസവുമായി ബന്ധമുള്ളതിനാൽ ചില കാര്യങ്ങൾ കൂടി വായനക്കാരുമായി പങ്കു വെക്കാൻ ആഗ്രഹിക്കുകയാണു. ഹദ്റത്ത് റസൂൽ കരീമി(സ)ന്റെ സഹാബാക്കൾ ഹിജ്റ പുതു വർഷാരംഭത്തിന്റെ സൂചനയെന്നോണം മുഹർറം മാസ ചന്ദ്രപ്പിറവി ദർശിച്ചാൽ ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു.

اللَّهُمَّ أَدْخِلْهُ عَلَيْنَا بِالْأَمْنِ، وَالْإِيمَانِ، وَالسَّلَامَةِ، وَالْإِسْلَامِ، وَرِضْوَانٍ مِنَ الرَّحْمَنِ، وَجَوَازٍ مِنَ الشَّيْطَانِ

അല്ലാഹുവേ ഈ പുതുവർഷത്തെ സമാധാനവും ശാന്തിയും ഇസ്‌ലാമിന്റെ യഥാർഥ വിശ്വാസവും സുരക്ഷിതത്വവും പ്രദാനം ചെയ്യുന്ന നിലയിൽ ഞങ്ങളെ അതിൽ പ്രവേശിപ്പിക്കേണമേ, അതോടൊപ്പം കാരുണ്യവാനായ അല്ലാഹുവിന്റെ തൃപ്തി ഞങ്ങൾക്കു നൽകുകയും പിശാചിനെ ഞങ്ങളിൽ നിന്നും അകറ്റി നിർത്തുകയും ചെയ്യേണമേ..

ആയിരത്തി നാനൂറു വർഷങ്ങൾക്കു മുമ്പ് ഹദ്റത്ത് റസൂൽ കരീം (സ) മുഹർറം മാസത്തിന്റെ പ്രത്യേകത വിവരിച്ചു കൊണ്ട്, അല്ലാഹു തആല ഈ മാസമാണു ഫിർഔനെ നശിപ്പിച്ചു കൊണ്ട് ബനീ ഇസ്രായീൽ ജനതയ്ക്കു മോചനം നൽകിയത് എന്നു അരുൾ ചെയ്തിട്ടുണ്ടായിരുന്നു. അതോടൊപ്പം തിരുമേനി അതി മഹത്തായ മറ്റൊരു പ്രവചനവും കൂടി ചെയ്തു. തിരുമേനി പറഞ്ഞു എന്റെ സമുദായത്തിന്നെതിരിലും ഒരു ഫിർഔൻ പ്രത്യക്ഷപ്പെടും അല്ലാഹു അവനേയും നശിപ്പിക്കും. ദുർറെ മൻശൂറിലെ ഒരു നിവേദനത്തിൽ വളരെ വ്യക്തതയോടെ ഇങ്ങനേയും വന്നിരിക്കുന്നു. ബനീ ഇസ്റായിലിൽ വന്ന ഫിർഔനേയും അയാളുടെ കൂട്ടാളികളേയും അല്ലാഹു ഒരു ബുധനാഴ്ച ദിവസമായിരുന്നു പിടികൂടിയത്. എന്റെ സമുദായത്തിലെ ആഖിരീനിൽ (പിൻഗാമികളിൽ) വരുന്ന ഫിർഔനേയും മുഹർറം മാസം ബുധനാഴ്ച ദിവസം തന്നെ പിടികൂടി നശിപ്പിക്കും അതിലൂടെ ആ ഫിർഔന്റെ അതിക്രമങ്ങളിൽ നിന്നും എന്റെ സമുദായത്തിനു മോചനം ലഭിക്കുകയും ചെയ്യും. (ദുർറെ മൻശൂർ വാള്യം 6 പേജ്135.അൽഫസൽ ജനുവരി 16 2008.)

മൂസ്സാ നബിയോടും ബനീ ഇസ്റായീൽ ജനതയോടും ക്രൂരതയും അതിക്രമവും കാണിച്ച ആ പഴയ കാല ഫിർഔനെ അല്ലാഹു വെള്ളത്തിൽ മുക്കിയാണു ഒരു തരത്തിൽ പറഞ്ഞാൽ ഭൂമിക്കടിയിൽ വച്ചാണു നശിപ്പിച്ചത്. മൂസ്സായുടേയും ഹാറൂണിന്റേയും റബ്ബിൽ ഞാൻ വിശ്വസിക്കുന്നു എന്നയാൾ ആ അവസരത്തിൽ അവസാനമായി പറയുകയും ചെയ്തു. പിന്നീട് വരുന്നവർക്കു പാഠമായിരിക്കാൻ അല്ലാഹു അയാളുടെ മൃതദേഹം ബാക്കിയാക്കി നില നിർത്തുകയും ചെയ്തു.

അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ പല കാലങ്ങളിൽ ജമാഅത്തിനെ ഇല്ലാതാക്കുമെന്ന വീരവാദവുമായി പലരും മുന്നോട്ടു വന്നിട്ടുണ്ടായിരുന്നു. അവരെല്ലാം തങ്ങളാലാവുന്നതെല്ലാം ചെയ്തു നിരാശരായി കാല യവനികയ്ക്കുള്ളിൽ എന്നെന്നേക്കുമായി മറഞ്ഞു. അവരിലൊരാൾ ഒരു പട്ടാള വേഷധാരിയായിരുന്നു. പഴയകാല ഫിർഔനെ ഓർമപ്പെടുത്തുന്ന ശക്തിയും സൈനിക ബലവും ആ അഭിനവ ഫിർഔനും ഉണ്ടായിരുന്നു. ഞാനാണെല്ലാം, എനിക്കു മുകളിൽ ആകാശമല്ലാതെ മറ്റൊന്നും ഇല്ലെന്നു അയാൾ വല്ലാതെ അഹങ്കരിച്ചിരുന്നു. താൻ രാജ്യത്തു ഇസ്‌ലാമിക ഭരണം നടപ്പിൽ വരണമെന്നു എപ്പോഴും ആഗ്രഹിക്കുകയും അതിന്നായി അഹോരാത്രം പരിശ്രമിക്കുകയും ചെയ്യുന്ന ഒരു ഭരണാധിപനാണെന്ന പ്രതിച്ഛായ സാധാരണക്കാരായ ജനങ്ങളിൽ സൃഷ്ടിക്കുവാനും അവരുടെ പ്രശംസ പിടിച്ചു പറ്റുന്നതിലൂടെ തന്റെ അധികാര പീഠത്തിനു ശക്തി പകരാനുമായി നിരപരാധികളും നിഷ്കളങ്കരുമായ അഹ്മദികളെ അയാൾ വല്ലാതെ കൊല്ലാ കൊല ചെയ്തിരുന്നു. കൂരതയുടേയും അതിക്രമങ്ങളുടേയും എല്ലാ അതിർ വരമ്പുകളും ലംഘിക്കപ്പെട്ടപ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഈ അഭിനവ ഫിർഔനെ അല്ലാഹുവിന്റെ ശിക്ഷയെ തൊട്ട് താക്കീതു ചെയ്തു ഇങ്ങനെ മുന്നറിയിപ്പു നൽകി.

“ . . . . . . അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്തിനു ഒരു നാഥനുണ്ട്. അഹ്മദിയ്യാ ജമാഅത്തിനു ഒരു യജമാനനുണ്ട്. ആകാശങ്ങളുടെയും ഭൂമിയുടേയും അധിപനും അധീശനുമാണു ഞങ്ങളുടെ യജമാനൻ. അത്തരത്തിലുള്ള ഒരു നാഥനും യജമാനനും നിന്നോടൊപ്പമില്ലെന്ന കാര്യം നിന്നെ ഞാൻ ഓർമപ്പെടുത്തുന്നു. അല്ലാഹുവാണെ സത്യം ഞങ്ങളുടെ നാഥൻ ഞങ്ങളെ സഹായിക്കുവാനായി ഓടി വരുമ്പോൾ നിന്നെ തുണയ്ക്കുവാനോ സഹായിക്കുവാനോ ആരും ഉണ്ടാവുകയില്ല. അല്ലാഹുവിന്റെ തഖ്ദീറിനാൽ നീ തുണ്ടം തുണ്ടമാക്കപ്പെട്ടു നിന്റെ പേരോ ഒരടയാളമോ ലോകത്തു ബാക്കിയില്ലാത്ത വിധം നീ വിസ്മൃതിയിലാണ്ടു പോകും. പിന്നീടു ലോകം നിന്നെ അപമാനത്തോടും പുഛത്തോടും എളിമയോടും അനാദരവോടും കൂടി മാത്രമേ

സ്മരിക്കുകയുള്ളു. അതേ സമയം ഹദ്റത്ത് റസൂൽ കരീം (സ) ന്റെ യഥാർഥ പ്രേമിയായ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ നാമം മുമ്പത്തേക്കാൾ കൂടുതലായി സ്നേഹത്തോടും ആദരവോടും കൂടി ലോകം എല്ലായിപ്പോഴും സ്മരിക്കുകയും ചെയ്യും .. . . . . !! (ഖുത്തുബാത്തെ ത്വാഹിർ 14/12/1984)

“ . . . . . .നിഷേധികളുടെ നേതാക്കളെന്ന നിലയിൽ ഇവരിൽ ഒരു സംഘം അല്ലാഹുവിന്റെ ശിക്ഷയ്ക്കു പാത്രമാവുകതന്നെ ചെയ്യും. ഇവർ ശിക്ഷയിൽ നിന്നും രക്ഷപ്പെടുകയില്ല. മുബാഹല നേരിട്ടു സ്വീകരിച്ചിട്ടില്ലെങ്കിലും പരിഹാസത്തിലും അഹ്മദികൾക്കെതിരിലുള്ള അതിക്രമങ്ങളിലും ഇവർ മുമ്പത്തേക്കാൾ കൂടുതലായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. അതു മുബാഹല സ്വീകരിച്ചതിനു തുല്യമാണ്. അതിനാൽ അല്ലാഹുവിന്റെ തഖ്ദീർ ഇവരെ പിടികൂടി ശിക്ഷയ്ക്കു വിധേയരാക്കുക തന്നെ ചെയ്യും . . . . . . !! (ഖുത്തുബാത്തെ ത്വാഹിർ 12/08/1988)

മുഹർറം മാസം ബുധനാഴ്ച എന്ന റസൂൽ കരീ(സ)മിന്റെ പ്രവചനമനുസരിച്ചു ഹിജ്റ വർഷം 1409 മുഹർറം മൂന്നാം തിയ്യതി 1988 ആഗസ്റ്റ് 17-ാം ബുധനാഴ്ച ഒരു വിമാന യാത്രയ്ക്കിടയിൽ പ്രസ്തുത പട്ടാള മേധാവിയേയും മുപ്പതു അനുചരന്മാരേയും ആകാശത്തിന്റെ അനന്തതയിൽ വച്ചു അല്ലാഹു അഗ്നി ഗോളത്തിന്നിരയാക്കുകയും തുണ്ടം തുണ്ടമാക്കുകയും ചെയ്തു. ഒരു ഫിർഔൻ ഭൂമിക്കടിയിലും മറ്റൊരാൾ ഭൂമിക്കു മുകളിൽ ആകാശത്തു വച്ചും ബുധനാഴ്ച ദിവസം എന്നെന്നേയ്ക്കുമായി ഇല്ലാതായി سُبْحَانَ اللّٰهِ

ഇതുമായി ബന്ധപ്പെട്ടു വർഷങ്ങൾക്കു ശേഷം ചില വിദേശ മാധ്യമങ്ങളിലൂടെ പുറത്തുവന്ന വിവരങ്ങളും യാഥാർഥ്യങ്ങളും ഞെട്ടിപ്പിക്കുന്നവയായിരുന്നു. ഈ അപകടം നടന്ന അവസരത്തിൽ സ്ഥലത്തെ central military ആശുപത്രിയിൽ pathologist ആയി സേവനമനുഷ്ടിച്ചുകൊണ്ടിരുന്ന കേണൽ ഡോക്റ്റർ ഗുലാം റസൂൽ ആ അപകടത്തെ കുറിച്ചന്വേഷിക്കുന്ന കമ്മിറ്റിക്കു നൽകിയ അതീവ രഹസ്യ റിപ്പോർട്ട് തന്റെ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. അദ്ദേഹം എഴുതുകയാണ്. “അപകട ശേഷം സെൻട്രൽ ആശുപത്രിയിലേയ്ക്കു കത്തിക്കരിഞ്ഞ ശരീരാവയവങ്ങളും കബന്ധങ്ങളും മാംസപിൺഡങ്ങളും ഉടലുകളും ശിരസ്സുകളുമായിരുന്നു കൊണ്ടു വന്നതു. ആദ്യം തന്നെ ‘മേധാവി’യുടെ ശരീരഭാഗങ്ങൾ കണ്ടെത്തി ഒരുമിച്ചു മാറ്റി വെക്കാൻ അധികൃതർ എന്നോടു ആവശ്യപ്പെട്ടു. ‘മേധാവി’യെ ആർക്കാണു അറിഞ്ഞു കൂടാത്തത്. മാത്രവുമല്ല പലതവണ ഔദ്യോഗികാവശ്യാർഥം ഞാൻ അദ്ദേഹത്തെ സന്ദർശിച്ചിട്ടുമുണ്ട്.”

‘‘പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ എത്ര ശ്രമിച്ചിട്ടും ‘മേധാവി’യുടെ ശിരസ്സു കണ്ടെത്താനോ തിരിച്ചറിയാനോ എനിക്കു സാധിച്ചില്ല. ശിരസ്സു കണ്ടെത്തിയാൽ പോലും അവിടെ ഒന്നിച്ചു കൂട്ടി വച്ചിരിക്കുന്ന കത്തിക്കരിഞ്ഞ മനുഷ്യ ശരീരഭാഗങ്ങളിൽ നിന്നും ഉടൽ കണ്ടെത്തുക എന്നതു തികച്ചും അസാധ്യവുമാണ്. കാരണം വിമാനാവശിഷ്ടങ്ങളിൽ നിന്നും കണ്ടെടുത്ത എല്ലാ ശരീരഭാഗങ്ങളും അത്രമാത്രം കത്തിക്കരിഞ്ഞിരുന്നു. ഒരു മൃതദേഹത്തിലോ മുറിഞ്ഞ മാംസകഷ്ണത്തിലോ വസ്ത്രത്തിന്റെ നേരിയ ഒരു ഇഴ പോലും ബാക്കിയുണ്ടായിരുന്നില്ല. ഞാനെന്റെ നിസ്സഹായതയും വ്യാകുലതയും അധികൃതരെ അറിയിച്ചു കൊണ്ട് ‘മേധാവി’യുടെ ഭൗതികാവശിഷ്ങ്ങൾ കണ്ടെത്താൻ പ്രയാസമാണെന്നും ഒരു തരത്തിലും സാധ്യമല്ലെന്നും ഞാനറിയിച്ചു. അപ്പോൾ, ഏകദേശ അനുമാനത്തിലൂടേയോ ഊഹത്തിലൂടേയോ ഈ കർത്തവ്യം കഴിവിന്റെ പരമാവധി നിറവേറ്റാൻ അധികൃതർ വീണ്ടും എന്നോടു കൽപിച്ചു. എന്നാൽ അപ്രകാരം ചെയ്യുന്നതിലും ഞാൻ അമ്പേ പരാജയപ്പെടുകയാണു ചെയ്തതു”

അപകട ശേഷം പലരും സംശയം പ്രകടിപ്പിക്കുകയും ഗൗരവത്തോടെ ചോദിക്കുകയും ചെയ്ത കാര്യത്തിനു തീരുമാനമുണ്ടായിരിക്കുന്നു. അതെ, തങ്ങളുടെ ഉറ്റവരുടേതും ഉടയവരുടേതെന്നും പറഞ്ഞു ബന്ധുക്കൾക്കു ലഭിച്ച തലയടക്കമുള്ള ശരീര ഭാഗങ്ങൾ പലതും പലരുടേതാണ്? അല്ലെങ്കിൽ അങ്ങനെ ആയിരിക്കാൻ സാധ്യത വളരെ കൂടുതലാണ്? നിഷേധിക്കാനാവുകയില്ല. ആ നിലയ്ക്കു ജനാസ നമസ്കരിക്കേണ്ടിടത്തു അന്ത്യകൂദാശയും, അന്ത്യകൂദാശയ്ക്കു പകരം യാസീൻ ഓതലും മൊയിലാരുടെ ദുആയും ആയിരിക്കുമോ ലഭിച്ചിട്ടുണ്ടാവുക. അങ്ങനെയാണെങ്കിൽ ശരീര ഭാഗങ്ങൾ കൂടിക്കലർന്നതു കാരണം ചിലർക്കു എല്ലാം ചേർന്നുള്ള ഒരു കൂട്ടും (മിക്സ്ച്ചർ) ലഭിച്ചിട്ടുണ്ടാവില്ലേ? وَاللّٰهُ اَعْلَمُ بِالصَّوَاب (അല്ലാഹുവാണു നിജസ്ഥിതി ഏറ്റവും കൂടുതൽ അറിയുന്നവൻ)

فَاعْتَبِرُوا يَا أُولِي الْأَبْصَارِ

അതു കൊണ്ട് കണ്ണുള്ളവരെ നിങ്ങൾ പാഠം പഠിച്ചു കൊള്ളുക. (ഖുർആൻ 59:3)

إِنَّ فِي ذَٰلِكَ لَعِبْرَةً لِّمَن يَخْشَىٰ

തീർച്ചയായും ഭയപ്പെടുന്നവർക്കു ഇതിൽ ഒരു വലിയ ഗുണപാഠമുണ്ട് (ഖുർആൻ 79:27)

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّ عَلٰى اٰلِ مُحَمَّدٍ كَمَا صَلَّيْتَ
عَلٰى اِبْرَاهِيْمَ وَعَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ
اَللّٰهُمَّ بَارِكْ عَلٰى مُحَمَّدٍ وَّ عَلٰى اٰلِ مُحَمَّدٍ كَمَا بَارَكْتَ
عَلٰى اِبْرَاهِيْمَ وَعَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْد

ഭാഗം - 12

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

**ഇബ്നു വഫാ ബേപ്പൂർ**

### രാജകുമാരന്റെ വിവാഹവും ആനയും അമ്പാരിയും

രാജാമോത്തി സിങ്ങും മഹാരാജാവും തമ്മിൽ ചില അഭിപ്രായ വ്യത്യാസം കാരണം അവരുടെ ബന്ധം ഊഷ്മളമായിരുന്നില്ല. ആയിടയ്ക്കു മഹാരാജാവിന്റെ മകന്റെ കല്യാണം വന്നെത്തിയപ്പോൾ രാജാമോത്തിസിങ്ങ് ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിനോട് താൻ ഈ കല്യാണത്തിൽ പങ്കെടുക്കണമോ വേണ്ടയോ എന്നു അഭിപ്രായമാരാഞ്ഞു. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് അദ്ദേഹത്തെ ഉപദേശിച്ചു കൊണ്ട് താങ്കൾ എന്തായാലും ഈ വിവാഹത്തിൽ പങ്കെടുക്കണമെന്നും അതിലൂടെ ഇൻശാ അല്ലാഹ് രാജാവുമായുള്ള പിണക്കവും അഭിപ്രായവ്യത്യാസങ്ങളും ഇല്ലാതാവുമെന്നും ഒരു നല്ല ബന്ധത്തിനു അതു കാരണമായിത്തീരുമെന്നും പറഞ്ഞു. അതനുസരിച്ചു രാജാമോത്തി സിംങ്ങ് പ്രസ്തുത വിവാഹത്തിൽ പങ്കെടുത്തു. പ്രതീക്ഷിച്ചതു പോലെ അതു മഹാരാജാവിനെ വളരെ സന്തോഷിപ്പിക്കുകയും അതിലൂടെ രാജാവുമായുള്ള പിണക്കം അവസാനിക്കുകയും ബന്ധം പൂർവ സ്ഥിതിയിലാവുകയും ചെയ്തു.

രാജകീയ പ്രൗഢി വെളിപ്പെടുത്തുന്ന ആ വിവാഹ സംഘത്തിൽ ആനകളും കുതിരകളും രഥങ്ങളും പല്ലക്കുകളും മഞ്ചലുകളും ഒക്കെ ഉണ്ടായിരുന്നു. അതിലായിരുന്നു എല്ലാവരുടേയും യാത്ര. ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് വിവരിക്കുകയാണ്. ആ വിവാഹത്തിൽ ഞാനും പങ്കെടുത്തിരുന്നു. അങ്ങോട്ടും ഇങ്ങോട്ടുമുള്ള യാത്ര ഏകദേശം ഒരുമാസം ദൈർഘ്യമുള്ളതായിരിക്കുമെന്നു നേരത്തെ തന്നെ അനുമാനിക്കപ്പെട്ടിരുന്നു. ആന സവാരിയായിരുന്നു എനിക്കു ലഭിച്ചത്. രണ്ടു പേർക്കു വിശാലമായി ഇരിക്കാനുള്ള ഇരിപ്പിടവും (അമ്പാരി) അതിനു മുകളിൽ മേൽകട്ടിയും ഉണ്ടായിരുന്നതു കൊണ്ട് ആനപ്പുറത്തുള്ള ആ യാത്ര വളരെ സുഖപ്രദമായിരുന്നു. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ ഇരിപ്പിടത്തിന്നടിയിൽ ഉണ്ടായിരുന്ന ഒരു സ്പ്രിംങ്ങ് യാത്രാവേളയിൽ എന്റെ ശരീരത്തിൽ ഉരസിക്കൊണ്ടിരുന്നതിനാൽ യാത്രയുടെ ആദ്യ ഘട്ടത്തിൽ തന്നെ എനിക്കു ബുദ്ധിമുട്ടനുഭവപ്പെടാൻ തുടങ്ങി. പിന്നീട് ആ ഭാഗം ഇൻഫെക്ഷനാവുകയും വീങ്ങുകയും പഴുപ്പുള്ള ഒരു കുരുവായിത്തീരുകയും ചെയ്തു. അതോടെ യാത്ര വളരെ ദുഷ്കരമായിത്തീർന്നു. കുറേ വേദന സഹിച്ചു ആദ്യ ഇടത്താവളത്തിൽ രാത്രി എത്തിയപ്പോൾ ഇനി മുന്നോട്ടുള്ള യാത്ര അസാധ്യമാണെന്നെനിക്കു ബോദ്ധ്യമായി.

രാത്രി പത്തു മണിക്ക് സംഘത്തിൽ തന്നെയുള്ള ഒരു സർജനെ ഞാൻ വിളിച്ചു. അദ്ദേഹം വന്നു. ആളൊരു ബംഗാളിയാണ്. അദ്ദേഹത്തോടു കാര്യം പറഞ്ഞു. കുരു കീറി പഴുപ്പ് വൃത്തിയാക്കാൻ ഞാൻ ആവശ്യപ്പെട്ടു. ഇപ്പോൾ ചെയ്തില്ലങ്കിൽ അതു കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുമെന്നെനിക്കറിയാം. പിറ്റെ ദിവസത്തെ യാത്രക്കുള്ള ഒരുക്കത്തിൽ ശസ്ത്രക്രിയയ്ക്കുള്ള ഉപകരണങ്ങളൊക്കെ താൻ പാക്കു ചെയ്തു കഴിഞ്ഞെന്നും അതു കൊണ്ട് ശസ്ത്രക്രിയ ഇപ്പോൾ സാധ്യമല്ലെന്നും അദ്ദേഹം ശഠിച്ചു. ഞാൻ മൂർച്ചയുള്ള എന്റെ പേനക്കത്തി നൽകിക്കൊണ്ട് വളരെ നിർബന്ധപൂർവം അതിപ്പോൾ തന്നെ ചെയ്യണമെന്നാവശ്യപ്പെട്ടു. രാത്രി ആ നേരത്തു ചെയ്യാനുള്ള മടി കാരണമായിരിക്കാം അദ്ദേഹം

എല്ലാ പ്രതീക്ഷയും അവസാനിച്ചപ്പോൾ ഞാൻ "ലാ ഇലാഹ ഇല്ലല്ലാഹ്" യുടെ ഭാഗത്തേയ്ക്കു തിരിഞ്ഞു. അല്ലാഹുവിനെ ഉപേക്ഷിച്ചു കൊണ്ട് മറ്റുള്ളവരിൽ പ്രതീക്ഷയർപിക്കുന്നവർ വലിയ തെറ്റാണു ചെയ്യുന്നത്. അതുതന്നേയാണു ശിർക്ക്. ഞാൻ ചെയ്തതും അതായിപ്പോയി. ഇനി ഇപ്പോൾ എന്റെ എല്ലാ പ്രതീക്ഷയും അല്ലാഹുവിൽ മാത്രമായി ഒതുങ്ങി. നേരത്തെ തന്നെ അങ്ങനെയായിരുന്നു ചെയ്യേണ്ടിയിരുന്നത്. ഏതായാലും ഞാനവിടെ റോഡരികിൽ തന്നെ ഇരുന്നു പലതും ആലോചിച്ചും ദുആ ചെയ്തു കൊണ്ടുമിരുന്നു. അൽപം കഴിഞ്ഞപ്പോൾ സർവ സൈന്യാധിപനായ ദിവാൻ ലഷ്മൺ ദാസ് കടന്നു പോയി. എന്നെ കണ്ടയുടനെ അദ്ദേഹം എന്റെ അടുക്കൽ വന്നു വിവരങ്ങളന്വേഷിച്ചു. അമ്പാരിയിൽ (ആനപ്പുറത്തുള്ള ഇരിപ്പടം) വച്ചു ഇരിക്കുന്ന ഭാഗത്തു ലോഹ സ്പ്രിങ്ങ് ഉരസിയതു കൊണ്ടുണ്ടായ പ്രശ്നവും അതു കാരണം ആന സവാരിയും കുതിരസവാരിയും അസാധ്യമായതു കൊണ്ട് മറ്റെന്തെങ്കിലും പോംവഴിയും പ്രതീക്ഷിച്ചു ഇവിടെ ഇരിക്കുകയാണെന്നും താങ്കൾ പോയ്ക്കൊള്ളു ഞാൻ എങ്ങിനെയെങ്കിലും യാത്ര തുടരാൻ ശ്രമിച്ചു കൊള്ളാമെന്നു അദ്ദേഹത്തോടു പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു താങ്കളെ ഈ അവസ്ഥയിൽ ഉപേക്ഷിച്ചു കൊണ്ട് ഞാൻ ഒരിക്കലും പോവുകയില്ല. അദ്ദേഹവും എന്നോടൊപ്പം അവിടെ പാതയോരത്തു ഇരുന്നു. കുറച്ചു നേരം ഞങ്ങൾ സംസാരിച്ചു കൊണ്ടിരുന്നപ്പോഴേക്കും പല്ലക്കുമായി ഒരു സംഘം വന്നു. ഉടൻ തന്നെ ദീവാൻ ലഷ്മൺ ദാസ് അവരുടെ അടുക്കൽ പോയി അവർക്കു എന്തോ ചില നിർദേശം നൽകിയ ശേഷം അദ്ദേഹം എന്നോടു യാത്ര പറഞ്ഞു പിരിഞ്ഞു. പല്ലക്കുമായി വന്നവർ എന്റെ അടുക്കൽ വന്നു. എന്നോടു പല്ലക്കിൽ കയറാൻ പറഞ്ഞു.

കാരണം രാജ കുടുംബത്തിൽപ്പെട്ട എല്ലാവരും തന്നെ ചികിത്സയുമായി ബന്ധപ്പെട്ടു എന്റെ അടുക്കൽ വരാത്തവരായി ആരും തന്നെയില്ല. എല്ലാവരുമായും ഞാൻ നല്ല ബന്ധത്തിലുമായിരുന്നു. എന്റെ ആ ചിന്ത ഒരു തരത്തിൽ ശിർക്കായിരുന്നുവെന്ന ബോധം പിന്നീടാണുണ്ടായത്. അൽപം കഴിഞ്ഞപ്പോൾ കിരീടാവകാശിയായ (crown prince) രാജകുമാരൻ കുതിരപ്പുറത്തു അതിലെ കടന്നു പോയി. റോഡരികിൽ എന്നെ കണ്ടപ്പോൾ ഉടനെ കുതിരപ്പുറത്തു നിന്നും ഇറങ്ങി എന്റെ അടുക്കൽ വന്നു വിവരങ്ങൾ അന്വേഷിച്ചു. എന്റെ അവസ്ഥ പറഞ്ഞപ്പോൾ അടുത്ത കാമ്പിൽ എത്തിയാൽ ആവശ്യമായ ഏർപ്പാടു ചെയ്യാമെന്നു പറഞ്ഞ് അദ്ദേഹം ദ്രുതഗതിയിൽ കുതിര ഓടിച്ചു പോയി.

അൽപം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സഹോദരൻ വന്നു, അതിനു ശേഷം അയാളുടെ രണ്ടാമത്തെ സഹോദരനും വന്നു. എല്ലാവരും എന്നെ വഴിയിൽ കണ്ടപ്പോൾ വളരെ അനുഭാവപൂർവ്വം അരികിൽ വരികയും വിവരങ്ങൾ അന്വേഷിച്ചുവെങ്കിലും അവരെല്ലാം തന്നെ അടുത്ത ഇടത്താവളത്തിലെത്താൻ നിർദ്ദേശിച്ചു കൊണ്ട് കടന്നു പോവുകയുമാണു ചെയ്തത്. പിന്നീട് മഹാരാജാവും വന്നു. എന്നെ കണ്ടപ്പോൾ വളരെ സ്നേഹപൂർവം എന്റെ അടുക്കൽ വന്നു വിവരങ്ങളന്വേഷിച്ച ശേഷം അദ്ദേഹത്തോടൊപ്പം കുതിരപ്പുറത്തു കയറാൻ പറഞ്ഞു. കുതിരസവാരി തീരെ സാധ്യമല്ലെന്നു പറഞ്ഞപ്പോൾ നാലു മൈൽ അകലെയുള്ള ഇടത്താവളത്തിൽ എങ്ങനെയെങ്കിലും എത്തിയാൽ അവിടെ നിന്നു പറ്റിയ ഏർപാടുണ്ടാക്കാമെന്നു പറഞ്ഞു അദ്ദേഹവും പോയി. അതിനു ശേഷം ക്യാമ്പുകളുടെ ഇൻചാർജ്ജ് വന്നു. മറ്റുള്ളവർ പറഞ്ഞതു തന്നെ അദ്ദേഹവും പറഞ്ഞു.

പറഞ്ഞു ക്ലോറോഫോം ഇല്ലാതെ എങ്ങനെ ചെയ്യും. ഞാൻ പറഞ്ഞു അതിന്റെ ആവശ്യമില്ല. ഞാൻ സഹിച്ചു കൊള്ളാം. അയാൾക്കാകെ ശുണ്ഠി പിടിച്ചു. ആ ദ്വേഷ്യത്തിൽ അയാൾ വളരെ പരുക്കൻ രീതിയിൽ ഒരു മയവുമില്ലാതെ ഞാൻ നൽകിയ പേനക്കത്തി കൊണ്ട് കുരുകീറി മുറിച്ചു. മുറിവിന്റെ ഇരു ഭാഗവും നന്നായി ഞെക്കി പഴുപ്പും രക്തവും വൃത്തിയാക്കിയ ശേഷം മുറിവു കെട്ടാൻ ഞാൻ പറഞ്ഞു. തന്റെ ദ്വേഷ്യം തീർക്കാൻ പറ്റിയ അവസരം അയാൾ ഒട്ടും തന്നെ പാഴാക്കാതെ വളരെ പരുഷമായി അയാൾ അതു ചെയ്തുകൊണ്ടിരുന്നു. അപ്പോഴേക്കും എനിക്കു പ്രകൃതിദത്തമായ ക്ലോറോഫോം ലഭിച്ചുകഴിഞ്ഞിരുന്നു. വേദന കൊണ്ട് ഞാൻ അബോധാവസ്ഥയിലായി. അതുകൊണ്ട് ഡോക്റ്റർക്കു തന്റെ പണി നന്നായി ചെയ്യാൻ പറ്റി. പഴുപ്പും ചലവും കളഞ്ഞു വൃത്തിയാക്കിയപ്പോൾ തന്നെ എനിക്കു വലിയ ആശ്വാസവും സമാധാനവും അനുഭവപ്പെട്ടു. പിറ്റേ ദിവസം രാവിലെ തന്നെ ഡോക്റ്റർ യാത്ര പുറപ്പെട്ടു. എന്റെ മുറിവു പരിശോധിക്കാൻ അയാൾ വന്നില്ല. ഞാൻ ഒരു കണ്ണാടിയെടുത്തു താഴെ പിൻവശത്തു വച്ചു അതിൽ നോക്കി. കുഴപ്പമില്ലെന്നും അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുറിവു ചേരുന്നതായും എനിക്കു മനസ്സിലായി.

ആനപ്പുറത്തു സവാരി ഇനി പ്രയാസമാണെന്നെനിക്കു മനസ്സിലായി. അതുകൊണ്ട് കുതിരപ്പുറത്തു യാത്ര ചെയ്യാൻ ശ്രമിച്ചു നോക്കി. പക്ഷേ, അതു അതിലും ബുദ്ധിമുട്ടുള്ളതായിരുന്നു. അതു ഒട്ടും തന്നെ സാദ്ധ്യമായിരുന്നില്ല. അങ്ങനെ ഞാൻ റോഡരികിൽ സഹായത്തിനായി കാത്തിരുന്നു. രാജ പരിവാരങ്ങളിൽപെട്ട ആരെങ്കിലും ഇതു വഴി വരും അവർ എന്നെ സഹായിക്കാതിരിക്കില്ല എന്ന വിചാരം മനസ്സിലുണ്ടായിരുന്നു.

## പല്ലക്കിൽ യാത്രയും ഖുർആൻ മന:പ്പാഠവും

ഞാനിത് അല്ലാഹുവിൽ നിന്നുള്ള സഹായവും അനുഗ്രഹ മാണെന്നു മനസ്സിലാക്കി അല്ലാഹു വിനു ശുക്ർ ചെയ്തു കൊണ്ടു പല്ലക്കിൽ കയറി. സുസജ്ജമായ ഒരു പല്ലക്കായിരുന്നു അത്. അതിലുള്ള വിരിപ്പു വളരെ സുഖപ്രദമായിരുന്നു. ഞാനതിൽ കയറിക്കിടന്നു. ഒരു മാസത്തെ യാത്രയായിരുന്നു. രണ്ടു മൂന്നു ദിവസം കൊണ്ട് തന്നെ ഞാൻ ആരോഗ്യം കൈവരിച്ചു. അതു കാരണം ഇനി പല്ലക്കിന്റെ ആവശ്യമില്ലെന്നും ഇനി എങ്ങിനെ വേണമെങ്കിലും തനിക്കു യാത്ര ചെയ്യാൻ സാധിക്കുമെന്നും ഞാൻ അവരെ അറിയിച്ചുവെങ്കിലും പല്ലക്കു വാഹകരും അവരുടെ ഇൻചാർജ്ജും, താങ്കൾ തിരിച്ചു ജമ്മു എത്തുന്നതു വരെ താങ്കളോ ടൊപ്പം നിൽക്കാൻ ദീവാൻ ലഷ്മൺ ദാസ്ജി ഞങ്ങളോടു കൽപിച്ചിരിക്കുകയാണെന്നു അവർ പറഞ്ഞു. അതിനാൽ ഇത്ര സുഖപ്രദമായ യാത്ര പ്രദാനം ചെയ്ത അല്ലാഹുവിനോടുള്ള നന്ദി സൂചകമായി ഈ യാത്രാ വേളയിൽ സമയം നഷ്ടപ്പെടു ത്താതെ ഖുർആൻ ഹൃദൃസ്ഥ മാക്കാൻ തീരുമാനിച്ചു. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആ ഒരു മാസത്തെ യാത്രയിൽ ഖുർആന്റെ പതിനാലു ഭാഗം (ജുസു) ഞാൻ മന:പ്പാഠമാക്കി. അൽഹംദുലില്ലാഹ്.

വിവാഹം കഴിഞ്ഞു ജമ്മുവിൽ തിരിച്ചെത്തിയപ്പോൾ പല്ലക്കു വാഹകർക്കു എന്റെ വകയായി ഒരു സന്തോഷത്തിനു കുറച്ചു പണം നൽകാൻ ഞാൻ ആഗ്രഹിച്ചുവെങ്കി ലും അവർ വിസമ്മതിച്ചു. ദീവാൻ ജി തന്നെ ഞങ്ങൾക്കു ആവശ്യത്തി നു ചെലവിനുള്ള പണത്തോടൊപ്പം പാരിതോഷികമായും പണം നൽകിയിട്ടുണ്ടെന്നും, താങ്കളോടു യാതൊന്നും വാങ്ങരുതെന്നും ഇതദ്ദേഹത്തിന്റെ കൽപനയാണെ ന്നും അവർ പറഞ്ഞു. ഞാൻ നൽകുന്ന പണത്തിന്റെ കാര്യം ദിവാൻ സാഹിബ് എന്നല്ല, ആരും തന്നെ അറിയേണ്ടതില്ലെന്നും ഇതെന്റെ വകയായിട്ടുള്ള ഒരു ചെറിയ സമ്മാനമാണെന്നും ഇതു സ്വീകരിക്കേണമെന്നും ഞാൻ നിർബന്ധിച്ചു. അപ്പോൾ അവർ തങ്ങളുടെ കൈയിലുള്ള ചിലവാക്കി യതിന്റെ ബാക്കി തുക എടുത്തു കാണിക്കുകയും ഇതു താങ്കളുടെ ആവശ്യത്തിന്നായി ദിവാൻ സാഹിബ് ഞങ്ങളെ ഏൽപിച്ച തുകയാണന്നും അതുകൊണ്ട് ഈ ബാക്കി തുക ഞങ്ങളിൽ നിന്നു താങ്കൾ സ്വീകരിക്കണമെന്നു അവർ ആവശ്യപ്പെട്ടു. ഞാനവരുടെ കർത്തവ്യബോധത്തിലും യജമാന നോടുള്ള യഥാർഥ കൂറും ആത്മാർഥതയും കണ്ടു ആശ്ചര്യ പ്പെട്ടു. ഇതും അല്ലാഹുവിന്റെ അനുഗ്രഹമാണെന്നു മനസ്സിലാക്കി അവരോടു ആ പണം ഞാൻ സ്വീകരിച്ചു. ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണ് എന്റെ ഔദ്യോഗിക ജീവിത കാലത്തു ദിവാൻ ലഷ്മൺ സാഹിബ് എനിക്കു ചെയ്തു തന്ന ഉപകാര ങ്ങളും നന്മകളും പറഞ്ഞാൽ തീരാത്തതായിരുന്നു.

## പ്രധാനമന്ത്രിയും പഖ്തൂൻകാരുടെ പാറാവും

ദിവാൻ ലഷ്മൺദാസ് സാഹിബ് ഒരിക്കൽ സംസ്ഥാനത്ത് പ്രധാനമന്ത്രിയായി നിയമിക്കപ്പെട്ടു. അദ്ദേഹത്തിനു പശ്തോ (വടക്കു കിഴക്കു അതിർത്തി പ്രദേശമായ സർഹദ് സംസ്ഥാനത്തിലെ പട്ടാൻ മാരുടെ ഭാഷ) വളരെ ഇഷ്ടമായി രുന്നു. അതു കാരണം അദ്ദേഹം തന്റെ അകമ്പടിക്കായും സെക്യൂരി റ്റി അംഗങ്ങളായും പട്ടാണികളിൽ നിന്നുള്ളവരെയാണു നിയമിച്ചി രുന്നത്. പട്ടാണികൾ ഒരു കാര്യ ത്തിലും വിവേകവും സാമാന്യ മര്യാദയും പ്രകടിപ്പിക്കാറില്ലെ ന്നാണു പൊതുവിൽ പറയപ്പെടാറ്. ഒരു കാര്യത്തിലും ബുദ്ധി പ്രയോഗി ക്കുകയില്ല. ചെയ്തതിനു ശേഷ മായിരിക്കും ആലോചിക്കുന്നത്. അതിനെ അന്വർഥമാക്കുന്ന രീതിയിൽ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ചക്കായി എത്തിയിരുന്ന മാന്യന്മാരും ബഹുമാനിതരുമായ ആളുകളോടു ഈ പട്ടാണികൾ നിന്ദ്യമായി പെരുമാറുകയും അപമാനിക്കുകയും തള്ളിപ്പുറത്താ ക്കുകയും ചെയ്തിരുന്നു. ഒരു ദിവസം ശേഖ് ഫതഹ് മുഹമ്മദ് സാഹിബിനു പ്രധാനമന്ത്രിയെ കാണേണ്ട ആവശ്യമുണ്ടായി. ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് അദ്ദേഹത്തോടു അപ്പോൾ തന്നെ ചെന്നു കാണാൻ പറഞ്ഞു. സമയം രാത്രി പത്തു മണിയായിരിക്കുന്നു. അദ്ദേഹം പറഞ്ഞു മൗലവി സാഹിബ് മാന്യ ന്മാർക്കവിടെ പോകാൻ പ്രയാസ മാണു. ഞാൻ പോവുകയില്ല.

ഇതു കേട്ടപ്പോൾ ഹദ്റത്ത് മൗലവി സാഹിബ് പറഞ്ഞു എങ്കിൽ ഞാൻ ഇപ്പോൾ തന്നെ പ്രധാനമന്ത്രിയായ ദിവാൻജിക്കു ഒരു കത്തെഴുതാം. അദ്ദേഹം ഇങ്ങനെ എഴുതി. താങ്കളെ സന്ദർശി ക്കാൻ വരുന്നവരെ തിരിച്ചയക്കാ നായി താങ്കൾ വസതിയിൽ ശക്ത രായ പഖ്തൂൻകാരെ നിയമിച്ചിട്ടു ണ്ടെന്നറിഞ്ഞു. സംസ്ഥാനത്തെ ജനങ്ങൾ തങ്ങളുടെ ഉന്നതരെ സന്ദർശിക്കാൻ അവരുടെ വസതി കളിൽ ചെല്ലുകയാണു പതിവ്. ആയതിനാൽ ദയവു ചെയ്തു സന്ദർശകർക്കായി ഒരു വലിയ മുറി ഇറാനിയൻ പരവതാനി വിരിച്ചു തയ്യാറാക്കി വെക്കുകയാണെങ്കിൽ സന്ദർശകർക്കവിടെ ഇരിക്കാം. താങ്കൾക്കിഷ്ടമുള്ളവരെ കാണാം അല്ലാത്തവരെ ഒഴിവാക്കാം. എന്നാ ൽ പഖ്തൂൻകാരെ കൊണ്ട് മാന്യ ന്മാരെ അപമാനിക്കുന്നതു താങ്കളു ടെ അന്തസ്സിനു യോജിച്ചതല്ല. കത്തു അപ്പോൾ തന്നെ പത്തു പത്തരയോടെ അദ്ദേഹത്തിന്റെ ലെറ്റർ ബോക്സിൽ കൊണ്ടു ചെന്നിട്ടു.

ഒട്ടും താമസിയാതെ കത്ത് അദ്ദേഹത്തിന്റെ മുന്നിലെത്തി.

അധികം സമയം കഴിഞ്ഞില്ല ദിവാൻ സാഹിബിന്റെ പ്രൈവറ്റ് സെക്രട്ടറി കൂടിയായ സ്വന്തം സ്യാലൻ (ഭാര്യാ സഹോദരൻ) ഒരു റാന്തലുമായി ഹദ്റത്ത് മൗലവി സാഹിബിന്റെ അടുക്കൽ എത്തി. എന്നിട്ടു ദിവാൻ സാഹിബ് വിളിക്കുന്നതായി പറഞ്ഞു. രാത്രി തന്നെയുള്ള വിളിയിൽ അപകടം ഭയന്നു ശേഖ് ഫതഹ് മുഹമ്മദ് സാഹിബ് പറഞ്ഞു, വേണ്ട, ഇപ്പോൾ പോകേണ്ട പിന്നെ പോകാം. പക്ഷേ, ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് ആ നിമിഷം തന്നെ അവിടെ ചെന്നു. ദിവാൻ സാഹിബ് അദ്ദേഹത്തെ ആദരപൂർവം സ്വീകരിച്ചു. എന്താണു കാണുന്നത്. വിശാലമായ ഒരു മുറിയിൽ പരവതാനി വിരിച്ചു തയാറാക്കിയിരിക്കുന്നു. പാറാവുകാരുടെ പൊടി പോലുമില്ല. ഇതു കണ്ടപ്പോൾ ഹദ്റത്ത് മൗലവി സാഹിബ് വളരെയധികം സന്തോഷിക്കുകയും അദ്ദേഹത്തോടു നന്ദി പ്രകടിപ്പിക്കുകയും ചെയ്തു. അതിനു മറുപടിയായി ദിവാൻ സാഹിബ് ഇങ്ങനെ പറഞ്ഞു. സംസ്ഥാനത്തിന്റെ ക്ഷേമവും നന്മയും കാംക്ഷിച്ചുകൊണ്ട് കാര്യങ്ങൾ തുറന്നു പറയുന്ന താങ്കളെ പോലുള്ള ആളുകൾ ഇവിടെ എപ്പോഴും ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാണ്. അല്ലാതെ മുഖസ്തുതി പറയുന്നവരെയല്ല ഇവിടെ ആവശ്യം. ഞാൻ താങ്കളെ വളരെയധികം ബഹുമാനിക്കുന്നു. പഖ്തൂൻകാരെ എല്ലാവരേയും ഞാൻ പിരിച്ചു വിട്ടു. ഇനി ആരും ആരേയും തടയുകയില്ല. താങ്കൾക്കായി പ്രത്യേകമായി ഒരു സമയവുമില്ല താങ്കൾക്കു എപ്പോൾ വേണമെങ്കിലും എന്റെ അടുക്കൽ വരാം യാതൊരു മടിയും വേണ്ട.

### രാജാ മഹാരാജാക്കൾക്കു ഇസ്ലാമികമായ ഉപദേശങ്ങൾ

ജമ്മു കശ്മീർ സംസ്ഥാനത്തു ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ പ്രവർത്തനങ്ങൾ ഒരിക്കലും വൈദ്യശാസ്ത്രവും ചികിത്സയും മാത്രമായി ബന്ധപ്പെട്ടതായിരുന്നില്ല. അദ്ദേഹം ഇസ്ലാമിന്റെ അർപ്പണം ചെയ്ത സേവകനായിരുന്നു. ആ പുണ്യാത്മാവ് കൊട്ടാരത്തിലുള്ളവർക്കും അവരുമായി ബന്ധപ്പെട്ടവർക്കും ഇസ്ലാമിനെ കുറിച്ചും ഇസ്ലാമിന്റെ ഉന്നതങ്ങളായ ആദർശങ്ങളെ കുറിച്ചും ഖുർആനെ സംബന്ധിച്ചും പറഞ്ഞു കൊടുക്കാറുണ്ടായിരുന്നു. മഹാരാജാവിന്റെ സഹോദരൻ രാജാ അമർസിംങ്ങ് അദ്ദേഹത്തിൽ നിന്നും ഖുർആൻ പഠിക്കാറുണ്ടായിരുന്നു. മഹാരാജാവ് തന്നേയും ഹദ്റത്ത് മൗലവി സാഹിബിൽ നിന്നും ഖുർആൻ പരിഭാഷ പകുതിയോളം കേട്ടു കഴിഞ്ഞിരുന്നു. ഇസ്ലാമിന്റെ യഥാർഥവും നീതിയുക്തവുമായ ഏതു കാര്യവും ആരുടെ മുന്നിലും ഏതവസരത്തിലും വിവരിക്കാൻ ഹദ്റത്ത് മൗലവി സാഹിബിനു സങ്കോചമോ മടിയോ ഭയമോ ഉണ്ടായിരുന്നില്ല. അതു മഹാരാജാവിനും രാജസദസ്സിലുള്ളവർക്കും നന്നായി അറിയാവുന്ന കാര്യവുമായിരുന്നു.

ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണ്. ചില അവസരങ്ങളിൽ എനിക്കു കൊട്ടാരത്തിലെ വളരെ പ്രധാനികളോടൊപ്പം ഇരിക്കാനുള്ള അവസരം ലഭിക്കാറുണ്ട്. അപ്പോഴൊക്കെ ഞാൻ അവർക്കു ഇസ്ലാമിനെ കുറിച്ചു പറഞ്ഞു കൊടുക്കാറുമുണ്ട്. അത്തരത്തിലുള്ള ഒരവസരത്തിൽ എല്ലാവരോടുമായി ഞാൻ പറഞ്ഞു വാ, നമുക്കു കുറച്ചു ഖുർആൻ പഠിക്കാം. അവരെല്ലാം ഹിന്ദുക്കളായിരുന്നു. അങ്ങനെ അവരെ ഞാൻ ഒന്നു രണ്ടു ദിവസം ഖുർആൻ പഠിപ്പിച്ചു. റത്തിറാം എന്നു പേരുള്ള ഖജാനയുടെ മേലധികാരിയും അദ്ദേഹത്തിന്റെ മകനും ആ സദസ്സിൽ ഉണ്ടായിരുന്നു. ഏതാനും ദിവസങ്ങൾക്കു ശേഷം റത്തിറാമിന്റെ മകൻ മറ്റൊരു സദസ്സിൽ ചെന്നപ്പോൾ പറയുകയാണു. നോക്കൂ, മൗലവി സാഹിബിനെ കൊണ്ട് ഞങ്ങളെ ഖുർആൻ പഠിപ്പിക്കാൻ അനുവദിക്കരുത്. ഞങ്ങൾ ചിലപ്പോൾ താമസിയാതെ മുസ്ലിംകൾ ആയിത്തീർന്നേക്കും. കാരണം ഖുർആൻ തന്നെ ആരേയും ആകർഷിക്കുന്ന ഒരു ഗ്രന്ഥമാണെന്നാണു എനിക്കു മനസ്സിലായത്. മൗലവി സാഹിബിന്റെ വിവരണ രീതി അതിലും ഹൃദ്യമാണു.

ഒരിക്കൽ വിവിധ മതനേതാക്കളും പണ്ഡിതരും സമ്മേളിച്ച ഒരു സദസ്സിൽ വെച്ചു മഹാരാജാവിനു വല്ലാതെ ദാഹിച്ചു. അവിടെ മുസ്ലിമായി ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് മാത്രമേ ഉണ്ടായിരുന്നുള്ളു. തൊട്ടുകൂടാ തീണ്ടിക്കൂടാ എന്നതു വളരെ കണിശമായി പരിപാലിക്കുന്ന മഹാരാജാവ് മുസ്ലിം ഉള്ള ഒരു സദസ്സിൽ വെച്ചു വെള്ളം കുടിക്കുകയില്ല എന്നു ഹദ്റത്ത് മൗലവി സാഹിബിനു നല്ലവണ്ണം അറിയാമായിരുന്നു. അതു കൊണ്ട് തനിക്കു അവിടെ നിന്നു എന്തായാലും എഴുന്നേൽക്കേണ്ടി വരുമെന്നു മനസ്സിലാക്കിയതിനാൽ ഹദ്റത്ത് മൗലവി സാഹിബ് മഹാരാജാവിനോടു ചോദിച്ചു, മഹാരാജാവേ, ഹിന്ദു എന്നു ആരെയാണു വിളിക്കുന്നത്. മഹാരാജാവു പറഞ്ഞു വേദങ്ങളെ അനുസരിക്കുകയും അതിനെ പിൻപറ്റുകയും ചെയ്യുന്നവരെ. സദസ്സിലുണ്ടായിരുന്ന ഒരു ജൈന മതക്കാരനെ ചൂണ്ടി ഇയാൾ വേദങ്ങളെ പിൻപറ്റുന്നില്ല. എങ്കിലും ഇയാൾ ഹിന്ദുവാണെന്നാണു വയ്പ്പ്. അപ്പോൾ മഹാരാജാവ് പറഞ്ഞു ഹിന്ദുക്കളെന്നു വെച്ചാൽ പൂണൂൽ ധരിക്കുന്നവർ എന്നാണർഥം. ഉടൻ തന്നെ സദസ്സിലുണ്ടായിരുന്ന ഒരു സിക്കു മതസ്ഥനെ ചൂണ്ടി ഹദ്റത്ത് മൗലവി സാഹിബ് പറഞ്ഞു ഇയാൾ പൂണൂൽ ധരിക്കാറില്ല. ആ നിലയ്ക്കു ഇയാൾ ഹിന്ദുവാകുന്നതെങ്ങനെ? അപ്പോൾ മഹാരാജാവ് ഹിന്ദുവിന്റെ നിർവചനം ഒന്നുകൂടി കടുപ്പിച്ചു

കൊണ്ട് പറഞ്ഞു ഹിന്ദു എന്നു പറഞ്ഞാൽ ഗോമാംസം ഭക്ഷിക്കാത്തവർ എന്നാണർഥം. അപ്പോൾ സദസ്സിലുണ്ടായിരുന്ന, തോട്ടിപ്പണിയും തൂപ്പു വേലയും ചെയ്യുന്ന താഴ്ന്ന ജാതിക്കാരനായ ഒരാളെ ചൂണ്ടി ഹദ്റത്ത് മൗലവി സാഹിബ് പറഞ്ഞു മഹാരാജാവേ, പശുവിൻ മാംസം പോട്ടെ, മനുഷ്യ മാംസം കിട്ടിയാൽ അതും ഒഴിവാക്കാത്തയാളാണു ഇയാൾ എന്നു പറഞ്ഞു. ഈ സംസാരം കൊണ്ട് ഹദ്റത്ത് മൗലവി സാഹിബ് എന്താണുദ്ദേശിക്കുന്നതെന്നു നന്നായി അറിയാവുന്ന മഹാരാജാവ് ആകെ കുഴങ്ങി. എന്നിട്ടു പറഞ്ഞു മൗലവി സാഹിബ് താങ്കൾ ഇവിടെ തന്നെ ഇരുന്നോളൂ. ഞാൻ പുറത്തു പോയി വെള്ളം കുടിച്ചോളാം. ഇത്രയും ധൈര്യവും മന:ക്കരുത്തുമുള്ള ഒരു വ്യക്തിയെ ഒരിക്കലും രാജാ മഹാരാജാക്കന്മാരുടേയോ നവാബുമാരുടേയോ ദർബാറുകളിൽ കണ്ടെത്തുക പ്രയാസമാണു. കാരണം അവിടങ്ങളിലെല്ലാം തന്നെ രാജാ മഹാരാജാക്കന്മാർക്കു സ്തുതിഗീതം പാടുന്ന സ്തുതിപാഠകരെ മാത്രമേ കാണുവാൻ കഴിയുകയുള്ളു.

## ഗവർണറുടെ ആരോപണവും അതിനുള്ള നിവാരണവും

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) തന്റെ ഔദ്യോഗിക ജീവിത കാലത്തു മന്ത്രിമാരുടേയും മറ്റു ഉന്നത വ്യക്തികളുടേയും ഇടയിൽ ഇസ്‌ലാമിനെ കുറിച്ചു അവരുടെ ഹൃദയങ്ങളിൽ രൂഢമൂലമായിട്ടുള്ള തെറ്റിദ്ധാരണകൾ നീക്കം ചെയ്യാൻ ലഭിക്കുന്ന ഒരവസരവും പാഴാക്കാറില്ല. ഒരവസരത്തിൽ ജമ്മു ഗവർണറായ പണ്ഡിറ്റ് രാധാകൃഷൻ സാഹിബും ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബും മറ്റു ചിലരും രാജാ അമർസിംങ്ങ് സാഹിബിന്റെ വീട്ടിൽ ഇരുന്നു സംസാരിക്കുന്ന അവസരത്തിൽ ഗവർണർ പറഞ്ഞു മൗലവി സാഹിബ്, പണ്ഡിറ്റ് ലേഖ്റാം ഇസ്‌ലാമിന്നെതിരിൽ ഉന്നയിച്ച ആരോപണങ്ങളിൽ ചിലത് വളരെ ശക്തവും നിഷേധിക്കാനാവാത്തതുമാണ്. ഇതു കേട്ടപ്പോൾ ഹദ്റത്ത് മൗലവി സാഹിബ് പറഞ്ഞു എങ്കിൽ പണ്ഡിറ്റ് സാഹിബ് ഉന്നയിച്ച വളരെ പ്രബലവും ശക്തവും നിഷേധിക്കാനാവാത്തതുമെന്നു താങ്കൾ കരുതുന്ന ഏതെങ്കിലും ഒരു ആരോപണം ഉന്നയിച്ചാലും. രാജാ അമർസിംങ്ങ് സാഹിബിനെ നമുക്കിടയിൽ വിധികർത്താവാക്കാം.

അപ്പോൾ അദ്ദേഹം പറഞ്ഞു അലക്സാൻഡ്രിയയിലെ വിശ്വപ്രസിദ്ധ ലൈബ്രറി ചുട്ടുകരിച്ചതു മുഹമ്മദ് നബി(സ)യുടെ രണ്ടാം ഖലീഫയായ ഹദ്റത്ത് ഉമറി(റ)ന്റെ നിർദേശ പ്രകാരമാണ്. അപ്പോൾ മൗലവി സാഹിബ് ചോദിച്ചു താങ്കൾ ഏതു ചരിത്രഗ്രന്ഥത്തെയാണു വിശ്വസനീയമെന്നു കരുതുന്നത്? ഇസ്‌ലാമിന്റെ ഒന്നു മുതൽ നാലുവരെയുള്ള നൂറ്റാണ്ടുകൾക്കിടയിൽ ഈ കാര്യം പ്രതിപാദിച്ചിട്ടുള്ള ഏതെങ്കിലും ഒരു ചരിത്രകാരന്റെ പേരു പറയുമോ? അതുകേട്ടപ്പോൾ അദ്ദേഹം പറഞ്ഞു ഞാൻ അറബി ചരിത്ര ഗ്രന്ഥങ്ങൾ വായിച്ചിട്ടില്ല. അപ്പോൾ ഹദ്റത്ത് മൗലവി സാഹിബ് പറഞ്ഞു ഇംഗ്ലീഷ് ചരിത്രങ്ങൾ ഞാനും വായിച്ചിട്ടില്ല. എന്നിരുന്നാലും വിശ്വസനീയമെന്നു താങ്കൾ കരുതുന്ന ഏതെങ്കിലും ഒരു ഇംഗ്ലീഷ് ചരിത്ര ഗ്രന്ഥത്തിന്റെ പേരു പറഞ്ഞാലും. അപ്പോൾ അദ്ദേഹം പറഞ്ഞു Mr.Gibbon എഴുതിയ Decline and fall of the Roman Empire (റോമാ സാമ്രാജ്യത്തിന്റെ ക്ഷയവും പതനവും) ഞാൻ പറഞ്ഞു ശരി ഈ ഗ്രന്ഥം എന്റേയും താങ്കളുടേയും ഇടയിൽ വിധി കർത്താവായിരിക്കും. ഒട്ടും വൈകാതെ ദിവാൻ അമർനാഥ് സാഹിബിന്റെ ഗ്രന്ഥാലയത്തിൽ നിന്നും പ്രസ്തുത ഗ്രന്ഥം കൊണ്ടു വന്നു അതിൽ അലക്സാൻഡ്രിയയിലെ ഗ്രന്ഥാലയത്തെ കുറിച്ചുള്ള ഗ്രന്ഥകർത്താവിന്റെ വിവരണമെടുത്തു അദ്ദേഹത്തോടു വായിക്കാൻ പറഞ്ഞു. ആ ലൈബ്രറിയുടെ നാശവുമായി ഹദ്റത്ത് ഉമറി(റ)നു യാതൊരു ബന്ധവുമില്ലെന്നു ഗ്രന്ഥകർത്താവ് വളരെ വ്യക്തമായി എഴുതിയിട്ടുണ്ടായിരുന്നു. അതുകണ്ടപ്പോൾ ഗവർണർ ആകെ ലജ്ജിതനായി. എന്നിട്ടു പറഞ്ഞു ഞങ്ങൾക്കു വളരെ ചെറുപ്പം മുതൽ ഇസ്‌ലാം വിരുദ്ധ അധ്യാപനങ്ങളാണു നൽകപ്പെടുന്നത്. അതു കാരണം ഇസ്‌ലാമിനെതിരിൽ എന്തു കണ്ടാലും ആരു പറഞ്ഞാലും അതു സത്യമെന്നു കരുതി അതിനെ പിന്തുണയ്ക്കാറാണു പതിവ്. ആ ഒരു മുൻധാരണയിലാണു ഞാനിതും പറഞ്ഞു പോയത്.

## പാശ്ചാത്യ വീക്ഷണവും സ്ത്രീ പുരുഷ സമത്വവും

മറ്റൊരിക്കൽ, കശ്മീരിലെ പ്രസിദ്ധനായ ഒരു ഡോക്റ്ററുടെ ബഹുമാനാർഥം സംഘടിപ്പിക്കപ്പെട്ട വിരുന്നു സൽക്കാരത്തിൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് അടക്കമുള്ള നഗരത്തിലെ പല പ്രമുഖരും സന്നിഹിതരായിരുന്നു. അവിടെ എങ്ങനെയോ സ്ത്രീ പുരുഷ സമത്വത്തെ കുറിച്ചുള്ള ഒരു ചർച്ചയ്ക്കു തുടക്കം കുറിച്ചു. അതിൽ പ്രസ്തുത ഡോക്റ്റർ സ്ത്രീ സമത്വത്തിന്നായി ഘോര ഘോരം വാദിക്കുകയുണ്ടായി. അൽപ സമയത്തിനു ശേഷം ഹദ്റത്ത് മൗലവി സാഹിബ് ഡോക്റ്ററോട് ചോദിച്ചു താങ്കൾക്കു മക്കളുണ്ടോ? അദ്ദേഹം പറഞ്ഞു അതെ, മൂന്നു വയസ്സുള്ള ഒരു മകനുണ്ട്. അതു കേട്ടപ്പോൾ ഹദ്റത്ത് മൗലവി സാഹിബ് എഴുന്നേറ്റു അദ്ദേഹത്തിന്റെ അടുക്കൽ ചെന്നിട്ടു എല്ലാവരുടേയും സാന്നിധ്യത്തിൽ ഡോക്റ്ററുടെ മാറിടം തപ്പാൻ തുടങ്ങി. ഇതെന്തു തോന്ന്യാസമാണു കാണിക്കുന്നത് എന്ന നിലയ്ക്കു ദ്വേഷ്യം കാണിക്കുകയും ആതിഥേയനോടു ഇയാൾ ആരാണെന്നു അന്വേഷി

ക്കാനും തുടങ്ങി. ഇദ്ദേഹം വളരെ വലിയൊരു മഹാനാണെന്നും ഈ ചെയ്തതിന്റെ കാരണം പോലും ചോദിക്കാനുള്ള ധൈര്യം എനിക്കില്ലെന്നും ആതിഥേയൻ പതുക്കെ അദ്ദേഹത്തോടു പറഞ്ഞു.

പിന്നീട് ഹദ്റത്ത് മൗലവി സാഹിബ് പറഞ്ഞു ഡോക്ടർ സാഹിബ്, താങ്കളിപ്പോൾ സ്ത്രീ പുരുഷ സമത്വത്തെ കുറിച്ചു കുറേ സംസാരിച്ചുവല്ലോ. താങ്കളുടെ ഭാര്യ ഒരു കുട്ടിയെ പ്രസവിച്ചു. ഇനി താങ്കളുടെ ഊഴമാണു. അതിനുള്ള കഴിവു താങ്കൾക്കുണ്ടോ? കുട്ടിയെ പാലൂട്ടാൻ പറ്റുമോ? എന്നൊക്കെ ഞാനൊന്നു പരിശോധിച്ചതാണ്. കാരണം പാലൂട്ടാനുള്ള സാധനമൊന്നും താങ്കളുടെ കൈയിലില്ലെങ്കിൽ പിന്നെ എന്തു സ്ത്രീ സമത്വമാണു നിങ്ങൾ വാദിക്കുന്നത്. ഇതു കേട്ടു സകലരും പൊട്ടിച്ചിരിക്കാൻ തുടങ്ങി. ആതിഥേയൻ ഡോക്റ്ററോടു പറഞ്ഞു ഡോക്റ്റർ സാഹിബ് താങ്കൾ മറുപടി പറഞ്ഞാലും. ഡോക്റ്റർ സാഹിബ് ആകെ വല്ലാതെയായി. ഒന്നും പറയാനാകാതെ ലജ്ജിച്ചു തലതാഴ്ത്തിക്കൊണ്ട്, നമ്മൾ കാര്യങ്ങൾ വേണ്ടവിധം മനസ്സിലാക്കാതെ പാശ്ചാത്യരെ അനുകരിക്കുകയാണു ചെയ്യുന്നതെന്നും അതുകൊണ്ടാണു ഇത്തരത്തിലുള്ള ചിന്താഗതികൾ നമ്മിൽ ഉടലെടുക്കുന്നതെന്നും പറഞ്ഞു.

## ഹദ്റത്ത് നൂറുദ്ദീൻ സാഹിബും ചികിത്സാ രീതികളും

ഹദ്റത്ത് മൗലവി സാഹിബ് ജമ്മു കശ്മീരിൽ തന്റെ തൊഴിലിൽ നാൾക്കു നാൾ വലിയ ബഹുമതിയും പ്രാഗൽഭ്യവും തെളിയിച്ചു കൊണ്ടിരുന്നു. ചില രോഗികൾക്കു അദ്ദേഹം ചെയ്ത രോഗനിർണയങ്ങളും തുടർന്നുള്ള ചികിത്സകളും എല്ലാം തന്നെ അത്ഭുതകരമായിരുന്നു. പക്ഷേ, അദ്ദേഹം ഒരിക്കലും തന്നെ ഇതെല്ലാം തന്റെ കഴിവും മേന്മയുമായി കണ്ടിരുന്നില്ല. അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും അനുഗ്രഹവും കൂടാതെ ഇതൊന്നും തന്നെ സാധിക്കുകയില്ലെന്നു അദ്ദേഹം ഓരോ നിമിഷവും ബോധവാനായിരുന്നു. അദ്ദേഹം തന്റെ ചികിത്സാ രീതി പൊതുവിൽ അറിയപ്പെടുന്ന യൂനാനി സമ്പ്രദായത്തിൽ മാത്രം ഒതുക്കി നിർത്തിയിരുന്നില്ല. അലോപതി സമ്പ്രദായത്തിൽ അറബിയിലുള്ള നിരവധി ഗ്രന്ഥങ്ങൾ ഈജിപ്തിൽ നിന്ന് വരുത്തുകയും അതെല്ലാം വളരെ ശ്രദ്ധാപൂർവം പഠിക്കുകയും ചെയ്തിരുന്നു. അതുകൊണ്ട് അലോപതി ചികിത്സയിലും അദ്ദേഹത്തിനു നല്ല അവഗാഹമുണ്ടായിരുന്നു.

അതിനു ശേഷം ഇന്ത്യൻ സമ്പ്രദായത്തിലുള്ള ചികിത്സാരീതി പഠിക്കുന്നതിനായി അദ്ദേഹം അതിൽ വിദഗ്ദ്ധനായ ഭിഷഗ്വരൻ പണ്ഡിറ്റ് ഹർനാം ദാസിനെ സമീപിച്ചു. അദ്ദേഹവും ഒരു കൊട്ടാര വൈദ്യനായിരുന്നു. കൊട്ടാരത്തിൽ അദ്ദേഹത്തിനു ചെറിയൊരു ഓഫീസ് മാത്രമായിരുന്നു ഉണ്ടായിരുന്നത്. കൊട്ടാരത്തിൽ അദ്ദേഹത്തിനു വലിയ സ്ഥാനമൊന്നും ഉണ്ടായിരുന്നില്ല. ഹദ്റത്ത് മൗലവി സാഹിബ് അദ്ദേഹത്തിൽ നിന്നും അംറത്ത് സാഗർ, സുസ്റത്ത് തുടങ്ങി ഹിന്ദി വൈദ്യ ശാസ്ത്ര ഗ്രന്ഥങ്ങൾ പഠിച്ചു കൊണ്ടിരുന്നു. തന്റെ ഗുരുനാഥൻ എന്നനിലയ്ക്കു വളരെ വൃദ്ധനായ പണ്ഡിറ്റ് ഹർനാം ദാസിനെ ഹദ്റത്ത് മൗലവി സാഹിബ് വളരെയധികം ബഹുമാനിക്കുകയും പല രീതിയിൽ അദ്ദേഹത്തെ സേവിക്കുകയും മറ്റുള്ളവരുടെ മുന്നിൽ എപ്പോഴും വളരെ ആദരപൂർവം സ്മരിക്കുകയും ചെയ്തിരുന്നു.

ഒരിക്കൽ ഒരാൾ രാജാവിന്റെ അടുക്കൽ ചെന്നു അടക്കം പറഞ്ഞു മഹാരാജാവേ, നൂറുദ്ദീനെ ഭിഷഗ്വരൻ എന്ന നിലയിൽ വലിയ ആളായി കാണേണ്ട ആവശ്യമൊന്നുമില്ല. നമ്മുടെ ഇടയിൽ തികച്ചും അപ്രധാനിയായ പണ്ഡിറ്റ് ഹർനാം ദാസിൽ നിന്നാണു നൂറുദ്ദീൻ വൈദ്യം പഠിക്കുന്നത്. ആ കേട്ടതു മഹാരാജാവിനു തീരെ ഇഷ്ടപ്പെട്ടില്ല. കാരണം പണ്ഡിറ്റ് ഹർനാം ദാസ് മഹാരാജാവിന്റെ വളരെ എളിയ ഒരു പാവം ജീവനക്കാരനായിരുന്നു. അപ്പോൾ രാജാവ് ഒന്നും പറഞ്ഞില്ലെങ്കിലും മറ്റൊരവസരത്തിൽ, താങ്കൾ എന്തിനാണ് പണ്ഡിറ്റ് ഹർനാം ദാസിനോടു ഇത്രയധികം ബഹുമാനവും ആദരവും കാണിക്കുന്നതെന്നു മഹാരാജാവ് ഹദ്റത്ത് മൗലവി സാഹിബിനോടു ചോദിച്ചു. മൗലവി സാഹിബ് ഒരു നിമിഷം പോലും വൈകാതെ പറഞ്ഞു ഞാനദ്ദേഹത്തെ എന്റെ ഗുരുനാഥനായി കരുതുന്നു. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിനെ പോലുള്ള ഒരാളിൽ നിന്നുള്ള ഈ ഉത്തരം മഹാരാജാവിനെ വളരെയധികം സ്വാധീനിക്കുകയും മൗലവി സാഹിബിനോടുള്ള മതിപ്പും ആദരവും വർദ്ധിക്കാൻ അതു കാരണമാവുകയും ചെയ്തു.

ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ കഴിവിനെ കുറിച്ചും ധാർമികവും ആത്മീയവുമായ അദ്ദേഹത്തിന്റെ ഉന്നത ഗുണങ്ങളെ കുറിച്ചും മഹാരാജാവ് നല്ലവണ്ണം ബോധവാനായിരുന്നു. പലപ്പോഴും ആ കാര്യങ്ങൾ മഹാരാജാവ് വെളിപ്പെടുത്താറുമുണ്ട്. ഒരുദിവസം വൈകുന്നേരം കൊട്ടാരത്തിൽ ഉടനെ എത്തണമെന്ന മഹാരാജാവിന്റെ സന്ദേശവുമായി ദൂതൻ വന്നു. മൗലവി സാഹിബ് രാജാവിന്റെ അടുക്കലേയ്ക്കു പുറപ്പെടാൻ നേരം ഒരു പാവപ്പെട്ട തൂപ്പുകാരന്റെ ഭാര്യ വളരെ വിഷമത്തോടെ തന്റെ ഭർത്താവിനു തീരെ സുഖമില്ലെന്നും ദയവു ചെയ്തു വീട്ടിൽ വന്നു ആവശ്യമായ ചികിത്സ നൽകേണമെന്നും അപേക്ഷിച്ചു. അതുകേട്ടപ്പോൾ മഹാരാജാവിന്റെ ദൂതനോടു അൽപ സമയത്തിനകം താൻ നേരിട്ടു രാജാവിന്റെ അടുക്കൽ

എത്തിക്കൊള്ളാമെന്നും അയാളോടു പോയ്ക്കൊള്ളാനും പറഞ്ഞു.

അയാൾക്കതു തീരെ രസിച്ചില്ല. ഇതയാളിൽ വളരെ നീരസവും അത്ഭുതവുമുളവാക്കി. ഒരു തൂപ്പുകാരനു മഹാരാജാവിനു മേൽ ഇത്ര വലിയ പരിഗണനയോ? നൂറുദ്ദീൻ ഈ കാണിച്ചതു തീരെ ശരിയായില്ലെന്നും ഇതു ധിക്കാരമാണെന്നും അയാൾ കണ്ടു. ഈ കാര്യം ഇയാൾ എന്തായാലും പൊടിപ്പും തൊങ്ങലും വച്ചു മഹാരാജാവിന്റെ ചെവിയിലെത്തിക്കുമെന്നു മൗലവി സാഹിബിനു നന്നായി അറിയാമായിരുന്നു. എന്നാൽ തന്റെ മനുഷ്യത്വം ഒരു പാവപ്പെട്ട തൂപ്പുകാരനെ ഒരിക്കലും അവഗണിക്കരുതെന്നാണു തന്നോടു ആവശ്യപ്പെടുന്നതെന്നു അദ്ദേഹം മനസ്സിൽ പറഞ്ഞു.

ഉടൻ തന്നെ തൂപ്പുകാരന്റെ ഭാര്യയോടൊപ്പം ഹദ്റത്ത് മൗലവി സാഹിബ് അവളുടെ വീട്ടിൽ ചെന്നു. അവളുടെ ഭർത്താവിനെ പരിശോധിച്ചു. അയാൾക്കു ഏതാനും ദിവസമായി കഠിനമായ വയറു വേദനയും മലബന്ധവുമായിരുന്നു. ഉടനെ അയാൾക്കു എനീമ കൊടുത്തു വയറു വൃത്തിയാക്കി. അതോടെ അയാളുടെ ബുദ്ധിമുട്ടിനു ശമനമുണ്ടായി. ആ സുഖത്തിലയാൾ ദീർഘശ്വാസമയച്ചു നന്ദി സൂചകമായി ഇങ്ങനെ പറഞ്ഞു താങ്കളെ ദൈവം ഒരു പാട് അനുഗ്രഹിക്കട്ടെ. താങ്കളെ ഇവിടെ കൊണ്ടെത്തിച്ച ആളേയും അനുഗ്രഹിക്കട്ടെ. വളരെ ആത്മാർഥമായിട്ടാണയാൾ അതു പറഞ്ഞത്. അതിനാൽ മഹാരാജാവും ആ പ്രാർഥനയിൽ ഉൾപ്പെട്ടതായും മഹാരാജാവ് എന്തൊരു ബുദ്ധിമുട്ടു കാരണമായിട്ടാണോ എന്നോടു ഉടനെ കൊട്ടാരത്തിൽ എത്തണമെന്നു നിർദേശിച്ചതു ആ ബുദ്ധിമുട്ടും അസുഖവും പരിഹരിക്കപ്പെട്ടിട്ടുണ്ടാകുമെന്നും ഹദ്റത്ത് മൗലവി സാഹിബ് ദൃഢമായും മനസ്സിൽ കരുതുകയും കൊട്ടാരത്തിലേയ്ക്കു പുറപ്പെടുകയും ചെയ്തു.

കൊട്ടാരത്തിൽ എത്തിയപ്പോൾ അവസ്ഥ അപ്രകാരം തന്നെയായിരുന്നു. മഹാരാജാവിനുണ്ടായിരുന്ന അസ്വാസ്ഥ്യം ഭേദപ്പെട്ടു. മരുന്നു വേണ്ടിവന്നില്ല. മഹാരാജാവ് വൈകിയതിന്റെ കാരണം തിരക്കിയപ്പോൾ ഉണ്ടായ കാര്യങ്ങളെല്ലാം രാജാവിനെ കേൾപിച്ചു. തൂപ്പുകാരന്റെ പ്രാർഥനയും ആശിർവാദവും കാരണമാണു രാജാവിന്റെ ബുദ്ധിമുട്ടു നീങ്ങിയതെന്നും രാജാവിനെ അറിയിച്ചു. അപ്പോൾ ഇതു തന്നേയാണു ഒരു ഭിഷഗ്വരനു ചേർന്ന ഉൽകൃഷ്ട സ്വഭാവമെന്നു രാജാവു പറയുകയും ആ സന്തോഷത്തിൽ രണ്ടു കനമുള്ള സ്വർണ വളകൾ ഹദ്റത്ത് മൗലവി സാഹിബിനു സമ്മാനിക്കുകയും ചെയ്തു. മൗലവി സാഹിബ് ഉടനെ, തന്നെ വിളിക്കാൻ വന്ന രാജദൂതനെ അന്വേഷിച്ചു. അയാളെ കണ്ടെത്തി സ്വർണ വളകളിൽ ഒന്നു അയാൾക്കു നൽകി. അയാൾ വളരെ ആശ്ചര്യപൂർവം ഈ ഔദാര്യത്തിന്റെ കാരണം തിരക്കി. അപ്പോൾ മൗലവി സാഹിബിന്റെ മറുപടി ഇങ്ങനെയായിരുന്നു. താങ്കൾ എനിക്കെതിരിൽ രാജാവിന്റെ മുമ്പിൽ ആക്ഷേപം ബോധിപ്പിച്ചില്ലായിരുന്നുവെങ്കിൽ എനിക്കിതു ലഭിക്കുകയില്ലായിരുന്നു. അതു കൊണ്ട് അതിന്റെ പങ്കു താങ്കൾക്കു കൂടി അർഹതപ്പെട്ടതാണ്.

## മൗലവി സാഹിബും ഔദ്യോഗിക വസ്ത്രവും

ഹദ്റത്ത് മൌലവി സാഹിബിന്നു കൊട്ടാരത്തിൽ ലഭിച്ചിരുന്ന മഹനീയ സ്ഥാനമാനങ്ങളിൽ അസൂയ പൂണ്ട കുറച്ചു പേർ മഹാരാജാവിനെ കൊണ്ട് ഒരു പുതിയ വിജ്ഞാപനമിറക്കിച്ചു. രാജ സദസ്സിലുള്ള എല്ലാ ഉന്നത ഉദ്യോഗസ്ഥരും യൂണിഫോം ധരിക്കണം. അതായിരിക്കും ഔദ്യോഗിക വസ്ത്രം. അതിന്റെ വില ഒരു മാസത്തെ ശമ്പളത്തിൽ കുറയുകയുമരുത്. അവരുടെ ലക്ഷ്യം മൗലവി സാഹിബായിരുന്നു. അതു രാജാവിനു മനസ്സിലായിട്ടില്ലെന്നു തോന്നുന്നു. മൗലവി സാഹിബ് വളരെ ലളിതമായ വസ്ത്രമായിരുന്നു ധരിക്കാറുണ്ടായിരുന്നത്. മഹാരാജാവിന്റെ ഉത്തരവനുസരിച്ചു എല്ലാവരും വേഷത്തിൽ മാറ്റം വരുത്തിയെങ്കിലും പ്രധാന ഭിഷഗ്വരനായ മൗലവി സാഹിബ് മാത്രം യാതൊരു മാറ്റവും വരുത്തിയില്ല. ഒന്നു രണ്ടു ദിവസങ്ങൾക്കു ശേഷം ഈ കാര്യം ഒരാൾ രാജാവിന്റെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ രാജാവ് അയാളോടു വളരെ ദ്വേഷ്യപ്പെട്ടു കൊണ്ട് പറഞ്ഞു അദ്ദേഹത്തിനു ഔദ്യോഗിക വസ്ത്രത്തിന്റെ യാതൊരാവശ്യവുമില്ല. അതദ്ദേഹത്തിന്റെ കൃത്യനിർവ്വഹണത്തിൽ ബുദ്ധിമുട്ടുണ്ടാക്കും. അതുകൂടാതെ അദ്ദേഹത്തിനു പലപ്പോഴും കൊട്ടാരത്തിനകത്തു സ്ത്രീകളുടെ അടുക്കൽ പോകാനുള്ളതുമാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ വസ്ത്രം തന്നേയാണു ഏറ്റവും യോജിച്ചത്. (തുടരും)


കടപ്പാട് & അവലംബം

1. ഹയാത്തെ നൂർ By മൌലാനാ അബ്ദുൽ ഖാദർ സാഹിബ് സൌദാഗർ മൽ. റബ്‌വാ

2. താരീഖെ അഹ്മദിയ്യത്ത് വാള്യം III By മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ് റബ്‌വാ

3. മിർഖാത്തുൽ യഖീൻ ഫീ ഹയാതി നൂറുദ്ദീൻ By അക്ബർ ശാഹ് ഖാൻ സാഹിബ്. നജീബാബാദി.

4. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് (English) By ഹദ്റത്ത് സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ)

5. സവാനിഹ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ By റസിയ ദർദ് സാഹിബ കറാച്ചി.

6. അസ്ഹാബ് സിദ്ഖൊ വഫാ By നസ്റുല്ലാഹ് സാസിർ സാഹിബ് + ആസിം ജമാലി സാഹിബ്

# പകർച്ചവ്യാധികളും ദൈവചിന്തയും

മനുഷ്യനെ രോഗവും ദുരന്തങ്ങളും വലയം ചെയ്യുമ്പോൾ അത് അദ്ധ്യാത്മിക ചിന്തകളാക്കി മാറ്റാനാണ് ദൈവിക ഗ്രന്ഥങ്ങൾ ബോധനം ചെയ്യുന്നത്. രോഗങ്ങൾ പ്രകൃതി പരമായ കാരണങ്ങൾകൊണ്ടാണ് ഉണ്ടാവുന്നത്. ദൈവ ശിക്ഷയുടെ രൂപത്തിലും വരാം എന്തായാലും ആതുര കാലം ദൈവവുമായി അടുക്കാനുള്ള പ്രതിസന്ധി ഘട്ടങ്ങളാണ്.

**എ. പി. മൊയ്തീൻ കോയ. തെക്കേപ്പുറം,കോഴിക്കോട്**

അല്ലാഹു കാരുണ്യമൂർത്തിയാണ്. വിശുദ്ധ ഖുർആന്റെ ഓരോ അദ്ധ്യായങ്ങളും ആരംഭിക്കുന്നത് ബിസ്മില്ലാഹിർ റഹ്മാനിർറഹീം എന്ന ദൈവത്തിന്റെ കാരുണ്യ ഗുണം വാഴ്ത്തി ക്കൊണ്ടാണ്. അല്ലാഹുവിന്റെ ശിക്ഷ പോലും ഈ കാരുണ്യത്തിന്റെ മഹത്തായ പ്രകടനമാണ്. മനുഷ്യ സമൂഹം അവന്റെ കാരുണ്യം കൊണ്ടാണ് നിലവിൽ വന്നത്. തുടർന്ന് പ്രകൃതിയുടെ സംവിധാനങ്ങളിലൂടെയും ദൈവകാരുണ്യം നിരന്തരം മനുഷ്യനിൽ വർഷിക്കപ്പെടുന്നു. അല്ലാഹു പറയുന്നു: **'ചോദിക്കുക: ആകാശത്തിലും ഭൂമിയിലുമുള്ളതെല്ലാം ആർക്കവകാശപ്പെട്ടതാണ്? 'അല്ലാഹുവിന്ന്' എന്ന് പറയുക. അവൻ കാരുണ്യത്തെ തന്റെ ബാദ്ധ്യതയായി നിശ്ചയിച്ചിരിക്കുന്നു.' (അൻആം 6:13)**

മനുഷ്യന്റെ സൃഷ്ടിപ്പ് അലക്ഷ്യമായിട്ടല്ല. ആത്മീയമായ പൂർണ്ണത കൈവരിക്കാനാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചത്. ആ ലക്ഷ്യത്തിന്ന് വിഗ്നം വരുമാറ് മനുഷ്യൻ ധാർമികമായി പിഴക്കുമ്പോൾ മാത്രം ശിക്ഷ കൊണ്ട് അവന് ചിന്തിക്കുന്ന പാഠങ്ങൾ ദൈവം നൽകുന്നു. മനുഷ്യന്റെ മതേതരമായ സാമൂഹിക വ്യവസ്ഥയിലും നീതിവ്യവസ്ഥയുടെ ഭാഗമായി ഈ ശിക്ഷാസമ്പ്രദായം വളരെ പ്രസക്തമായി നിലകൊള്ളുന്നു. ദൈവത്തിന്റെ ഏറ്റവും പ്രകടമായ കാരുണ്യം പോലെ തന്നെ ശിക്ഷയുടെ ഈ സാമൂഹിക പാഠങ്ങളും എല്ലാ വേദഗ്രന്ഥങ്ങളും പ്രഘോഷണം ചെയ്തതും സനാതനമാണ്. ഇന്ന് കാണുന്ന രോഗങ്ങളുടെ അതിവ്യാപനവും ചരിത്രത്തിന്റെ ആവർത്തനമായി നാം കാണേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ നമുക്ക് അതിൽ നിന്നുള്ള ആത്മീയ പാഠങ്ങൾ പഠിക്കാൻ സാധ്യമാവൂ. രോഗപീഢ പരീക്ഷണാത്മകമാണ് അത് പല വിധത്തിലും വ്യാഖ്യാനിക്കപ്പെടാം അത്കൊണ്ട് വെറും നാശം മാത്രമല്ല. പല വിധ ക്രിയാത്മകമായ ഗുണങ്ങളും കൂടി രോഗ പരീക്ഷണങ്ങളിലുണ്ട്.

'അവനാണ് നിങ്ങളുടെ നാഥനായ അല്ലാഹു അവനല്ലാതെ വേറൊരു ആരാധ്യനുമില്ല. എല്ലാ വസ്തുക്കളുടേയും സൃഷ്ടാവ്. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. അവൻ എല്ലാറ്റിന്റേ യും രക്ഷകർത്താവാകുന്നു' (വിശുദ്ധ ഖുർആൻ 6:103)

ദൈവം ഉൽബോധിക്കുന്നു: 'നിങ്ങൾ എന്റെ ചട്ടങ്ങൾ ധിക്കരിക്കുകയും എന്റെ കൽപ്പനകളൊക്കെയും അതിലെ വിധികളും ഉടമ്പടികളും അനുസരിക്കാതെ ലംഘിച്ചാൽ ഞാനും നിങ്ങളോട് പ്രതികാരം ചെയ്യും..... എന്നിട്ടും നിങ്ങൾ എന്നെ ചെവിക്കൊള്ളാതെ എനിക്കെതിരെ വ്യാപരിക്കുന്ന പക്ഷം നിങ്ങളുടെ പാപങ്ങൾ നിമിത്തം ഞാൻ നിങ്ങളെ ഏഴ് മടങ്ങ് ശിക്ഷിക്കും.'(ലേവ്യ: 26:14–28)

'എന്നെയും ഈ (ഖുർആൻ) വൃത്താന്തത്തെയും നിരാകരിക്കുന്നവരെയും വിട്ടേക്കുക. താമസിയാതെ അവരറിയാത്ത നിലയിൽ അവരെ നാം നാശത്തിലേക്ക് കൊണ്ടുപോകും. നാം അവർക്ക് സാവകാശം നൽകുന്നു.' (ഖുർആൻ: 68: 45–46)

ഹ. അബ്ദുല്ലാഹിബ്നു ഉമർ നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: ബനീ ഇസ്റായിലിൽ സംഭവിച്ചതൊക്കെയും എന്റെ ഉമ്മത്തിലും വന്നുഭവിക്കും (തിർമിദി) ഹ: മൂസാ നബി (അ)

ഏകദൈവത്തെയും മതനിയമങ്ങ ളെയും ദൈവിക ഗ്രന്ഥത്തെയും അംഗീകരിച്ച തന്റെ സമുദായമായ ബനീഇസ്റായീൽകാരോട് പറഞ്ഞു: ഈ (തൗറാത്ത്) എന്ന ന്യായ പ്രമാണത്തിലെ വചനങ്ങൾ അനുസരിക്കാതിരുന്നാൽ യഹോവ നിന്റെ മേലും നിന്റെ സന്തതിയുടെ മേലും അസാധാരണവും ദീർഘവു മായ മഹാബാധകളും കഠിനവും ദീർഘവുമായ രോഗങ്ങളും വരു ത്തി നീ ഭയപ്പെടുന്ന ഈജിപ്തിലെ പകർച്ച വ്യാധികളൊക്കെയും അവൻ നിന്റെ മേൽ വരുത്തും. അവ നിന്നെ മുറുകെ പിടിക്കും. ഈ ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിട്ടാത്ത സകല രോഗങ്ങളും ബാധകളും നീ നശിക്കുന്നത് വരെ യഹോവ നിന്റെ മേൽ വരുത്തി ക്കൊണ്ടിരിക്കും. (ആവർത്തനം 28: 58-61)

മൂസാക്ക് നാം ഗ്രന്ഥം നൽകി അദ്ദേഹത്തിന് ശേഷം തുടർച്ചയായി ദൂതന്മാരെ അയച്ചു കൊണ്ടിരു ന്നു. (വി. ഖുർആൻ 2:88) മനുഷ്യൻ ധാർമികമായി അധപതിക്കുമ്പോൾ ദൈവം ശിക്ഷകൊണ്ട് അവനെ പരിഷ്ക്കരിക്കാനും സംസ്ക്കരി ക്കാനും നോക്കുന്നതാണെന്ന് ബൈബിൾ പറയുന്നു.:

'യിരെമ്യാ പ്രവാചകൻ മുഖാ ന്തരം ബാബിലോണിയാ രാജാവായ നബുക്കദ് നസറിനെ സേവിക്കുക യോ ബാബിലോൺ രാജാവിന്റെ നുകത്തിന്ന് കീഴിൽ കഴുത്ത് വെക്കുകയോ ചെയ്യാത്ത ജനത്തേ യും രാജ്യത്തേയും ഞാൻ അവന്റെ കൈകൊണ്ട് നിർമ്മൂലമാക്കുന്നത് വരെ വാൾ (യുദ്ധം) കൊണ്ടും ക്ഷാമം കൊണ്ടും പകർച്ച വ്യാധികൾ കൊണ്ടു സന്ദർശിക്കും എന്ന് യഹോവാ അരുൾ ചെയ്യുന്നു' (യിരെമ്യാ 27: 8) 'ഒരു ദൂതനെ അയക്കുന്നത് വരെ നാം ശിക്ഷിക്കു ന്നതുമല്ല.'(ഖുർആൻ 17:16) ഹ. മൂസാ നബി (അ) യോട് അദ്ദേഹ ത്തിന്റെ സമുദായമായ ഇസ്റയേലി ന്റെ ദൈവമായ യഹോവ പറയുന്നു: ഞാൻ യരൂശലേമിമേലും സകല യഹൂദ പട്ടണങ്ങളിലും വരുത്തി യിരിക്കുന്ന അനർത്ഥമൊക്കെയും നിങ്ങൾ കണ്ടിരിക്കുന്നുവല്ലോ. അവ ശൂന്യമാക്കിയിരിക്കുന്നു. ആരും അവയിൽ വസിക്കുന്നതുമില്ല. അത് അവരോ നിങ്ങളോ നിങ്ങളുടെ പിതാക്കളോ അറിയാത്ത അന്യദേവ ന്മാർക്ക് ധൂപം കാട്ടുവാനും അവ ആരാധിക്കുവാനും ചെന്നു. എന്റെ കോപത്തെ ജ്വലിപ്പിക്കുവാൻ തക്കവണ്ണം അവർ ചെയ്ത ദുഷ്ടത നിമിത്തമത്രെ. ഞാൻ ഇടപെടാതെ പ്രവാചകന്മാരായ എന്റെ ദാസന്മാരെയൊക്കെയും നിങ്ങളുടെ അടുക്കൽ അയച്ചു. ഞാൻ വെറുക്കുന്ന മ്ലേച്ഛതകൾ നിങ്ങൾ ചെയ്യരുതെന്ന് നിങ്ങളോട് പറഞ്ഞു. എന്നാൽ അവർ അന്യദേവന്മാർക്ക് ധൂപം കാട്ടാതിരിക്കത്തക്ക വണ്ണം തങ്ങളുടെ ദുഷ്ടതയിൽ നിന്ന് പിന്തിരിയേണ്ടതിന്ന് ശ്രദ്ധിക്കുക യോ ചെവിചായ്ക്കുകയോ ചെയ്തി ല്ല. അത്കൊണ്ട് എന്റെ ക്രോധവും കോപവും ചൊരിഞ്ഞു. യഹൂദ പട്ടണങ്ങളിലും ജറുസലേം തെരു വീഥികളിലും ജ്വലിച്ചു. അവ ഇന്ന് ശൂന്യവും നാശവുമായി കിടക്കു ന്നു. (യെര്യ്യാ: 44: 2-6)

ഹ. മൂസാ നബി(അ) സമുദായ ത്തിലെ അവസാനത്തെ പ്രവാചക നായി നിയോഗിതനായിരുന്ന യേശു എന്ന ഈസാ നബി (അ) തന്റെ ദൗത്യം പ്രഖ്യാപിച്ചു.

'ഞാൻ ന്യായ പ്രമാണത്തെ നീക്കേണ്ടതിനാണ് വന്നതെന്ന് നിരൂപിക്കരുത്, നീക്കുവാനല്ല നിവർത്തിക്കുവാനാണ് ഞാൻ വന്നത്. സത്യമായും ഞാൻ നിങ്ങളോട് പറയുന്നു ആകാശവും ഭൂമിയും നീങ്ങിപ്പോവുന്നത്വരെ ന്യായ പ്രമാണത്തിൽ നിന്ന് ഒരു വള്ളിയോ പുള്ളിയോ നീങ്ങിപ്പോവു കയില്ല.' (മത്താ:5:17-18)

യേശു എന്ന ഈസാ നബി (അ) തന്റെ പിൻഗാമിയായി വരുന്ന ആശ്വാസപ്രദനെ കുറിച്ച് പിതാവ് എന്റെ നാമത്തിൽ അയക്കുവാനി രിക്കുന്ന പരിശുദ്ധാത്മാവ് എന്ന ആശ്വാസപ്രദൻ നിങ്ങൾക്ക് സകല തും ഉപദേശിച്ച് തരുകയും ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും ഓർമ്മപ്പെടുത്തുകയും ചെയ്യും. (യോഹ: 14: 26)

ഹ. മൂസാ ബനിഇസ്റായീൽ സമുദായത്തിൽ ഹ. ഈസാ നബി (അ) വാഗ്ദത്ത മസീഹായി വന്നത് പോലെ മുഹമ്മദിയ്യാ സമുദായ ത്തിലെ വാഗ്ദത്ത മസീഹായി വന്ന ഹ. മിർസാ ഗുലാം അഹ്മദ് (അ) മൂസാ നബി (അ) ന്റെ പ്രവാചകത്വ പരമ്പരയിൽ ഈസബ്നു മറിയം വാഗ്ദത്ത മസീഹായിരുന്നു. മുഹമ്മദിയ്യാ പരമ്പരയിൽ ഞാൻ വാഗ്ദത്ത മസീഹ് ആകയാൽ ഞാൻ ആരുടെ സമനാമകനാണോ ആ ആളെ ഞാൻ ബഹുമാനിക്കു ന്നു. (ഹ. അഹ്മദ് കിശ്തീയെ നൂഹ്)

ഹ: മിർസാ ഗുലാം അഹ്മദ് തൻെ ദൗത്യം പ്രഖ്യാപനം ചെയ്തു: ദൈവം എന്നെ ഈ ലോകത്തേക്ക് അയച്ചിരിക്കുന്നത് മാർഗ്ഗഭ്രംശം സംഭവിച്ച മനുഷ്യരാശിയെ സഹിഷ്ണുതയിലൂടെയും സൽ സ്വഭാവത്തിലൂടെയും സഹനത്തിലൂ ടെയും ദൈവത്തിലേക്ക് അവന്റെ സംശുദ്ധമായ അദ്ധ്യാപനങ്ങളിലേ ക്ക് അടുപ്പിക്കുകയും എനിക്ക് നൽകപ്പെട്ട പ്രകാശത്താൽ അവരെ സത്യമാർഗ്ഗത്തിൽ ചലിപ്പിക്കുകയും ചെയ്യുന്നതിന് വേണ്ടിയാണ്. ദൈവമുണ്ട് എന്ന ദൃഢബോദ്ധ്യം ലഭിക്കുന്ന തരത്തിലുള്ള പ്രബല മായ തെളിവുകളാണ് മനുഷ്യനു ആവശ്യം. കാരണം ദൈവത്തിന്റെ അസ്തിത്വത്തിലും അവന്റെ വെളിപാടിലൂടെ ലഭിച്ചിട്ടുള്ള മാർഗ്ഗ ദർശനത്തിലും വിശ്വാസം ഇല്ലാത്ത ത് കൊണ്ടാണ് ഒരു വലിയ സമൂഹം നാശത്തിലേക്ക് ഇന്ന് പോയി ക്കൊണ്ടിരിക്കുന്നത്. ദൈവത്തിന്റെ അസ്തിത്വം അംഗീകരിക്കുന്നതി ന്നുള്ള ഋജുവും യുക്തവുമായ ഒരേയൊരു മാർഗ്ഗം ദൈവം തന്റെ വരിഷ്ഠദാസൻ മുഖേന നൽകുന്ന പരോക്ഷജ്ഞാനങ്ങൾ കുറിച്ചും ഗുപ്തമായ കാര്യങ്ങളെ കുറിച്ചും ഭാവിയിൽ നടക്കുവാൻ പോകുന്ന

സംഭവങ്ങളെ കുറിച്ചുമുള്ള അറിവുകളാണ് മനുഷ്യശക്തിക്ക് ഒരിക്കലും ചെന്നെത്താൻ കഴിയാത്ത അതിനിഗൂഢമായ രഹസ്യങ്ങൾ അവൻ തന്റെ സമീപസ്ഥരായ ദാസന്മാർക്ക് അറിയിച്ചു കൊടുക്കുന്നത്. ദൈവശക്തി പ്രഭാവവും ദൈവ കൽപ്പനയും അടങ്ങിയ ഭാവി സംഭവങ്ങളും പരോക്ഷവാർത്തകളും മനുഷ്യൻ തന്റെ കൈയൂക്കു കൊണ്ട് ഒരിക്കലും നേടിയെടുക്കുവാൻ സാധ്യമല്ലെന്ന് നിസ്സംശയം പറയാം ദൈവ മാർഗ്ഗത്തിൽ നിന്ന് വഴിതെറ്റിയ ജനതയെ ദൈവിക അടയാളങ്ങൾ മുഖേന യഥാർത്ഥ പന്ഥാവിലൂടെ നടത്താൻ മുഴുവൻ മനുഷ്യരിൽ നിന്ന് എന്നെ തിരഞ്ഞെടുത്തത് തന്നെ ദൈവം എന്നോട് ചെയ്ത വലിയ ഒരു ഔദാര്യമാണ്. എന്നാൽ ക്രിസ്തീയ മതാനുയായികളും പാതിരിമാരും സത്യത്തിൽ നിന്നും ബഹുദൂരം അകന്നതായും അവർ നേർമാർഗ്ഗത്തിൽ നിന്ന് സ്വയം അകലുക മാത്രമല്ല. ആയിരക്കണക്കിന് മൈലുകൾ താണ്ടി കരയിലും കടലിലും സഞ്ചരിച്ച് മറ്റുള്ളവരേയും തങ്ങളെ പോലെ ആക്കി തീർക്കുവാൻ ശ്രമിക്കുന്നതായും വാനലോകത്ത് നിന്നും ദൈവം ദർശിച്ചത് കാരണം മനുഷ്യരോട് കരുണയുള്ള ദൈവം മനുഷ്യരെ ഇവരുടെ ചതിക്കുഴിയിൽ നിന്ന് രക്ഷിക്കാൻ ആഗ്രഹിക്കുകയും അങ്ങനെ അവൻ തന്റെ മസീഹ് ആയ ഈയുള്ളവനെ അയക്കുകയും ചെയ്തു. - ഹ. അഹ്മദ് (അ) തിരിയാഖുൽ ഖുലൂബ്.

ഇസബ്നു മറിയം പറഞ്ഞു: ഞങ്ങളുടെ നാഥനായ അല്ലാഹുവേ ഞങ്ങൾക്ക് ആകാശത്ത് നിന്ന് ഒരു ഭക്ഷണതളിക ഇറക്കിത്തന്നാലും അത് ഞങ്ങളുടെ മുൻഗാമികൾക്കും പിൻഗാമികൾക്കും ഉത്സവവും നിന്നിൽ നിന്നുള്ള വലിയൊരു ദൃഷ്ടാന്തവും ആയിരിക്കയാണ്. നീ ഞങ്ങൾക്ക് ആഹാരം നൽകേണമേ. നീ ആഹാരം നൽകുന്നവരിൽ അത്യുന്നതനാണല്ലോ. അല്ലാഹു പറഞ്ഞു: തീർച്ചയായും ഞാൻ നിങ്ങൾക്ക് അത് ഇറക്കിത്തരുന്നതാണ്. എന്നാൽ അതിന് ശേഷം നിങ്ങളിൽ നിന്ന് ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം മുഴുലോകരിൽവെച്ച് ആരെയും ശിക്ഷിക്കാത്ത വിധത്തിലുള്ള ഒരു ശിക്ഷ ഞാൻ അവനെ ശിക്ഷിക്കുന്നതാണ്. (വി. ഖുർആൻ 5:115,116)

ഹ. മൂസാ (അ) യുടെ സമുദായത്തോട് യഹോവയായ ദൈവം ഈജിപ്തിൽ എന്നപോലെ ഞാൻ പകർച്ചവ്യാധി നിങ്ങളുടെ ഇടയിൽ അയച്ചു. നിങ്ങളുടെ യൗവനക്കാരെ വാൾക്കൊണ്ട് കൊന്ന് കളഞ്ഞു. നിങ്ങളുടെ കുതിരകളെ പിടിച്ചുകൊണ്ടു പോയി ഞങ്ങളുടെ പാളയങ്ങളിലെ ദുർഗന്ധം ഞാൻ നിങ്ങളുടെ മൂക്കിൽ നിറച്ചു. എന്നിട്ടും നിങ്ങൾ എങ്കലേക്ക് തിരിഞ്ഞില്ല. (ആമോസ് 4:10)

ഹ. മൂസ നബി (അ) വഴി ബനീ ഇസ്രായിലക്കാർക്ക് നൽകിയ തൗറാത്ത് എന്ന ന്യായപ്രമാണ ഗ്രന്ഥത്തിലടങ്ങിയ കൽപ്പനകൾ അനുസരിക്കാതെ ദൈവിക ഉടമ്പടി ലംഘിച്ചുകൊണ്ടിരുന്നു. ഈസാ നബി (അ) എന്ന യേശുവിന് ശേഷവും അതിന്റെ അനന്തര ഫലമായി എന്നും മഹാമാരിയായ പകർച്ച വ്യാധിയായ രോഗം തുടർന്നു കൊണ്ടിരിക്കുന്നു.

എ. ഡി 165-180 അന്നത്തെ റോമാ സാമ്രാജ്യത്തിൽ പടർന്നു പിടിച്ച മഹാമാരി ഗാലൻ പ്ലേഗ് രോഗം ബാധിച്ചവരിൽ 50 ലക്ഷം പേർ അന്ന് മരിച്ചു. എ. ഡി 541 ബൈസാന്റിയൻ സാമ്രാജ്യ തലസ്ഥനമായ കോൺസ്റ്റാന്റിനോപ്പിളിൽ നിന്ന് ജസ്റ്റീനിയൻ പ്ലേഗ് പൊട്ടിപുറപ്പെടുകയും പിന്നീട് ഏഷ്യ, ഉത്തരാഫ്രിക്ക, അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ പടർന്നും 5 കോടിയോളം പേർ മരിച്ചു. ആ കാലത്തെ ലോക ജനസംഖ്യയുടെ ഏകദേശം പകുതിയോളം വരും. ഏ. ഡി 1300 കളുടെ പകുതിയിൽ വീണ്ടും പ്ലേഗ് വ്യാപിച്ചു, നാലു വർഷം കൊണ്ട് 20 കോടിയോളം പേർ മരിച്ചു ഇറ്റലിയിൽ തുറമുഖമായ മെസിനയിലെത്തിയ നാവികരിൽ നിന്നാണ് യൂറോപ്പിലേക്ക് ബൂബോണിക് പ്ലേഗ് രോഗം പടർന്നത്. ഇന്നത്തെ പകർച്ച വ്യാധിയായ കൊവിഡ് 19 കാലത്ത് വ്യാപകമായ കോറന്റയിൻ അഥവാ സമ്പർക്ക വിലക്ക് എ.ഡി 1347 കാലഘട്ടത്തിലാരംഭിച്ചതാണ്. അന്ന് 30-40 ദിവസത്തേക്കായിരുന്നു സമ്പർക്ക വിലക്ക്. ആ കാലത്ത് തുടക്കമിട്ടതാണ് വ്യക്തി ശുചിത്വം. ബ്യൂബോണിക്ക് പ്ലേഗ് ബാധിച്ചവരുടെ മൃതദേഹങ്ങൾ സംസ്ക്കരിക്കുന്നതിന്ന് പകരം ദഹിപ്പിക്കാൻ ആരംഭിച്ചത് അക്കാലത്താണ്. ക്രി.വ 1885 കാലഘട്ടത്തിൽ ചൈനയിൽ യൂനാൻ പ്രവിശ്യയിൽ നിന്ന് പൊട്ടിപുറപ്പെട്ട പ്ലേഗ് ബാധ ഹോങ്കോംഗ് ഇന്ത്യ ഓസ്ട്രേല്യ അമേരിക്ക തുടങ്ങി രാജ്യങ്ങളലേക്ക് പടർന്നും. 1 കോടി അഞ്ച് ലക്ഷം പേർ മരിച്ചു. എഡി 1889-1890 റഷ്യൻ ഫ്ളൂ ഒക്ടോബറിൽ റഷ്യയിൽ നിന്നാണ് ആരംഭിച്ചത്. 19-ാം നൂറ്റാണ്ടിൽ അവസാനത്തിൽ ആ മഹാമാരി ബാധിച്ചവരിൽ പത്ത് ലക്ഷം പേർ മരിച്ചു. 3000 വർഷം മുമ്പ് ഈജിപ്ത് എന്നീ രാജ്യങ്ങളിൽ നിന്ന് പ്രത്യക്ഷപെട്ടത് എന്ന് കരുതിയ വസൂരി (സ്മോൾ പോക്സ്) യൂറോപ്പ്, അറേബ്യ എന്നിവിടങ്ങളെ നൂറ്റാണ്ടുകളോളം വിറപ്പിച്ചു. വസൂരിരോഗം ബാധിച്ച് 10 ൽ 3 പേർ മരണത്തിന് കീഴടങ്ങി. 20-ാം നൂറ്റാണ്ടിൽ മാത്രം 30 മുതൽ 50 കോടി വരെ ആളുകൾ മരിച്ചതായാണ് കണക്ക്. എ.ഡി 1979 ൽ പകർച്ച വ്യാധിയായ വസൂരി രോഗത്തെ പൂർണ്ണമായും തുടച്ചു നീക്കിയതായി പ്രഖ്യാപിച്ചു. എ. ഡി 1918ൽ സ്പാനിഷ് ഫ്ളൂ ലോകത്തെങ്ങുമുള്ള 50 കോടിയോളം പേരെ ബാധിച്ചു. അതായത് ലോകത്തിലെ ആകെ ജനസംഖ്യയുടെ മൂന്നിലൊന്ന്. ഇന്ത്യയിൽ മാത്രം മരിച്ചത് 2 കോടി പേരാണെന്നാണ് കണക്ക്. ആകെ 10 കോടി പേർ മരിച്ചു. എ.ഡി 1981 ലാണ് എയിഡ്സ് എന്ന

പകർച്ച വ്യാധി, അമേരിക്കയിലെ സ്വവർഗ്ഗാനുരാഗികളുടെ സമൂഹത്തിലായിരുന്നു തുടങ്ങിയത്. ഈ രോഗം ബാധിച്ച് 3 കോടി 2 ലക്ഷം പേർ മരിച്ചു. 2014 –2016 കാലത്ത് ഗിനിയിൽ നിന്നാണ് എബോള പകർച്ച വ്യാധി തുടങ്ങിയത് 11300 പേർ മരിച്ചു.

മനുഷ്യരിലുണ്ടാകുന്ന നിരവധി ധാർമിക ക്ഷയങ്ങളും ഇത്തരം രോഗാതുരമായ ശിക്ഷകൾക്ക് കാരണമായി നാം കാണേണ്ടിയിരിക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു: 'നാടുകളെ അതിൽ നിവസിക്കുന്നവർ നന്മ ചെയ്യുന്നവരായിരിക്കെ നിന്റെ നാഥൻ നശിപ്പിക്കുകയില്ലതന്നെ.'(ഖുർആൻ – ഹൂദ് 11: 118)

ഹ. മൂസാനബി (അ) ഇസ്റായീല്യരെ ഉപദേശിച്ചു. നിങ്ങളുടെ ഇടയിൽ തന്റെ മകനേയോ മകളേയോ അഗ്നിയിൽ ബലിയർപ്പിക്കുന്നവൻ, പ്രശ്നം വെക്കുന്നവൻ, മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രകാരൻ, മന്ത്രവാദി, വെളിച്ചപ്പാട്, ലക്ഷണം പറയുന്നവൻ എന്നിങ്ങനെയുള്ളവരെ കാണരുത്........ അങ്ങനെ ചെയ്യുവാൻ നിന്റെ ദൈവമായ യഹോവ അനുവദിച്ചിട്ടില്ല. (ആവർ: 18:9–14)

നിന്റെ ദൈവമായ യഹോവയുടെ നാമം വ്യഥാ എടുക്കരുത്. തന്റെ നാമം വൃഥാ എടുക്കുന്നവൻ ശിക്ഷിക്കാതെ വിടുകയില്ല. (പുറപ്പാ: 20:7)

പ്രതിഷ്ഠയായ ശവക്കല്ലറകളെ കുറിച്ച് ഹ. ഈസാ നബി (അ) പറഞ്ഞു: 'കപട ഭക്തിക്കാരായ ശാസ്ത്രിമാരും പരീശരുമേ നിങ്ങൾക്ക് ഹാ കഷ്ടം വെള്ളതേച്ച ശവകല്ലറകളോട് നിങ്ങൾ സമമാകുന്നു. അവ പുറമെ മനോഹരമായി കാണുന്നുവെങ്കിലും അവയുടെ ഉള്ളിൽ ചത്തവരുടെ അസ്ഥിയും സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു. അങ്ങനെ തന്നെ നിങ്ങൾ പുറമെ നീതിമാന്മാർ എന്ന് മനുഷ്യർക്ക് തോന്നുന്നു. ഉള്ളിലോ കപട ഭക്തിയും അധർമ്മവും നിറഞ്ഞവരത്രെ. (മത്താ 23: 27–28)

ധാർമിക നിലവാരവും അതോടൊപ്പം വിശുദ്ധമായ മതജീവിതവും ഇല്ലാതാവുമ്പോൾ രോഗങ്ങളും പ്രകൃതി ദുരന്തങ്ങളും കടന്നുവരും എന്നത് ചരിത്രത്തിൽ ആവർത്തിക്കുന്ന ഒരു പ്രതിഭാസമാണ്. നമ്മുടെ കേരളത്തിലും ഇത്തരം പകർച്ച വ്യാധികൾ പടർന്നു പിടിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. 1943–1949 കാലഘട്ടത്തിൽ കേരളത്തിലും കോളറ വസൂരി പടർന്നു പിടിച്ചിരുന്നു. കോളറ രോഗത്തിന്റെ കാലത്ത് ഭക്ഷണക്ഷാമവും പൂർവ്വോപരി രൂക്ഷമായി. കൊടിയ ദാരിദ്ര്യം കാരണം പല പ്രദേശങ്ങളിലും ദിവസങ്ങളോളം അന്നം വേവിക്കാതെ അടുക്കളയും യഥാസമയും മേയാത്തത് കാരണത്താൽ ചോർന്നൊലിക്കുന്ന ഓല പുരകളും അനുദിനം വർദ്ധിച്ചു വന്നതിനോടൊപ്പം മൃതദേഹങ്ങൾ യഥാസ്ഥാനത്ത് കിടത്താൻ സാധിക്കാത്ത ഓല വീടുകളും അക്കാലത്ത് ഉണ്ടായിരുന്നു. കേരളാ മുസ്ലിംകളുടെ ഇടയിൽ ആ കാലത്ത് മാല പാട്ടുകളും മൗലൂദും നേർച്ചകളും വഴി പാടുകളും മുറക്ക് നടന്നു. ആ കാലത്ത് ചൊല്ലിയിരുന്ന ബൈത്ത്

*എല്ലാ ബലാലും ആപത്തും എടങ്ങേറുകൾ മുസ്സീബത്തും,*

*ബദരീങ്ങളെ ബർക്കത്തിനാൽ ശിഫയാക്കണം യാ റബ്ബനാ*

*ദണ്ണം വസൂരിയും മറ്റുള്ള ദീനമടങ്കലും*

*ബദരീങ്ങളെ ബറക്കത്തിനാൽ ശിഫയാക്കണം യാറബ്ബനാ*

ആ കാലത്തെ മുസ്ലിം പ്രദേശങ്ങളിൽ ഈ വരികൾ പാടി പതാകയും വഹിച്ച് പള്ളികൾ തോറും സന്ദർശനം നടത്തി കൂട്ട പ്രാർത്ഥനകൾ നടത്തിയിരുന്നത് പതിവ് കാഴ്ച്ചയായിരുന്നു. 1949 ൽ പകർച്ച വ്യാധിയായ വസൂരി രോഗം പടർന്ന് പിടിച്ചപ്പോൾ

*ലാഇലാഹാ ഇല്ലല്ലാഹ്*

*വസൂരി ബലാലിനെ നീക്കല്ലാ*

എന്ന ബൈത്തുകൾ ചൊല്ലി മുല്ലാക്കന്മാരുടെ നേതൃത്വത്തിൽ മഅരിബ് ഇശാ നമസ്ക്കാരത്തിനിടയിൽ ഇടവഴികളിലൂടെയും ഊടു വഴികളിലൂടെ ജനം കൂട്ടമായി സഞ്ചരിച്ചു. 1955 വസൂരി രോഗത്തിന്റെ തീവ്രത കുറക്കുന്ന വാക്സിൻ പ്രചാരത്തിൽ വന്നിരുന്നു. വൃത്താകൃതിയിലുള്ള ഒരു ഉപകരണം കൊണ്ട് കൈയ്യുടെ മേൽഭാഗത്ത് മരുന്നു പുരട്ടി പതിക്കുന്ന രീതിയിലായിരുന്നു വാക്സിൻ പ്രയോഗം. കൈ കീറുക എന്നതായിരുന്നു അന്ന് പറഞ്ഞിരുന്നത്.

അപ്പോൾ നമ്മുടെ ചരിത്ര സ്മൃതികളിലും ഇത്തരം രോഗ പീഢകളും ദുരന്തങ്ങളും ഉണ്ടായിട്ടുണ്ട്. ഇത്തരം പ്രതിസന്ധി ഘട്ടങ്ങളെല്ലാം തന്നെ നമ്മുടെ ആത്മീയ ചിന്തകളെ ഉത്തേജിപ്പിക്കാനും മനുഷ്യജീവിതത്തിന്റെ നിസ്സാരതയും ക്ഷണികതയും നമ്മെ ബോദ്ധ്യപ്പെടുത്താനുള്ള സന്ദർഭങ്ങളുമായി തീരട്ടെ.

വാഗ്ദത്ത മസീഹ്(അ) പറയുന്നു:

അല്ലാഹുവിന്റെ അനുഗ്രഹം സമീപത്തെത്തുമ്പോൾ പ്രാർത്ഥന സ്വീകരിക്കപ്പെടുന്നതിന്ന് മുൻ കൂട്ടിയുള്ള ഉപാധികൾ അവൻ തന്നെ സജ്ജമാക്കുന്നു. ഹൃദയത്തിൽ ഒരു വികാരത്തള്ളിച്ച, ഒരു കത്തിക്കാളൽ ഉടലെടുക്കുന്നു. എന്നാൽ പ്രാർത്ഥന സ്വീകരിക്കപ്പെടുന്നതിനുള്ള സമയമെത്തിയിട്ടില്ലെങ്കിൽ ദൈവത്തിങ്കലേക്ക് തിരിയുന്ന കാരണമാകുന്ന ആ ഹൃദയ ശാന്തി ഉണ്ടാകുകയില്ല. തന്നിൽ എത്രതന്നെ സമ്മർദ്ദം ചെലുത്തിയാലും ഹൃദയം സന്നദ്ധമാകുകയില്ല. അതെന്താണെന്നു വെച്ചാൽ അല്ലാഹു ചിലപ്പോൾ അവന്റെ ഹിതം നടപ്പാക്കുന്നതിന്നുള്ള വിധിനടത്തുകയും മറ്റു ചിലപ്പോൾ തന്റെ ദാസ്യരുടെ പ്രാർത്ഥനക്ക് വഴങ്ങുകയും ചെയ്യുന്നു എന്നതാകുന്നു (മൽഫൂസാത്ത്)

# ട്രംപ് അരങ്ങൊഴിഞ്ഞു


## മുസാഫിർ



ഡോണാൾഡ് ട്രംപ്

2020 നവംബർ 3 ന് നടന്ന അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ഡമോക്രാറ്റിക്ക് സ്ഥാനാർത്ഥി ജോ ബൈഡൻ വിജയിച്ചു. ആദ്യത്തെ വനിതാ വൈസ് പ്രസിഡണ്ടായി ഇന്ത്യൻ വംശജയായ കമലാ ഹാരിസും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. 2021 ജനുവരി 20 നാണ് സത്യപ്രതിജ്ഞ. ടെലിവിഷനുകളിൽ റിയാലിറ്റി ഷോ നടത്തിക്കൊണ്ടിരുന്ന റിയൽ എസ്റ്റേറ്റ് ബിസിനസ്കാരനും രാഷ്ട്രീയമായി യാതൊരു പാരമ്പര്യവുമില്ലാത്ത ഒരാളുമായിരുന്നു ഡോണാൾഡ് ട്രംപ്. രാഷ്ട്രീയ സദാചരവും അന്തർദേശീയ മര്യാദകളും ഉചിതജ്ഞതയും കാറ്റിൽ പരത്തി പലപ്പോഴും വിടുവായത്വം കൊണ്ടും കോമാളിത്തരം കൊണ്ടും വാർത്തകളിൽ സ്ഥാനം പിടിച്ചിരുന്ന അമേരിക്കൻ പ്രസിഡണ്ട് ട്രംപ് തിരഞ്ഞെടുപ്പിൽ പരാജിതനായി സ്ഥാനം ഒഴിയേണ്ടി വന്നിരിക്കുന്നു. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയായി മത്സരിച്ച ട്രംപ് ഡമോക്രാറ്റിക്ക് സ്ഥാനാർത്ഥി ജോ ബൈഡനോട് പരാജയപ്പെട്ടെങ്കിലും ജനവിധി അംഗീകരിക്കാതെ തൽസ്ഥാനത്ത് പിടിച്ചു തൂങ്ങാൻ ശ്രമിക്കുന്ന കാഴ്ച്ചയാണ് ഇതെഴുതുമ്പോഴും നമുക്ക് കാണാൻ കഴിയുന്നത്. അങ്ങേയറ്റം അധാർമികമായ ഈ നിലപാട് അമേരിക്കൻ ജനാധിപത്യത്തെ മാത്രമല്ല ലോകരാഷ്ട്രീയത്തെ തന്നെ പ്രതിലോമകരമായി ബാധിക്കുന്ന അധമത്വമാണ്. പല സ്റ്റേറ്റ് കോടതികളിലും ഇലക്ഷനിൽ കൃത്രിമമുണ്ടെന്ന് പറഞ്ഞ് ട്രംപ് കേസ് കൊടുത്തെങ്കിലും ക്രമക്കേട് നടന്നതിന്ന് തെളിവില്ലെന്ന് പറഞ്ഞ് മിക്ക കോടതികളും കേസ്സ് തള്ളി. അമേരിക്കയുടെ 47-ാമത് പ്രസിഡണ്ടായിട്ടാണ് ബൈഡൻ ജനവിധി നേടിയിരിക്കുന്നത്. അമേരിക്കയെ പോലെ അതിശക്തമായ ഒരു രാജ്യത്തിന്റെ പ്രസിഡണ്ടായിരുന്നിട്ടും അഭ്യന്തരമായും വൈദേശികമായും അപക്വമായ തന്റെ നിലപാടുകൾക്കൊണ്ടും വിദ്വേഷ രാഷ്ട്രീയം ലോകത്ത് പ്രചരിപ്പിക്കുകയാലും ട്രംപ് എപ്പോഴും വിമർശനങ്ങളുടെ തോഴനായിരുന്നു. ലോകത്തിന്റെ പാരിസ്ഥിതിക സംന്തുലനം തകർക്കുന്ന രീതിയിൽ പാരീസ് ഉച്ചകോടിയിൽ നിന്നും ഈ കോവിഡ് കാലത്ത് ലോകാരോഗ്യ സംഘടനയിൽ നിന്നും പിന്മാറിയ ട്രംപിന്റെ ചിന്തകളും നയങ്ങളും പ്രവർത്തനങ്ങളും ധാർമികതക്ക് നിരക്കാത്തതും അന്തർദേശീയ രംഗത്ത് വെറുക്കപ്പെട്ടതുമാണ്.

അമേരിക്കയെന്നത് താൽപര്യങ്ങളുടെ സംഘാതവും അത് നിലനിർത്താനുള്ള ഒരു സ്ഥാപനവുമാണ്. പ്രസിഡണ്ടോ ഭരിക്കുന്ന പാർട്ടിയോ മാറിയത് കൊണ്ട് അമേരിക്കൻ നിലപാടുകളിൽ വലിയ മാറ്റങ്ങൾ പ്രതീക്ഷിക്കേണ്ടതില്ല എന്നാണ് ചരിത്ര പാഠം. പല കാര്യങ്ങളിലും നീതിപൂർവ്വകമായ ഒരു നിലപാടോ പാരമ്പര്യമോ അമേരിക്കക്കില്ല. അത്തരം ഒരു പാരമ്പര്യമുള്ള ഒരു രാജ്യത്തിന്



ജോ ബൈഡൻ

ഡൊണാൾഡ് ട്രംപിനെപ്പോലെ വകതിരിവില്ലാതെ പെരുമാറുന്ന ഒരാൾ പ്രസിഡണ്ടായി വന്നാൽ അത് ലോകത്ത് ആശങ്ക പരത്തുന്നു. ട്രംപിന് പകരം ജോ ബൈഡൻ അമേരിക്കയുടെ പ്രസിഡണ്ടായാൽ അമേരിക്കൻ നിലപാടുകളിലും നയങ്ങളിലും കാര്യമായ മാറ്റമൊന്നും പ്രതീക്ഷിക്കേണ്ടതില്ല. എങ്കിലും ബൈഡൻ അമേരിക്കൻ നയങ്ങളിൽ മധ്യവർത്തിത്വവും മിതത്വവും കൈകൊള്ളുമെന്ന് ന്യായമായും ലോകം പ്രതീക്ഷിക്കുന്നു.

രണ്ടര ലക്ഷം ആളുകളെ മരണത്തിലേക്ക് തള്ളിവിട്ട കോവിഡ് രോഗത്തെ ഏറ്റവും നിരുത്തരവാദപരമായാണ് ട്രംപ് കൈകാര്യം ചെയ്തത്. നമ്മുടെ നാട്ടിലെ ദളിത് പീഢനം പോലെ കറുത്ത വർഗ്ഗക്കാരെ വേട്ടയാടുകയും കൊല്ലുകയും ചെയ്യുന്ന വംശീയത പ്രോത്സാഹിപ്പിക്കുന്ന നിലപാട് സ്വീകരിച്ചും അതിന്റെ പേരിൽ രാജ്യത്തുടനീളം ആഭ്യന്തര യുദ്ധത്തിന്റെ പ്രതീതിയുണ്ടായിട്ടും രൂക്ഷമായ സാമ്പത്തിക മാന്ദ്യവും തൊഴിലില്ലായ്മയും അമേരിക്കയെ ഗ്രസിച്ചിട്ടും മാധ്യമങ്ങളും സർവ്വേകളുമെല്ലാം ട്രംപ് പരാജയപ്പെടുമെന്ന് ബൈഡൻ തകർപ്പൻ ജയം നേടുമെന്ന് പ്രവചിച്ചിട്ടും വളരെ നേരിയ വ്യത്യാസത്തിനാണ് ബൈഡൻ ജയിച്ചത്. തിരഞ്ഞെടുപ്പിന് ഏതാനും ദിവസം മാത്രം ബാക്കി നിൽക്കേ യു എസ് സെനറ്റിലെ ഡമോക്രാറ്റുകളുടെ എതിർപ്പിനെ അവഗണിച്ച് ട്രംപിന്റെ യഥാസ്ഥിതിക നയങ്ങളെ അനുകൂലിക്കുന്ന കടുത്ത കത്തോലിക്കാ മതവിശ്വാസിയായ ഏമി കോണി ബാരറ്റിനെ സുപ്രിം കോടതി ജഡ്ജിയായി നിയമിച്ചത് ട്രംപ് നടത്തിയ കീഴ്‌വഴക്ക ലംഘനമായിട്ടാണ് വിമർശിക്കപ്പെടുന്നത്. ഇത്തരത്തിൽ മൂന്ന് യഥാസ്ഥിതിക സുപ്രിം കോടതി ജഡ്ജിമാരെയാണ് ട്രംപ് നിയമിച്ചത് അതോടെ അമേരിക്കൻ സുപ്രിം കോടതിയിൽ 9 ജഡ്ജിമാരിൽ 6 പേരും കൺസർവേറ്റീവ് ജഡ്ജിമാരായി. ഒബാമ കെയർ വിരുദ്ധത, ഗർഭചിദ്രത്തിനോട് എതിർപ്പ്, തോക്ക് കൈവശം വെക്കാനുള്ള അവകാശം, ഇമിഗ്രേഷൻ തുടങ്ങിയ ട്രംപിന്റെ പല വിവാദപരമായ തീരുമാനങ്ങളും കോടതിയിലെത്തിയാൽ നിയമപരമായ അംഗീകാരം ലഭ്യമാക്കാനുള്ള ട്രംപിന്റെ നീക്കത്തിന്റെ ഭാഗമായിരുന്നു ഇത്. ഇത്തരത്തിൽ 200 ജഡ്ജിമാരെ മാറ്റി ജ്യുഡീഷ്യറിയിൽ നിന്നും തനിക്കുള്ള സംരക്ഷണം ട്രംപ് വൻ തോതിൽ ഉറപ്പ് വരുത്തിയിരുന്നു. ഇത്തരത്തിൽ ജനാധിപത്യ വിരുദ്ധവും പുരോഗമന വിരുദ്ധവും ധാർമിക വിരുദ്ധവുമായ കാര്യങ്ങൾ ചെയ്തിട്ടും വലിയൊരളവ് അമേരിക്കൻ ജനത ട്രംപിനെ അനുകൂലിക്കാൻ വലിയ തോതിൽ അമേരിക്കയിൽ ഉണ്ടെന്ന വസ്തുത നമ്മെ ആശങ്കപ്പെടുത്തുന്നു. അമേരിക്കയുടെ തിരഞ്ഞെടുപ്പ് ചരിത്രത്തിൽ 120 വർഷത്തിനിടെ ഉണ്ടായ ഏറ്റവും ഉയർന്ന പോളിങ്ങാണ് ഇത്തവണ രേഖപ്പെടുത്തിയത്. 23.9 കോടി അമേരിക്കൻ വോട്ടർമാരിൽ 66.8% പേരാണ് വോട്ട് രേഖപ്പെടുത്തിയത്. ഇപ്പോൾ അതിനെക്കാൾ ഭയാനകമായ മറ്റൊരു സംഭവം ന്യൂയോർക്ക് ടൈംസ് പുറത്ത് വിട്ടിരിക്കുന്നു. അതായത് ഇറാന്റെ ന്യൂക്ലിയർ വസ്തുക്കളുടെ സംഭരണി നിർണ്ണായകമായ തോതിൽ അധികരിച്ചിട്ടുണ്ട് എന്ന് അന്താരാഷ്ട്രാ പരിശോധകർ റിപ്പോർട്ട് ചെയ്തതിന് ശേഷം ഇറാന്റെ ന്യൂക്ലിയർ സൈറ്റ് ബോംബ് ചെയ്യാൻ ട്രംപ് തന്റെ ഉപദേശകന്മാരുമായി തെരഞ്ഞെടുപ്പിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് കൂടിയാലോചന നടത്തിയിരുന്നുവെന്നും വൈസ് പ്രസിഡണ്ട് മൈക്ക് പെൻസ്, സെക്രട്ടറി ഓഫ് സ്റ്റേറ്റ് മൈക്ക് പോംപി അടക്കം ഉന്നതരായ സൈനിക ഓഫീസർമാരും എതിർത്തതിന്റെ ഫലമായാണ് അത് ഉപേക്ഷിക്കപ്പെട്ടതെന്നുമാണ് ന്യൂയോർക്ക് ടൈംസ് വെളിപ്പെടുത്തിയത്. (New York Times 2020 Nov 16)

ഒബാമയുടെ കീഴിൽ അമേരിക്കൻ വൈസ് പ്രസിഡണ്ടായിരുന്ന ബൈഡൻ ട്രംപിനെപ്പോലെ രാഷ്ട്രങ്ങളെ പരസ്യമായി അപമാനിക്കുകയോ ഭീഷണിയുടെ സ്വരത്തിൽ സംസാരിക്കുകയോ ചെയ്യുന്ന ആളാണെന്ന് തോന്നുന്നില്ല. അമേരിക്കയുടെ വിദേശനയത്തിന്റെ നീതി പരിശോധിക്കപ്പെടുന്നത് ഫലസ്തീനിനെ സംബന്ധിച്ചും പശ്ചിമേഷ്യയെ സംബന്ധിച്ചുമുള്ള നയങ്ങളാണ്. ട്രംപിന്റെ കാലത്ത് യാതൊരു തത്വദീക്ഷയുമില്ലതെ ഫലസ്തീൻ വിരുദ്ധവും ഇസ്റയേൽ അനുകൂലവുമായ നിലപാടായിരുന്നു അമേരിക്ക നിർലജ്ജം സ്വീകരിച്ചത്. ഏതായാലും അത്ര തീവ്രമായൊരു നിലപാട് ബൈഡൻ സ്വീകരിക്കില്ല എന്നാണ് എല്ലാവരും പ്രതീക്ഷിക്കുന്നത്. താൻ ഒരു സയണിസ്റ്റാണെന്ന് സ്വയം പല തവണ ആവർത്തിച്ചു പറഞ്ഞയാളാണ് ബൈഡൻ. എങ്കിലും അദ്ദേഹം ട്രംപിനേക്കാൾ നീതി പൂർവ്വകമായ ഒരു നിലപാടായിരിക്കും ഫലസ്തീനികളോടും സ്വീകരിക്കുക എന്നാണ് ലോകം കരുതുന്നത്. അത്പോലെ ഇറാനുമായുണ്ടാക്കിയ ആണവക്കരാറിൽ നിന്നും ഏകപക്ഷീയമായി പിന്മാറി ഉപരോധം പ്രഖ്യാപി

ച്ച ട്രംപിന്റെ തെറ്റ് ബൈഡൻ തിരുത്തുമോ? അമേരിക്ക ആദ്യം എന്ന് അമേരിക്കൻ പൊങ്ങച്ചവും അമേരിക്കൻ ദേശീയതയും വെള്ള വംശീയതയും പച്ചക്ക് പറഞ്ഞ് അമേരിക്കക്കാരെ ഉന്മാദാവസ്ഥയിലെത്തിച്ച് സുഖിപ്പിക്കുന്ന ഒരു തരം താഴ്ന്ന ചടുല രാഷ്ട്രീയമായിരുന്നു ട്രംപിന്റെ രീതി. ബൈഡന് ട്രംപിന്റെ എല്ലാ നയങ്ങളിൽ നിന്നും അദ്ദേഹം വിചാരിച്ചാലും ഒരു സമൂലമാറ്റം സാദ്ധ്യമല്ല. കോൺഗ്രസ്സിൽ ബൈഡന്റെ കക്ഷിക്ക് വ്യക്തമായ ഭൂരിപക്ഷമില്ല എന്നതാണ് കാരണം. അമേരിക്ക കുടിയേറ്റത്തിലൂടെ രൂപംകൊണ്ട് ഒരു നവീന രാജ്യമാണ് എന്ന വസ്തുത വിസ്മരിച്ച് ഈയ്യിടെ അമേരിക്കയിലേക്ക് വന്ന കുടിയേറ്റക്കാരോട് യുദ്ധം പ്രഖ്യാപിക്കുന്ന ഒരു സമീപനമാണ് ട്രംപ് സ്വീകരിച്ചത്. കുടിയേറ്റക്കാരോടുള്ള ഉദാരനയം ബൈഡന്റെ തിരഞ്ഞെടുപ്പ വാഗ്ദാനം കൂടിയാണ്. അദ്ദേഹം അത് പാലിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ലോകാരോഗ്യ സംഘടനയിൽ നിന്നും ട്രംപിന്റെ കാലത്തെ അമേരിക്കൻ പിന്മാറ്റം ഏറെ വിമർശിക്കപ്പെട്ടതാണ്. അമേരിക്കയെപ്പോലെ ശക്തമായ ഒരു രാജ്യത്തിന്റെ പിന്തുണ ഏറ്റവും കൂടുതൽ ആവശ്യമായ ഒരുകാലത്താണ് ട്രംപ്പിന്റെ പിന്മാറ്റമുണ്ടായത്. ഏതായാലും ലോകാരോഗ്യ സംഘടനയിൽ അമേരിക്ക തിരിച്ചുവരുമെന്ന് ബൈഡൻ ഉറപ്പ് നൽകിയിട്ടുണ്ട്. തിരഞ്ഞെടുപ്പിൽ ഇന്ത്യക്കാരുടെ വോട്ട് ലഭിക്കാൻ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡിയുമായി ചങ്ങാത്തമുണ്ടാക്കി ഇലക്ഷൻ പ്രചാരണം നടത്തുകയും ഏതാനും ചില തന്ത്രപരമായ കരാറുകളിൽ ഏർപ്പെട്ടതൊഴിച്ചാൽ പൊതുവേ ഇന്ത്യാ വിരുദ്ധമായ നിലപാടാണ് ട്രംപ് സ്വീകരിച്ചത്. ഇന്ത്യൻ ഐ ടി വിദഗ്ദരുടെ വിസ റദ്ദാക്കുകയും നിയന്ത്രിക്കുകയും ചെയ്തതും എച്ച് 1 ബി വിസ റദ്ദക്കിയതും, പ്രിഫറേഡ് കൺട്രി എന്ന് പദവിയിൽ നിന്ന് ഇന്ത്യയെ ഒഴിവാക്കിയതും ഇന്ത്യൻ ചരക്കുകൾക്ക് 560 കോടി ഡോളറിന്റെ ഡ്യൂട്ടി ഫ്രീ ലഭിച്ചത് ഒഴവാക്കിയതും ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് ചുങ്കം കൂട്ടിയതും ഇറാൻ എണ്ണ ഇന്ത്യയോട് വാങ്ങരുതെന്ന് വിലക്കിയതും ഇടക്കിടെയുണ്ടാകുന്ന ഉപരോധ ഭീഷണികളും കാലവസ്ഥ വ്യതിയാനത്തിനും കാർബൺ ഉൽസർജ്ജനത്തിന് ഇന്ത്യയെ നിരന്തരം കുറ്റപ്പെടുത്തുകയും ചെയ്യുന്ന പ്രവണതയാണ് ട്രംപിൽ നിന്നും ഇത്വരെ ഉണ്ടായത്. ചൈന എന്ന അമേരിക്കയുടെ വൻ പ്രതിയോഗിയെ മുൻനിർത്തിയുള്ള ഇന്ത്യൻ അനുകൂല നിലപാടും ചൈനയുമായുള്ള താരീഫ് വ്യാപാരയുദ്ധവും തുടരാനാണ് സാദ്ധ്യത. ഭീകര പ്രവർത്തനത്തിന്റെ പോറ്റുഭൂമിയും വളർത്തുഭൂമിയുമായ പാകിസ്താനുമായി അമേരിക്ക ഇതിനകം വളരെ അകന്നിട്ടുണ്ട്. പക്ഷേ അഫ്ഘാനിസ്ഥാനിൽ നിന്നും പിന്മാറുന്ന അമേരിക്കക്ക് ശാക്തിക സന്തുലനം സ്ഥാപിക്കാൻ പാകിസ്താനെ പൂർണ്ണമായും കൈയ്യൊഴിയുമോ എന്ന് കണ്ടിയണം. ഏതായാലും ബൈഡന്റെ അമേരിക്കയും ഇന്ത്യയുമായുള്ള സൗഹൃദം ആഗോള സമാധാനവും മേഖലാ സമാധാനവും മാനവ പുരോഗതിയും ഉണ്ടാക്കട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

പേജ് 16 ൽ നിന്ന് തുടർച്ച

യിക്കേണ്ടതുണ്ട്. തുടർന്നുവരുന്ന അദ്ധ്യായങ്ങളിൽ നാമിതിന് ശ്രമിച്ചിട്ടുണ്ട്. അതിനായി താഴെ പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ കൊടുക്കേണ്ടതുണ്ട്.

ഖുർആനിക വെളിപാടുകൾ ഇറങ്ങുന്ന കാലത്ത് ബൂബോണിക് പ്ളേഗി(Bubonic Plague) ന്റെ പകർച്ചക്ക് കാരണമെന്താണെന്നറിയാമായിരുന്നില്ല. പ്ളേഗ് മറ്റുള്ളവർക്ക് പകരുന്നതിൽ എലികൾക്കുള്ള പങ്കിനെക്കുറിച്ച് അറിയില്ലായിരുന്നു. തീർച്ചയായും എലികളുടെ കടിയല്ല പ്ളേഗ് ഉണ്ടാക്കുന്നത്. ചിറകില്ലാത്ത ചെറിയ ജീവിയായ ചെള്ളി (Flea) ന്റെ അസ്ഥിത്വത്തെക്കുറിച്ച് ആർക്കും അന്നറിയില്ലായിരുന്നു. ആ ചെള്ളായിരുന്നു ഈ മാരക രോഗത്തിന്റെ വാഹകൻ. ഈ ചെറു പ്രാണിയുടെ കടിയിലൂടെയാണ് പ്ളേഗിന് കാരണമായ വൈറസുകൾ മനുഷ്യരിലേക്ക് പകർന്ന് രോഗമുണ്ടാക്കുന്നതെന്നും അന്നറിയില്ലായിരുന്നു. ഖുർആൻ മനുഷ്യകൃതമായ ഒരു ഗ്രന്ഥമായിരുന്നുവെങ്കിൽ പ്ളേഗിന്റെ പകർച്ച *ദാബഃ* എന്ന് വിളിക്കപ്പെടുന്ന ഒരു ജീവിയുടെ കടിയേറ്റിട്ടായിരിക്കണമെന്ന് പ്രവചിക്കാൻ സാധ്യമല്ലായിരുന്നു.

പ്ളേഗ് പരത്തുന്ന ജീവി ഒരു ചെറു ഷഡ്പദ (Insect)മാണെന്ന് ഇന്ന് നമുക്കറിയാം. ഷഡ്പദങ്ങളിൽ ബഹുഭൂരിപക്ഷവും ചിറകുള്ളതാണെന്നും നമുക്കറിയാം. ചിറകില്ലാത്ത ഷഡ്പദങ്ങൾ താരതമേന്യ വളരെ കുറച്ച് മാത്രമേ ഉള്ളൂ. പേൻ, ഇരട്ടവാലൻ, (Silver fish) പ്രത്യുൽപാദനം നടത്താത്ത ചിതൽ എന്നിവ. അവസാനം ഇപ്പോഴാണ് നാം ചെള്ളിനെ പറ്റി അറിയുന്നത്. ചിറകില്ലാത്ത ഷഡ്പദമായ ആ ചെള്ള് ഒരു *ദാബഃ*യാണ്. ഈ ചെള്ളിന്റെ ചില അസാധാരണ ഗുണങ്ങളുടെ അടിസ്ഥാനത്തിലാണ് അതിന് *ദാബഃ* എന്ന് ശരിയായ അർത്ഥമുള്ള പേരിട്ടിരിക്കുന്നത്. അല്ലാത്തപക്ഷം പ്രസക്തമായ ഈ ഖുർആൻ വചനം തെറ്റാണെന്ന് വിലയിരുത്തപ്പെടുമായിരുന്നു.

നാം പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാരുടെ ശ്രദ്ധ ഈ അതുല്യമായ ഉദാഹരണത്തിലേക്ക് വിനയപൂർവ്വം ക്ഷണിക്കുകയാണ്. എന്നിട്ട് അവരുടെ ഹൃദയ മസ്തിഷ്ക്കങ്ങൾ ഇതു സംബന്ധിച്ച് ഗവേഷണം നടത്തുവാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഇത് അവർക്ക് വെറും ആകസ്മികമാണെന്ന് പറഞ്ഞ് ഒഴിവാക്കാനാകുമോ?

പേജ് 20 ൽ നിന്ന് തുടർച്ച

യേശു ജനിച്ചതെന്ന് ലൂക്കോസും പറയുമ്പോൾ യേശുവിന്റെ ജനന തിയതിയും ഒരു പ്രഹേളികയായി മാറുന്നു.

മറ്റൊരു വൈരുദ്ധ്യം ലൂക്കോസ് തന്നെ യേശു ജനിച്ചത് ഹെരോദ യുടെ കാലത്താണ് എന്ന് പറയു ന്നുണ്ട്. അതായത് സെഖര്യായുടെ ഭാര്യയും മറിയയുടെ മച്ചൂനത്തി യായ എലിസബത്ത് വാർദ്ധക്യ ത്തിൽ യോഹന്നാൻ സ്നാപകനെ ഗർഭം ധരിക്കുന്നത് ഹെരോദയുടെ കാലത്താണെന്നും ഗർഭധാരണം നടന്ന് 6-ാം മാസം കന്യാമറിയ ത്തിന് മാലാഖ വന്ന് യേശുവിന്റെ ഗർഭധാരണത്തെ കുറിച്ചുള്ള സുവിശേഷമറിയിച്ചത് എന്നുമുള്ള ബൈബിൾ വചനങ്ങൾ നോക്കൂ: .

**യൂദാ രാജാവായ ഹെരോദോ വിന്റെ കാലത്ത് അബിയായുടെ ഗണത്തിൽ സെഖര്യാ എന്നു പേരായ ഒരു പുരോഹിതൻ ഉണ്ടായിരുന്നു. അഹരോന്റെ പുത്രി മാരിൽ ഒരുവളായിരുന്നു അയാളു ടെ ഭാര്യ. അവളുടെ പേര് എലിസ ബെത്ത്.... ..(മറിയയോട് മാലാഖ പറഞ്ഞു). ഇതാ നിന്റെ ചാർച്ച ക്കാരിയായ എലിസബെത്തും വാർധകൃത്തിൽ ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യയെ ന്ന് വിളിക്കപ്പെട്ടിരിക്കുന്ന അവൾക്ക് ഇത് ആറാം മാസമാണ്. ദൈവ ത്തിന്ന് അസാദ്ധ്യമായി ഒന്നുമില്ല. മറിയം പറഞ്ഞു: ഇതാ ഞാൻ കർത്താവിന്റെ ദാസി. നീ പറഞ്ഞത് പോലെ എനിക്കു സംഭവിക്കട്ടെ. (ലൂക്കോസ് 1:5, 1:36-38)**

ചുരുക്കത്തിൽ ക്രിസ്മസ് ആഘോഷങ്ങൾ റോമൻ പ്രാകൃത മതാചാരങ്ങളിൽ നിന്നും ക്രിസ്തു മതം സ്വാംശീകരിച്ച റോമക്കാർക്ക് പരിചിതമായ സൂര്യദേവന്റ ദിവസമായി ആഘോഷിക്കുന്ന ഒരു ഉത്സവമാണ്. യേശുവിന്റെ ജനനവുമായി ആ ദിവസത്തിന്ന് ബന്ധമില്ല.

**അനുസ്മരണം**

# എ. ക്യു. മുസ്‌ലിം സാഹിബ്:
## കർമ്മനിരതനായ ജനറൽ സെക്രട്ടറി

**അഷ്റഫലി സാഹിബ്**



മണ്ണാർക്കാട് ജമാഅത്തിൽ എ ക്യു മുസ്‌ലിം സാഹിബ്(78) 2020 നവംബർ 4ന് വഫാത്തായി. ഇന്നാലില്ലാഹി..................1965 മുതൽ 1995 വരെയുള്ള കാലഘട്ടങ്ങളിൽ സജീവമായിരുന്നു മുസ്‌ലിം സാഹി ബ്. സിദ്ദീഖ് അമീറലി സാഹിബ് മർഹൂം പ്രസിഡണ്ടായികൊണ്ടുള്ള കേരള സെൻട്രൽ കമ്മിറ്റിയുടെ ജനറൽ സെക്രട്ടറിയായി. പിന്നീട് ഖലീഫത്തുൽ മസീഹ് റാബിഅ് അദ്ദേഹത്തെ 1985 ൽ കേരളത്തിലെ ആദ്യത്തെ അമീർ ആയി നിശ്ചയി ച്ചപ്പോഴും മുസ്‌ലിം സഹിബ് തന്നെ യാണ് ജനറൽ സെക്രട്ടറിയായത്. ഡോ. ബി മൻസൂർ സാഹിബിന്റെ ഇമാറത്ത് കാലത്തും മുസ്‌ലിം സാഹിബ് ആ സ്ഥാനം തുടർന്നു. 1972ൽ മോഗ്രാലിൽ നടന്ന സംസ്ഥാന സമ്മേളനം മുതൽ കേരളത്തിന്റെ വാർഷിക സമ്മേളന ങ്ങൾ നല്ല രീതിയിൽ നടത്തുവാൻ അദ്ദേഹത്തിന് സാധിച്ചു. വിദ്യാർ ത്ഥിയായിരിക്കെ കെ എസ് യു വിലൂടെ കൊല്ലം ഗവ: കോളേജിൽ വിദ്യാർത്ഥി യൂണിയൻ ചെയർമാ നായി. നബിദിനത്തോടനുബന്ധിച്ച് മട്ടന്നൂരിൽ അഹ്മദികൾക്കെതിരെ നടന്ന അക്രമണം അസംബ്ലിയിൽ വരെ ചർച്ചയാക്കാൻ മുസ്ലിം സാഹിബായിരുന്നു മുൻകൈയെടു ത്തത്.

അത്പോലെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ തബ്‌ലീഗ് നടത്താനും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കഴിഞ്ഞു. മാധ്യമ ങ്ങളുമായും സാംസ്കാരിക രംഗ ത്തും രാഷ്ട്രീയരംഗത്തുമുള്ള ഉന്നത വ്യക്തിത്വങ്ങളുമായും അദ്ദേഹത്തിന്ന് ബന്ധമുണ്ടായിരു ന്നു. അദ്ദേഹത്തിന്റെ പിതാവ് ഖഹാർ സാഹിബ് യുവത്വത്തിൽ തന്നെ അഹ്മദിയ്യാ ജമാഅത്ത് സ്വീകരിച്ച വ്യക്തിയായിരുന്നു. മൂത്ത മകന് മുസ്‌ലിം എന്ന് സാധാരണമല്ലാത്ത പേരിട്ടത് മറ്റുള്ളവർ അഹ്മദികളെ അമുസ്‌ലി മാക്കാതിരിക്കാൻ വേണ്ടിയായിരു ന്നു എന്ന് തമാശയായി പറയാറു ണ്ടായിരുന്നു.

2008 ൽ ഹുസൂർ തിരുമനസ്സ് കേരളം സന്ദർശിച്ചപ്പോൾ അദ്ദേഹ ത്തിന്റെ ശ്രമഫലമായി മാതൃഭൂമി യുടെ മുഖ്യപത്രാധിപരായിരുന്ന ഗോപാലകൃഷ്ണൻ നേരിട്ട് വന്ന് ഇന്റർവ്യൂ നടത്തുകയുണ്ടായി. ഇക്കാര്യം ഹുസൂർ തിരുമനസ്സും പിന്നീട് അനുസ്മരിക്കുകയുണ്ടായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമനെ റബ്‌വയിൽ വെച്ചും നാലാമനെ ലണ്ടനിൽ വെച്ചും ശ്രീലങ്കയിൽ വെച്ചും അദ്ദേഹം സന്ദർശിക്കുകയുണ്ടായി. ഹദ്റത്ത് മിയാൻ സാഹിബുമായി വളരെ അടുത്ത ബന്ധം മുസ്‌ലിം സാഹിബ്

പുലർത്തിയിരുന്നു. ഇസ്രയേൽ സന്ദർശിക്കുകയും സത്യദൂതനിൽ ലേഖനം എഴുതുകയുമുണ്ടായി. അല്ലാഹു പരേതന് ജന്നത്തും മഅഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. **ഭാര്യ**: ഫാത്വിമ **മക്കൾ** സക്കീർ മുസ്‌ലിം, ബാസിത് മുസ്‌ലിം, ബഹാർ മുസ്‌ലിം. **മരുമക്കൾ**: ഫസീല, ഷീജ, സിനി.

# എ. ക്യു മുസ്‌ലിം സാഹിബ്

## പി. എം സലീം

ഏകദേശം നാൽപത് വർഷം മുമ്പ്, ഞങ്ങളുടെ കുടുംബം ജമാഅത്തിൽ പ്രവേശിച്ചിട്ടില്ലാത്ത കാലത്ത് മഞ്ചേരിയിലെ ഒരു സംസ്ഥാന സമ്മേളനത്തിൽ എന്റെ പിതാവുമൊത്ത് (പി.യം അബ്ദുല്ലാഹ് സാഹിബ് (മർഹൂം), സ്‌റ്റേറ്റ് ബാങ്ക്) സമ്മേളന വേദിയിൽ വന്നപ്പോൾ മുസ്‌ലിം സാഹിബിനെ ആരോ ഒരാൾ പിതാവിന് പരിചയപ്പെടുത്തിക്കൊടുത്തത് ഞാനോർക്കുന്നു. അന്ന് സംസ്ഥാന സമ്മേളനം മുസ്‌ലിം സാഹിബിന്റെ സജീവ നേതൃത്വത്തിലായിരുന്നു നടന്നിരുന്നത്. തഹജ്ജുദ് നമസ്‌ക്കാരത്തിന് ഇമാമായി നിന്ന മർഹൂം സേട്ട് സാലിഹ് സാഹിബിന്റെ കേട്ടുപരിചയമില്ലാത്ത ശ്രുതിമധുരമായ ഖുർആൻ പരായണം ഞാനിന്നും ഓർക്കുന്നു. മുസ്‌ലിം സാഹിബുമായുള്ള പരിചയം അന്നു തുടങ്ങിയതാണ്. പിന്നീട് മർഹൂം ഹൈദ്രോസ് കുട്ടി സാഹിബുമൊത്ത് തിരൂരിൽ ഞങ്ങൾ താമസം തുടങ്ങി.

ജമാഅത്ത് പ്രവർത്തനവുമായി ബന്ധപ്പെട്ട് കേരളം മുഴുവനും സഞ്ചരിക്കുന്ന കൂട്ടത്തിൽ അദ്ദേഹം തിരൂർ ഭാഗത്ത് ഉണ്ടാവുമെങ്കിൽ ജുമുഅക്ക് ഞങ്ങളോടൊപ്പം കൂടുകയും ഭക്ഷണം കഴിച്ച് സൗഹൃദം പുതുക്കിയും കുശലം പറഞ്ഞുമാണ് അദ്ദേഹം തിരൂർ വിടാറ്. ഒരു മികച്ച സംഘാടകനായിരുന്നു മുസ്‌ലിം സാഹിബ്. തന്റെ ആശയങ്ങൾ മറ്റുള്ളവരുടെ അഭിപ്രായമാക്കി മാറ്റുന്നതിൽ അദ്ദേഹത്തിന് ഒരു പ്രത്യേക വൈഭവം തന്നെ ഉണ്ടായിരുന്നു. ചിട്ടയോടെയുള്ള പ്രവർത്തനമായിരുന്നു അദ്ദേഹത്തിലുണ്ടായിരുന്ന ഒരു മാതൃകാഗുണം. സംസ്ഥാനടിസ്ഥാനത്തിൽ നടത്തിയിരുന്ന പ്രവർത്തനങ്ങൾ ആ കാലത്തെ വല്ലാത്ത ഒരാവേശവും ഊർജ്ജസ്വലതയും ഗൃഹാതുര സ്മരണകളായി ഹൃദയത്തിൽ നിൽക്കുന്നു. സംസ്ഥാന സമ്മേളനങ്ങൾ അന്ന് അഹ്മദികൾക്ക് ഒരു പെരുന്നാൾ പോലെയാണ് അനുഭവപ്പെട്ടത്. ഒരു സമ്മേളനം അടുത്ത സമ്മേളനത്തിലേക്കുള്ള ഊർജ്ജ സംഭരണിയായിരുന്നു. അക്കാലത്തെ സംസ്ഥാന സമ്മേളനങ്ങളിലെ നിറസാന്നിദ്ധ്യമായിരുന്നു മുസ്‌ലിം സാഹിബ്. 1987ൽ കുറ്റിപ്പുറത്ത് മുജാഹിദ് സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ഒരു എക്സിബിഷൻ വിജയകരമായി സംഘടിപ്പിക്കാൻ മുസ്‌ലിം സാഹിബായിരുന്നു മുൻകൈയ്യെടുത്തത്. ചെറുപ്പക്കാരോട് വളരെ ഹൃദ്യമായും കർശനമായും ഉചിതജ്ഞതയോടെ അദ്ദേഹം പെരുമാറി. ആദ്യത്തെ സംസ്ഥാന ഖായിദ് ടി. കെ മഹ്മൂദ് സാഹിബും എസ് സലീം സാഹിബും പി പി ഹസ്സൻ കോയ സാഹിബും ഈ വിനീതനും തൽസ്ഥാനത്തിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഭാഗത്ത് നിന്നും നല്ല സഹായ സഹകരണങ്ങൾ ലഭിച്ചിട്ടുണ്ട്. കേരളത്തിൽ ആദ്യമായി ഒരു മൊബൈൽ വാൻ വാങ്ങി പ്രചാരണം നടത്തിയതിന്ന് പിന്നിൽ അദ്ദേഹത്തിന്റെ ആശയമായിരുന്നു. ആരോഗ്യപരമായ കാരണങ്ങളാൽ അദ്ദേഹം കുറെ വർഷമായി വിശ്രമ ജീവിതത്തിലായിരുന്നു. ജമാഅത്തിന് വേണ്ടി അവിസ്മരണീയമായ സേവനങ്ങൾ നൽകിയ അദ്ദേഹത്തിന്ന് അല്ലാഹു പരലോകത്ത് ഉന്നത സ്ഥാനങ്ങൾ നൽകി അനുഗ്രഹിക്കട്ടെ.

# മറിയം ബീവി സാഹിബ

കടലായി: ചേലക്കര ജമാഅത്തിലെ ഡോ. പി. പി മുഹമ്മദ് സാഹിബിന്റെ ഭാര്യ മറിയം ബീവി സാഹിബ 23/10/2020ന് മകളുടെ വീട്ടിൽ വെച്ച് വഫാത്തായി. ഇന്നാലില്ലാഹി ............വളരെ സാത്വികയായിരുന്ന പരേത അതീവ ഭക്തയും നമസ്ക്കാരം കൃത്യതയോടെ നിർവ്വഹിക്കുന്നതിലും വിശുദ്ധ ഖുർആനും ഹദീസുകളും ദുആകളും ഹൃദിസ്ഥമാക്കുന്നതിലും പ്രത്യേക ശ്രദ്ധ പുലർത്തിയിരുന്ന മഹതിയായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ആദ്യകാലങ്ങളിൽ വളരെ ത്യാഗങ്ങൾ അനുഷ്ഠിച്ച അവർ പാവങ്ങളോട് വളരെ അനുഭാവം കാട്ടി. മൂസിയായിരുന്നു. ഖാദിയാനിൽ ജൽസകളിൽ സ്ഥിരമായി പോവുകയും ജമാഅത്തിനോട് വളരെ കൂറ് പ്രകടിപ്പിക്കുകയും ചെയ്തു. അല്ലാഹു പരേതക്ക് ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. **മക്കൾ**: മർഹൂം അബൂബക്കർ സാഹിബ്, ബുഷ്റ മാലിക്ക് സാഹിബ **മരുമക്കൾ**: അബ്ദുൾ മാലിക്ക് സാഹിബ് (സദർ, കടലായി), റുഖ്യാബക്കർ സാഹിബ.

***- ജുനൈദ് അഹ്മദ്, കടലായി***

# വി. കെ. ജമീല സാഹിബ

എറണാകുളം കാക്കനാട് ജമാഅത്തിലെ വി.കെ. ജമീല (66) 2020 നവംബർ 21ന് വഫാത്തായി. ഇന്നാലില്ലാഹി..... കാക്കനാട് ജമാഅത്തിന്റെ ആദ്യകാല അംഗവും മുൻ പ്രസിഡന്റുമായ പരേതനായ ഇ.എം. ഹൈദ്രോസ് സാഹിബിന്റെ ഭാര്യയാണ്. അല്ലാഹു പരേതക്ക് ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. മക്കൾ: ഇ.എച്ച്. ഷൗക്കത്ത് ബീവി, ഇ.എച്ച്. ഹഫ്സത്ത്, ഇ.എച്ച്. നജീബ്. മരുമക്കൾ: പരേതനായ എസ്. മുഹമ്മദ് സലീം, നിഹാദ് അഹ്മദ്, എ.എ. മുംതാസ്.

Published on 07.12.2020
Pages 44
Vol: 92 Issue. 12
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly


## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ**
**ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com


Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim